/samakalikajanapadham/ /prd.kerala.gov.in/publications

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് | കേരള സർക്കാർ

₹12

# സമകാലിക ജനപഥം

2026 ജനുവരി പുസ്തകം 12 ലക്കം 6



## നാട്ടിലും മറുനാട്ടിലും ഒപ്പം

പ്രവാസിക്ഷേമത്തിലെ കേരളമാതൃക

ഒരുമിച്ചു മുന്നേറാം നവകേരളത്തിലേക്ക്

നവകേരളം പുതുവഴിയിൽ
പിണറായി വിജയൻ സർക്കാർ
10-ാം വർഷത്തിലേക്ക്

കേരള സർക്കാർ
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

# ജനക്ഷേമം ഉറപ്പാക്കി ജനങ്ങളോടൊപ്പം തുടരും



ക്ഷേമപെൻഷൻ
1600 ൽ നിന്ന്
2000 രൂപയിലേക്ക്

സ്ത്രീ സുരക്ഷാ
പെൻഷൻ
1000 രൂപ

നൈപുണ്യ കോഴ്സുകൾ
ചെയ്യുന്ന വിദ്യാർത്ഥികൾക്ക്
Connect to work
scholarship 1000 രൂപ

റബറിന്റെ
താങ്ങു വിലയും
നെല്ലിന്റെ സംഭരണ
വിലയും വർധിപ്പിച്ചു

ആശാ വർക്കർമാർക്ക്
ഓണറേറിയം ₹8000
അംഗനവാടി
വർക്കർമാർക്ക്
ഓണറേറിയം ₹13500
അംഗനവാടി ഹെൽപ്പർമാർക്ക്
ഓണറേറിയം ₹9000

കുടുംബശ്രീ എഡിഎസ്
പ്രവർത്തന ഗ്രാൻഡ്
പ്രതിമാസം
1000 രൂപ

# തുടരുന്ന മുന്നേറ്റം...

gitZest

മയക്കുമരുന്ന് ഉപയോഗം, വിപണനം ശ്രദ്ധയിൽപ്പെട്ടാൽ അറിയിക്കുക
ഹെൽപ്പ് ലൈൻ നമ്പർ 1933 9497979794, 9497927797

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

**സമകാലിക ജനപഥം**

2026 ജനുവരി 1 • പുസ്തകം 12 • ലക്കം 6

**എഡിറ്റർ** ടി വി സുഭാഷ് ഐ എ എസ്
**അഡീഷണൽ എഡിറ്റർ** കെ ജി സന്തോഷ് **ഡെപ്യൂട്ടി എഡിറ്റർ** നാഫിഹ്.എം
**എഡിറ്റർ-ഇൻ-ചാർജ്** കെ എസ് ഇന്ദുശേഖർ
**അസിസ്റ്റന്റ് എഡിറ്റർ** ഡെസ്നി സുൽഹ് **സർക്കുലേഷൻ ഓഫീസർ** മെർലിൻ ജെ എൻ
**കവർ & ലേഔട്ട്** രതീഷ് കുമാർ (ഡിജിക്രോ) **ടൈപ്പ് സെറ്റിങ്** വിനിത വി എസ്

എഡിറ്റോറിയൽ >>

# പ്രവാസിക്ഷേമം ഉറപ്പാക്കുന്ന കേരളം



സുദീർഘവും അനുഭവസമ്പന്നവുമായ ഒരു പ്രവാസചരിത്രമുണ്ട് മലയാളിക്ക്. കടലുകൾ താണ്ടി ജീവിതം കരുപ്പിടിപ്പിക്കാനായുള്ള ആ യാത്രകൾ ഇന്ന് ചെന്നെത്താത്ത ദേശങ്ങളില്ല. മലയാളി ജീവിതങ്ങൾ ഇല്ലാത്ത നാടുകളുമില്ല. നമ്മുടെ സാമൂഹിക, സാമ്പത്തികമേഖലകളുടെ ഗതി നിർണ്ണയിക്കാനാവുന്ന തരത്തിൽ പ്രാധാന്യമുള്ളതായി മാറിയിരിക്കുന്നു മലയാളി പ്രവാസം. പ്രവാസത്തിന്റെ ഫലമായി കേരളം കൈവരിച്ച നേട്ടങ്ങൾ തിരിച്ചറിഞ്ഞുകൊണ്ട് പ്രവാസിസമൂഹത്തിന്റെ ക്ഷേമം ഉറപ്പാക്കുന്ന നയങ്ങളും നടപടികളുമാണ് സംസ്ഥാനസർക്കാർ കൈക്കൊണ്ടുവരുന്നത്. വിദേശത്തുമാത്രമല്ല നാട്ടിലും പ്രവാസിക്കൊപ്പമുണ്ടാവുന്നു സർക്കാർ. നോർക്ക റൂട്ട്സും പ്രവാസിക്ഷേമനിധിബോർഡും പ്രവാസിക്ഷേമത്തിനായി പ്രതിജ്ഞാബദ്ധമായി ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കിവരുന്നു. കേരളപ്പിറവിദിനം മുതൽ നോർക്ക കെയർ എന്ന പേരിൽ പ്രവാസികൾക്കും കുടുംബങ്ങൾക്കുമായി നടപ്പായ സമഗ്ര ആരോഗ്യ, അപകട ഇൻഷുറൻസ് പദ്ധതിയാണ് ഒടുവിൽ എടുത്തുപറയേണ്ടത്. നിലവിൽ 132,034 പ്രവാസികേരളീയ കുടുംബങ്ങൾ എൻറോൾ ചെയ്തിട്ടുണ്ട്. ഏകദേശം അഞ്ചുലക്ഷത്തിനു മുകളിൽ കുടുംബങ്ങൾക്ക് പ്രയോജനകരമായ പദ്ധതി രാജ്യത്താദ്യമാണ്.

ലോകമെമ്പാടുമുള്ള മലയാളികൾക്ക് ഒന്നുചേരാനും പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾ ജനപ്രതിനിധികൾക്കൊപ്പമിരുന്ന് ചർച്ച ചെയ്യാനും നാടിന്റെ വികസനപ്രക്രിയയിൽ പങ്കാളിത്തം വഹിക്കാനും ഒരു പൊതുവേദി രൂപപ്പെടുത്തിയും സംസ്ഥാനം മാതൃകയായി. അതാണ് 2018 ൽ തുടക്കം കുറിച്ച ലോക കേരള സഭ. ഈ ജനുവരി 29 മുതൽ 31 വരെ കേരളനിയമസഭ അഞ്ചാമത് ലോക കേരള സഭയ്ക്ക് വേദിയാവുകയാണ്. പ്രവാസികൾക്കായി കേരളം കൈക്കൊള്ളുന്ന ക്ഷേമപദ്ധതികൾ പരിചയപ്പെടുത്തുന്നതാണ് ഈ ലക്കം ജനപഥം. പ്രവാസജീവിതം അവസാനിപ്പിച്ച് തിരികെയെത്തുന്നവർക്ക് സംസ്ഥാനം എങ്ങനെ താങ്ങായി തുടരുന്നുവെന്നതിന്റെ അനുഭവസാക്ഷ്യങ്ങളും വായിക്കാം.

**ടി വി സുഭാഷ് ഐ എ എസ്**
എഡിറ്റർ

2026 JANUARY 1 VOLUME 12 ISSUE 6 E-MAIL : prdmalayalam@gmail.com WEBSITE : www.prd.kerala.gov.in


**പ്രതികരണങ്ങൾ അയക്കേണ്ട വിലാസം**
എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
ഇമെയിൽ prdmalayalam@gmail.com
ഫോൺ 0471 2518171

**വരിക്കാരാകാൻ 120 രൂപയുടെ മണി ഓർഡർ**
ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ്
വകുപ്പ്, എഡിറ്റോറിയൽ വിഭാഗം, ഒന്നാം നില,
സെക്രട്ടേറിയറ്റ് അനക്സ്-1, തിരുവനന്തപുരം-1
ഫോൺ 0471 2517036
ഇമെയിൽ iocirculation@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും

/samakalikajanapadham/ /prd.kerala.gov.in/publications/ https://janapadham.kerala.gov.in/

# ഉള്ളടക്കം




5 ഒരുമിച്ചു മുന്നേറാം നവകേരളത്തിലേക്ക്
പിണറായി വിജയൻ

9 പ്രവാസികൾക്ക് ഒരു പൊതുവേദി
പി. ശ്രീരാമകൃഷ്ണൻ

12 പ്രവാസികൾക്കായുള്ള നോർക്ക റൂട്ട്സ് പദ്ധതികൾ

22 പ്രവാസി സൗഹൃദ നാട്
അഡ്വ. ഗഫൂർ പി ലില്ലീസ്

26 ആഗോള അവസരങ്ങളിലേക്ക് സുരക്ഷിതപാത
കെ പി അനിൽകുമാർ

29 മടങ്ങിയെത്തിയവർ പുതുജീവിതത്തിലേക്ക്

34 പ്രവാസിയുടെ സ്വത്വം
എതിരൻ കതിരവൻ

36 ഓഖിയുടെ കരുത്തിൽ പ്രവാസകേരളം
ഡോ. ബാജു ജോർജ്ജ്

38 പ്രവാസത്തിന്റെ വർണ്ണരാജികൾ
ഡോ. അപർണ അജിത്

41 പ്രവാസികൾക്കായി പ്രവാസി പ്രതിഭാപുരസ്കാരം

42 കുടിയേറ്റത്തിന്റെ നവീനനയങ്ങളും സാധ്യതകളും
വിശാൽ ഉദയകുമാർ

44 കടൽ കടക്കാനൊരു കൈത്താങ്ങ്
അൻഫിയ എ

46 അറിവുലകം

48 'സന്ദേശം' അതൊന്നേയുള്ളൂ
സഫറാസ് അലി

പിണറായി വിജയൻ
മുഖ്യമന്ത്രി



# ഒരുമിച്ചു മുന്നേറാം നവകേരളത്തിലേക്ക്

വിജ്ഞാനാധിഷ്ഠിത വികസനത്തിന്റെ നവകേരളത്തിലേക്കുള്ള ചുവടുവെപ്പുകളുമായി നാം ഒരു പുതിയ വർഷത്തിലേക്ക് കൂടി പ്രവേശിക്കുകയാണ്. സമൃദ്ധിയുടെയും സമാധാനത്തിന്റെയും വികസനത്തിന്റെയും പുതിയ വെളിച്ചം വീശുന്ന കാലമാണിത്. കഴിഞ്ഞ ഒരു ദശാബ്ദക്കാലമായി കേരളം സാക്ഷ്യം വഹിക്കുന്നത് വലിയ മാറ്റങ്ങൾക്കാണ്. സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ വികസനത്തിന്റെയും സാമൂഹിക സുരക്ഷയുടെയും ഉൾപ്പെടെ എല്ലാ രംഗത്തും ലോകശ്രദ്ധ ആകർഷിക്കുന്ന 'കേരള മാതൃക' നാം സൃഷ്ടിച്ചു. ഇത് കേവലം ഭരണപരമായ ഇടപെടൽ മാത്രമല്ല, മറിച്ച് മതനിരപേക്ഷതയിലും സമഭാവനയിലും ജനാധിപത്യത്തിലും അധിഷ്ഠിതമായ ഒരു സാമൂഹിക മുന്നേറ്റം കൂടിയാണ്.



ജനങ്ങളുടെ ജീവിതഭാരം ലഘൂകരിക്കുകയെന്നത് ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. അതിന്റെ ഭാഗമായാണ് സാമൂഹിക സുരക്ഷാരംഗത്ത് ഗൗരവമായ ഇടപെടലുകൾ സർക്കാർ നടത്തിവരുന്നത്. സാമൂഹിക സുരക്ഷാപെൻഷനുകൾ 2,000 രൂപയായി വർധിപ്പിച്ചത് പാവപ്പെട്ടവരോടുള്ള ഈ സർക്കാരിന്റെ കരുതലിന്റെ തെളിവാണ്. 64 ലക്ഷത്തോളം പേർക്കാണ് ഇന്ന് കൃത്യമായി പെൻഷൻ എത്തിക്കുന്നത്. ഇതിനുപുറമെ, മറ്റ് വരുമാന മാർഗങ്ങളില്ലാത്ത വീട്ടമ്മമാർക്ക് പെൻഷൻ ഉറപ്പാക്കാനുള്ള വിപ്ലവകരമായ തീരുമാനം സ്ത്രീശാക്തീകരണരംഗത്തെ സുപ്രധാന നാഴികക്കല്ലാണ്.

നാടിന്റെ ആരോഗ്യ-ശുചിത്വ പ്രവർത്തനങ്ങളിൽ രാപകൽ പണിയെടുക്കുന്ന ആശാവർക്കർമാർ അടക്കമുള്ള സ്കീം വർക്കർമാരുടെ ഓണറേറിയം വർധിപ്പിച്ചത് അവരുടെ അധ്വാനത്തിന് നൽകുന്ന അംഗീകാരമാണ്. വിവിധ മത്സരപരീക്ഷകൾക്കോ നൈപുണ്യപരിശീലനത്തിലോ പങ്കെടുക്കുന്ന യുവതി-യുവാക്കൾക്കായി കണക്ട് ടു വർക്ക് സ്കോളർഷിപ്പുകൾ പ്രഖ്യാപിച്ചതും വിദ്യാഭ്യാസ മേഖലയിലെ പൊതുനിക്ഷേപം വർധിപ്പിച്ചതും നവകേരളത്തിന്റെ അടിത്തറ ഭദ്രമാക്കാനാണ്. ഒരു വശത്ത് കേന്ദ്ര സർക്കാർ ജനക്ഷേമ പദ്ധതികളിൽ നിന്ന് പിന്മാറുമ്പോൾ, മറുവശത്ത് സാധാരണക്കാരെ ചേർത്തുപിടിക്കുന്ന ഈ ജനപക്ഷ ബദലാണ് കേരളത്തെ വ്യത്യസ്തമാക്കുന്നത്; അതും വികസനത്തിൽ മുന്നേറ്റം സൃഷ്ടിച്ചുകൊണ്ടുതന്നെ.

കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ കേരളം കൈവരിച്ച നേട്ടങ്ങൾ ലോകത്തിനുതന്നെ അത്ഭുതമാണ്. ആർദ്രം മിഷനിലൂടെ നമ്മുടെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങളായി മാറി. ഏറ്റവും ആധുനികമായ ചികിത്സാസൗകര്യങ്ങൾ സാധാരണക്കാരന് സൗജന്യമായി സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കി. ശിശുമരണനിരക്ക് കുറയ്ക്കുന്നതിലും ശരാശരി ആയുർദൈർഘ്യം ഉയർത്തുന്നതിലും വികസിതരാഷ്ട്രങ്ങളോട് കിടപിടിക്കുന്ന നേട്ടമാണ് നാം സ്വന്തമാക്കിയത്. ഹൃദയം മാറ്റിവയ്ക്കൽ പോലുള്ള ഏറ്റവും ആധുനികമായ ശസ്ത്രക്രിയകൾ പോലും നമ്മുടെ സർക്കാർ ആശുപത്രികളിൽ നടക്കുകയാണ്.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ നമ്മുടെ സർക്കാർ വിദ്യാലയങ്ങൾ ഹൈടെക് ആയി മാറി. പൊതുവിദ്യാലയങ്ങളിൽ നിന്ന് കൊഴിഞ്ഞുപോയ കുട്ടികൾ തിരികെ എത്തുന്ന കാഴ്ചയാണ് നാം കണ്ടത്. ലോകോത്തര നിലവാരമുള്ള ലാബുകളും സ്മാർട്ട് ക്ലാസ് മുറികളും ഇന്ന് നമ്മുടെ സാധാരണക്കാരന്റെ മക്കൾക്ക് അന്യമല്ല. കേരളത്തെ ഒരു ആഗോള വൈജ്ഞാനിക സമൂഹമായി പരിവർത്തിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഗൗരവമായ ഇടപെടലുകളാണ് സംസ്ഥാന സർക്കാർ നടത്തിവരുന്നത്. കാലഹരണപ്പെട്ട രീതികളെ പാടെ ഉപേക്ഷിച്ചുകൊണ്ട്, 2024-25 അധ്യയന വർഷം മുതൽ നടപ്പിലാക്കിയ നാല് വർഷ ബിരുദ കോഴ്സുകൾ വിദ്യാർഥികൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള പഠനസൗകര്യവും ഗവേഷണ അഭിരുചിയും വളർത്താൻ സഹായിക്കും. കരിക്കുലം പരിഷ്കരണത്തിലൂടെയും ഡിജിറ്റൽ സർവകലാശാല പോലുള്ള നൂതന സംവിധാനങ്ങളിലൂടെയും വൈജ്ഞാനിക ഉൽപാദനത്തിനൊപ്പം തൊഴിൽ നൈപുണ്യവും ഉറപ്പാക്കാനാണ് ശ്രമിക്കുന്നത്. പഠനത്തോടൊപ്പം ഇന്റേൺഷിപ്പും പ്രായോ



ഗിക പരിശീലനവും നൽകുന്നതിലൂടെ നമ്മുടെ യുവതയെ ലോകത്തെവിടെയും മത്സരിക്കാൻ പ്രാപ്തരാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

ഒരു കാലത്ത് തകർച്ചയുടെ വക്കിലായിരുന്ന കെ എസ് ആർ ടി സിയെ ശാസ്ത്രീയമായ പരിഷ്കാരങ്ങളിലൂടെ ലാഭത്തിലേക്കും ജനപ്രീതിയിലേക്കും നയിക്കാൻ ഈ സർക്കാരിന് സാധിച്ചു. ഗതാഗത രംഗത്ത് ആധുനിക സാങ്കേതികവിദ്യകൾ നടപ്പിലാക്കിയും പുതിയ ഇലക്ട്രിക് ബസുകൾ നിരത്തിലിറക്കിയും പരിസ്ഥിതി സൗഹൃദഗതാഗതത്തിന് നാം തുടക്കം കുറിച്ചു. കെ-സ്വിഫ്റ്റ് സർവീസുകൾ ചുരുങ്ങിയ കാലംകൊണ്ട് തന്നെ ജനങ്ങൾ ഏറ്റെടുത്തു കഴിഞ്ഞു. അഴിമതിരഹിതമായ ഭരണനിർവഹണവും കൃത്യമായ ആസൂത്രണവും വഴി പൊതുഗതാഗത സംവിധാനത്തെ കൂടുതൽ കാര്യക്ഷമമാക്കാനും സാമ്പത്തികമായി സുസ്ഥിരമാക്കാനും നമുക്ക് സാധിച്ചു.

വ്യവസായങ്ങളുടെ ഹബ്ബായി കേരളം മാറുകയാണ്. 'നിക്ഷേപസൗഹൃദകേരളം' എന്നത് കേവലം ഒരു മുദ്രാവാക്യമല്ല, മറിച്ച് പ്രായോഗികമായ യാഥാർഥ്യമാണ്. ഈസ് ഓഫ് ഡൂയിങ് ബിസിനസ് റാങ്കിങ്ങിൽ കേരളം കൈവരിച്ച മുന്നേറ്റം രാജ്യത്തിനുതന്നെ മാതൃകയാണ്. നിക്ഷേപകർക്ക് മാത്രമല്ല, തൊഴിലാളികൾക്കും മികച്ച സുരക്ഷയും അന്തസ്സും ഉറപ്പാക്കുന്ന തൊഴിൽസൗഹൃദ അന്തരീക്ഷമാണ് ഇവിടെയുള്ളത്. സൂക്ഷ്മ - ചെറുകിട - ഇടത്തരം മേഖലയിൽ സംഭവിച്ചിട്ടുള്ള മാറ്റം നമ്മുടെ നാടിന്റെ സാമ്പത്തികഭദ്രത വർധിപ്പിക്കുകയും ലക്ഷക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

ഈ വ്യവസായ കുതിപ്പിന് കരുത്തുപകരുന്നത് കേരളത്തിലെ മികച്ച സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റമാണ്. ലോകത്തിലെ തന്നെ മികച്ച സ്റ്റാർട്ടപ്പ് കേന്ദ്രങ്ങളിലൊന്നായി കേരളം ഇന്ന് മാറിയിരിക്കുന്നു. കേരള സ്റ്റാർട്ടപ്പ് മിഷന്റെ നേതൃത്വത്തിൽ അയ്യായിരത്തിലധികം സ്റ്റാർട്ടപ്പുകളാണ് ഇന്ന് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്. ഗ്ലോബൽ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം റിപ്പോർട്ടിൽ ഉൾപ്പെടെ കേരളം പരാമർശിക്കപ്പെട്ടു. മാത്രമല്ല, നിരവധി അന്താരാഷ്ട്ര അംഗീകാരങ്ങൾ നമ്മുടെ സ്റ്റാർട്ടപ്പുകളെ തേടിയെത്തുന്നുമുണ്ട്.

യുവാക്കൾ കേവലം തൊഴിലന്വേഷകർ എന്നതിൽ നിന്നു മാറി തൊഴിൽദാതാക്കളായി മാറുന്ന കാഴ്ചയാണ് കാണുന്നത്. സ്റ്റാർട്ടപ്പുകൾക്ക് ആവശ്യമായ മൂലധന സഹായം, മെന്റർഷിപ്പ്, ഇൻകുബേഷൻ സൗകര്യങ്ങൾ എന്നിവ സർക്കാർ ഉറപ്പാക്കുന്നു. നമ്മുടെ യുവാക്കളുടെ സർഗാത്മകമായ ആശയങ്ങൾക്ക് വിപണി കണ്ടെത്താനും ആഗോളതലത്തിൽ തങ്ങളുടെ സാന്നിധ്യം ഉറപ്പിക്കാനും ഈ സാഹചര്യം വലിയ സഹായമാണ് നൽകുന്നത്. ഐടി മേഖലയ്ക്കപ്പുറം കൃഷി, മത്സ്യബന്ധനം, ഡിജിറ്റൽ ഗവേണൻസ്, ആതുരസേവനം തുടങ്ങിയ മേഖലകളിലും സ്റ്റാർട്ടപ്പുകൾ വിപ്ലവം സൃഷ്ടിക്കുകയാണ്.

കേരളം കടക്കെണിയിലാണെന്ന് പ്രചരിപ്പിച്ച് പുകമറ സൃഷ്ടിക്കുന്നവർക്കുള്ള മറുപടി നമ്മുടെ വളർച്ചാകണക്കുകളാണ്. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ പതിനഞ്ച് വർഷംകൊണ്ട് മൂന്നര മടങ്ങ് വളർന്നിരിക്കുന്നു. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപാദനം 2011-12 ലെ 3.64 ലക്ഷം കോടി രൂപയിൽ നിന്ന് 2024-25 ൽ 12.49 ലക്ഷം കോടി രൂപയായാണ് വളർന്നിരിക്കുന്നത്. കേരളത്തിന്റെ കടം കുറയുകയാണെന്നും രാജ്യത്തെ സംസ്ഥാനങ്ങളിൽ കടത്തിന്റെ കണക്കിൽ പതിനഞ്ചാം സ്ഥാനത്ത് മാത്രമാണ് കേരളം എന്നുമുള്ള രേഖകളും കേന്ദ്രസർക്കാർ തന്നെ ഔദ്യോഗികമായി പുറത്തുവിട്ടു.



> സംസ്ഥാനങ്ങളുടെ പ്രതിശീർഷ വരുമാനത്തിന്റെ കണക്കിൽ പതിനൊന്നാം സ്ഥാനത്തു നിന്ന് ഏഴാം സ്ഥാനത്തേക്ക് കേരളം ഉയർന്നതു സംബന്ധിച്ച വാർത്തകളും കഴിഞ്ഞ ദിവസങ്ങളിൽ പുറത്തു വന്നു. ഇതെല്ലാം മലയാളിക്ക് അഭിമാനം പകരുന്ന വാർത്തകളാണ്

കേരളം കൈവരിച്ച ഏറ്റവും വലിയ നേട്ടമാണ് അതിദാരിദ്ര്യമുക്ത സംസ്ഥാനം എന്ന പദവി. സ്വന്തമായി ശബ്ദിക്കാൻ പോലും കഴിയാതെ സമൂഹത്തിന്റെ അരികുകളിലേക്ക് തള്ളപ്പെട്ട കുടുംബങ്ങളെ കണ്ടെത്തി അവരെ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ നമുക്ക് സാധിച്ചു. ഭക്ഷ്യസുരക്ഷ, ആരോഗ്യസംരക്ഷണം, വരുമാന മാർഗങ്ങൾ എന്നിവ ഉറപ്പാക്കി ദാരിദ്ര്യത്തിന്റെ വേരുകൾ തന്നെ അറുത്തുമാറ്റുന്ന ശാസ്ത്രീയമായ രീതിയാണ് കേരളം അവലംബിച്ചത്.

പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനൊപ്പം വിജ്ഞാനാധിഷ്ഠിത

സംസ്ഥാനങ്ങളുടെ പ്രതിശീർഷ വരുമാനത്തിന്റെ കണക്കിൽ പതിനൊന്നാം സ്ഥാനത്തു നിന്ന് ഏഴാം സ്ഥാനത്തേക്ക് കേരളം ഉയർന്നതു സംബന്ധിച്ച വാർത്തകളും കഴിഞ്ഞ ദിവസങ്ങളിൽ പുറത്തു വന്നു. ഇതെല്ലാം മലയാളിക്ക് അഭിമാനം പകരുന്ന വാർത്തകളാണ്. കേരളത്തിന്റെ സാമ്പത്തികരംഗത്തെക്കുറിച്ച് നുണകൾ പ്രചരിപ്പിക്കുന്നവർക്ക് അസ്വസ്ഥതയുണ്ടാക്കുന്ന വാർത്തകളാണിവ.  ജനങ്ങളെ ചേർത്തുപിടിച്ചുകൊണ്ട് എങ്ങനെ ഒരു നാടിനെ വളർത്താം എന്ന കേരളത്തിന്റെ മാതൃക തങ്ങളുടെ കോർപ്പറേറ്റ് പ്രീണനനയങ്ങൾക്ക് ഭീഷണിയാണെന്ന് തിരിച്ചറിയുന്നവരാണ് വികസന



നോർക്ക കെയർ പദ്ധതിയുടെ ഉദ്ഘാടനം തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു

ത്തിന് തുരങ്കം വയ്ക്കുന്നത്.

എല്ലാവർക്കും വീട് എന്ന ലക്ഷ്യം ലൈഫ് മിഷനിലൂടെ നാം സാക്ഷാത്കരിക്കുക യാണ്. ഇതുവരെ നാലേമുക്കാൽ ലക്ഷ ത്തോളം കുടുംബങ്ങൾക്ക് അടച്ചുറപ്പുള്ള വീടുകൾ ലഭിച്ചു. കേന്ദ്രവിഹിതം തുലോം കുറവായിരുന്നിട്ടും സംസ്ഥാന സർക്കാർ തന്നെ മുൻകൈ എടുത്ത് പാവപ്പെട്ടവ ന്റെ സ്വപ്നം യാഥാർഥ്യമാക്കി. ഇതിനെ അട്ടിമറിക്കാൻ പല ഏജൻസികളെയും ഉപയോഗിച്ച് ചിലർ ശ്രമിച്ചു എങ്കിലും ജനകീയ പിന്തുണയോടെ നാം അതിനെ അതിജീവിച്ചു.

മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ അതിജീവിതർക്കായി സർക്കാർ നിർമ്മി ക്കുന്ന ടൗൺഷിപ്പിൽ 200 വീടുകളുടെ കോൺക്രീറ്റ് പൂർത്തിയായി. കൽപ്പറ്റ നഗ രത്തിൽ ഒരുക്കുന്ന ടൗൺഷിപ്പിൽ മുഴുവൻ ഗുണഭോക്തൃ കുടുംബങ്ങൾക്കുമുള്ള വീടു കളുടെ കോൺക്രീറ്റ് ജനുവരി 15 ന് മുമ്പ് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. വാഗ്ധാനങ്ങൾ പാലിക്കുക എന്നതാണ് ഈ സർക്കാരിന്റെ മുഖമുദ്ര എന്ന് തെളിയി ക്കുന്നതാണിവയൊക്കെ.

കേരളത്തിന്റെ വികസനനേട്ടങ്ങളെ പ്പോലെ തന്നെ പ്രധാനമാണ് ഇവിടുത്തെ സാമൂഹിക അന്തരീക്ഷം. ഇന്ത്യയുടെ പല ഭാഗങ്ങളിലും വർഗീയവിദ്വേഷവും വിഭാഗീ യതയും വേരുപിടിക്കുമ്പോൾ, മതനിരപേ ക്ഷതയുടെ കരുത്തുറ്റ കോട്ടയായി കേരളം നിലകൊള്ളുന്നു. ഈ മതനിരപേക്ഷ ചിന്താഗതിയാണ് കേരളത്തിന്റെ വികസ നത്തിന് ആധാരശിലയായി വർത്തിക്കു ന്നത്. മനുഷ്യനെ മനുഷ്യനായി കാണുന്ന, പരസ്പരം സ്നേഹിക്കുകയും സഹായിക്കു കയും ചെയ്യുന്ന ഈ സംസ്കാരം സംരക്ഷിക്കപ്പെടേണ്ടതുണ്ട്.

വർഗീയത നാടിന്റെ ഐക്യത്തെ തകർ ക്കാൻ ശ്രമിക്കുമ്പോൾ, അതിനെതിരെ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടം നയിക്കാൻ നമുക്ക് സാധിക്കണം. അധികാരത്തിനു വേണ്ടി വർഗീയ ശക്തികളുമായി സന്ധി ചെയ്യുന്ന അവസരവാദ രാഷ്ട്രീയത്തിനല്ല, മറിച്ച് എല്ലാ വിഭാഗം ജനങ്ങളെയും ചേർ ത്തുപിടിക്കുന്ന ജനപക്ഷ ബദലിനാണ് ഈ കാലഘട്ടത്തിൽ പ്രസക്തി. ഇതാണ് ഈ സർക്കാരിന്റെയും നിലപാട്. അതുകൊ ണ്ടുതന്നെയാണ് കഴിഞ്ഞ 10 വർഷത്തി നുള്ളിൽ വർഗീയ സംഘർഷങ്ങളോ, ന്യൂന പക്ഷ വേട്ടയോ ഇല്ലാത്ത സംസ്ഥാനമായി കേരളം നിലനിൽക്കുന്നത്.

ഇന്ന് നാം നേരിടുന്ന ചോദ്യം ലളിതമാണ്: വികസനവും സമാധാനവും തുടരണോ അതോ വർഗീയതയും വികസനവിരുദ്ധ തയും നാടിനെ തകർക്കണോ? നവ കേരള നിർമ്മിതിക്ക് വേഗം കൂട്ടാനും മതനിരപേക്ഷ കേരളത്തെ കൂടുതൽ കരുത്തോടെ കാത്തുസൂക്ഷിക്കാനും ഈ സർക്കാരിന്റെ ജനപക്ഷ ബദലുകൾ തുടരേണ്ടതുണ്ട്. നാളത്തെ കേരളം എങ്ങ നെയായിരിക്കണം എന്നതിന് കൃത്യമായ ഒരു വികസന രൂപരേഖ സർക്കാരിനുണ്ട്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് 'വിഷൻ 2031'.

വരും വർഷങ്ങളിൽ കേരളത്തിന്റെ ആഭ്യ ന്തര ഉൽപാദനം ഇരട്ടിയാക്കാനും, ഓരോ കുടുംബത്തിന്റെയും ജീവിതനിലവാരം വിക സിതരാഷ്ട്രങ്ങൾക്ക് സമാനമാക്കാനുമാണ് നാം ലക്ഷ്യമിടുന്നത്. കൃത്രിമബുദ്ധി, ഡാറ്റ സയൻസ് തുടങ്ങിയ നവീന സാങ്കേതിക വിദ്യകളിൽ കേരളത്തെ ആഗോളകേന്ദ്ര മാക്കുക, ഉന്നത വിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർ ത്തുക, കാർഷിക-വ്യവസായ മേഖല കളിൽ മൂല്യവർധിത ഉൽപന്നങ്ങളുടെ വിപ്ലവം സൃഷ്ടിക്കുക എന്നിവയാണ് വിഷൻ 2031-ലൂടെ സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. പരിസ്ഥിതി സൗഹൃദമായ ഹരിത സമ്പദ് വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനും ആധുനിക അടിസ്ഥാന സൗകര്യ വികസനത്തിനും ഇതിൽ വലിയ പ്രാധാന്യമാണ് നൽകുന്നത്.

ഭാവി തലമുറയുടെ ആഗ്രഹങ്ങൾക്കൊപ്പം സഞ്ചരിക്കാൻ സർക്കാർ പൂർണ്ണമായും പ്രതിജ്ഞാബദ്ധമാണ്. കേരളത്തെ വെറുമൊരു ഉപഭോക്തൃ സംസ്ഥാനമായി നിലനിർത്താതെ, ലോകത്തിന് ഉൽ പന്നങ്ങളും സേവനങ്ങളും നൽകുന്ന ഉൽപാദന കേന്ദ്രമായി മാറ്റാൻ നാം മുന്നിട്ടിറങ്ങുകയാണ്. വികസനത്തിന്റെ ഗുണഫലങ്ങൾ എല്ലാ വിഭാഗം ജനങ്ങ ളിലേക്കും തുല്യമായി എത്തുന്നു എന്ന് സർക്കാർ ഉറപ്പുവരുത്തും.

നാടിന്റെ ഭാവിവികസനത്തിനുള്ള നിർദേശങ്ങളും ആശയങ്ങളും പൊതുജ നങ്ങളിൽ നിന്നും സ്വരൂപിക്കുന്നതിനായി സിറ്റിസൺസ് റെസ്പോൺസ് പ്രോഗ്രാം എന്നൊരു പദ്ധതി ആരംഭിച്ചിരിക്കുന്നു. ഓരോ പ്രദേശത്തിന്റെയും വികസന ആവശ്യങ്ങൾ മനസ്സിലാക്കി അവിടങ്ങ ളിൽ അനുയോജ്യമായ വികസനം എത്തി ക്കുന്നതിനും പുതിയ തൊഴിലവസരങ്ങൾ, പദ്ധതികൾ എന്നിവയിൽ ജനകീയ അഭിപ്രായം രൂപീകരിക്കുന്നതിനും ക്ഷേമ പ്രവർത്തനങ്ങൾ എല്ലാ പ്രദേശങ്ങളിലും ആവശ്യകതയ്ക്കനുസരിച്ച് ലഭ്യമായോ എന്ന കാര്യത്തിൽ അഭിപ്രായം തേടുന്നതിനും ഈ പദ്ധതി സഹായകരമാണ്. നവ കേരള സൃഷ്ടിക്ക് കരുത്തുപകരുന്ന ഈ പദ്ധതിയോട് പൊതുസമൂഹമാകെ നല്ല നിലയിൽ സഹകരിക്കണം.

നമ്മുടെ നാടിന്റെ ഐക്യവും വികസന കുതിപ്പും തകർക്കാൻ ശ്രമിക്കുന്നവർക്കു മുന്നിൽ കേരളം കൂടുതൽ കരുത്തോടെ നിലകൊള്ളും. തടസ്സങ്ങൾ പലതുണ്ടാകാ മെങ്കിലും, അചഞ്ചലമായ ഇച്ഛാശക്തിയോ ടെ വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലൂന്നുന്ന നവകേരള നിർമ്മിതിക്കായി നമുക്ക് ഒരു മിച്ച് മുന്നേറാം. ജാതിക്കും മതത്തിനുമപ്പുറം മനുഷ്യർ എന്ന നിലയിൽ ഒരുമയോടെ പുതിയ വർഷത്തിലേക്ക് നമുക്ക് നീങ്ങാം. ■

പി. ശ്രീരാമകൃഷ്ണൻ
റസിഡന്റ് വൈസ് ചെയർമാൻ, നോർക്ക റൂട്ട്സ്



**ലോക കേരള സഭ കേരളത്തിന്റെ ആഗോള പ്രവാസി സമൂഹവുമായി ബന്ധം കൂടുതൽ ശക്തിപ്പെടുത്തുകയും പ്രവാസി മലയാളികളുടെ അറിവും അനുഭവവും വിഭവങ്ങളും സംസ്ഥാനത്തിന്റെ സമഗ്രവും സുസ്ഥിരവുമായ വികസനത്തിന് അർഥവത്തായി ഉപയോഗപ്പെടുത്തുന്നതിന് വഴിയൊരുക്കുകയും ചെയ്യുന്നു.**

# പ്രവാസികൾക്ക് ഒരു പൊതുവേദി



അഞ്ചാമത് ലോക കേരള സഭ 2026 ജനുവരി 29, 30, 31 തീയതികളിൽ കേരള നിയമസഭാസമുച്ചയത്തിലെ ആർ.ശങ്കരനാരായണൻ തമ്പി ഹാളിൽ ചേരുകയാണ്. വിദേശരാജ്യങ്ങളിൽ താമസിക്കുന്ന പ്രവാസി മലയാളികൾ (NRKs), ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണപ്രദേശങ്ങളിലെയും മലയാളികൾ, വിദേശജോലി പൂർത്തിയാക്കി കേരളത്തിൽ തിരിച്ചെത്തി പുനരധിവസിച്ച പ്രവാസികൾ എന്നിവരെ ഉൾപ്പെടുത്തി ഏകദേശം 125 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കും.

ലോകമെമ്പാടുമുള്ള മലയാളികളെ ഒന്നിച്ചു കൊണ്ടുവരാനും സംസ്ഥാനത്തിന്റെ വികസനപ്രക്രിയയിൽ പ്രവാസി പങ്കാളിത്തം സ്ഥാപനവൽക്കരിക്കാനുമായി 2018-ൽ ആരംഭിച്ച ശ്രമങ്ങളുടെ ഫലമായാണ് ലോക കേരള സഭ രൂപം കൊണ്ടത്. കേരളത്തിലെ ജനപ്രതിനിധികൾക്കും ആഗോള മലയാളി



നാലാം ലോക കേരള സഭ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു

സമൂഹത്തിനുമിടയിൽ നേരിട്ടുള്ള സംവാദത്തിനുള്ള ഒരു പൊതുവേദിയായി ഇത് പ്രവർത്തിക്കുന്നു. പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും കൂട്ടായ പ്രവർത്തനവും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും കേരളത്തിന്റെ സാമൂഹിക, സാംസ്കാരിക, സാമ്പത്തികവികസനത്തിനായി സൃഷ്ടിപരമായ ആശയങ്ങളും സംഭാവനകളും നൽകുന്നതിനുമാണ് സഭ ലക്ഷ്യമിടുന്നത്. പ്രാദേശിക പ്രശ്നങ്ങൾ കൂടുതൽ ഫലപ്രദമായി പരിഹരിക്കുന്നതിനായി മേഖലാഅടിസ്ഥാനത്തിലും പ്രാദേശികതലത്തിലും ലോക കേരള സഭാ സമ്മേളനങ്ങൾ ഇടയ്ക്കിടെ സംഘടിപ്പിക്കപ്പെടുന്നു.

ഓപ്പൺ ഫോറം എന്നിവ സംഘടിപ്പിക്കും. കുടിയേറ്റവും ഭരണപരിഷ്കാരങ്ങളും; കേരളത്തിലെ കുടിയേറ്റ തൊഴിലാളികളും ആഗോള തൊഴിൽ പ്രവണതകളും; യൂറോപ്പ്, ജിസിസി രാജ്യങ്ങൾ, ഏഷ്യ എന്നിവയുമായി പുതിയ ടാലന്റ് മൊബിലിറ്റി പങ്കാളിത്തങ്ങൾ; തിരിച്ചെത്തിയ പ്രവാസികളുടെ ക്ഷേമം; 2050 വരെ കുടിയേറ്റത്തിന്റെ ഭാവിയും കേരളത്തിന്റെ ജനസംഖ്യാപരിവർത്തനവും; പ്രവാസി നിക്ഷേപവും കേരളത്തിന്റെ ആഗോള വികസന കൊറിഡോറുകളും; വനിതാകുടിയേറ്റം; അവസരങ്ങൾ, വെല്ലുവിളികൾ, നേതൃത്വഭൂമിക; ഭാവ്യന്മുഖമായ ക്ഷേമവും സാമൂഹിക സുരക്ഷാസംവിധാനങ്ങളും

ഡെസ്കുകളും നിലവിൽ നടപ്പിലാക്കുന്ന ഘട്ടത്തിലാണ്.

നാലാം ലോക കേരള സഭയിൽ മുഖ്യമന്ത്രി പിണറായി വിജയൻ പ്രവാസി പ്രതിനിധികളുടെ പ്രധാന ശിപാർശയായ പ്രവാസി മിഷൻ രൂപവൽക്കരണം പ്രഖ്യാപിച്ചിരുന്നു. മിഷൻ രൂപവൽക്കരിച്ച്, പ്രവാസി സമൂഹത്തിന്റെ സജീവ പങ്കാളിത്തത്തോടെ പദ്ധതികൾ രൂപകൽപ്പന ചെയ്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

ലോക കേരള സഭയുടെ വിവിധ സെഷനുകളിൽ ഉയർന്ന മറ്റൊരു പ്രധാന ശിപാർശ പ്രവാസികൾക്കും അവരുടെ

> ഈ മാതൃകയുടെ ഫലപ്രാപ്തി അംഗീകരിച്ചുകൊണ്ട്, മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളും അവരുടെ പ്രവാസി സമൂഹവുമായി ഇടപെടുന്നതിനായി സമാന വേദികൾ രൂപപ്പെടുത്തണമെന്ന് കേന്ദ്ര വിദേശകാര്യമന്ത്രാലയം ശിപാർശ ചെയ്തിട്ടുണ്ട്

ഇതുവരെ ലോക കേരള സഭയുടെ നാല് പതിപ്പുകളും മൂന്ന് മേഖലാസമ്മേളനങ്ങളും വിജയകരമായി നടത്തപ്പെട്ടു. നിലവിൽ 103 രാജ്യങ്ങളെയും 25 ഇന്ത്യൻ സംസ്ഥാനങ്ങളെയും പ്രതിനിധീകരിക്കുന്ന അംഗങ്ങളാണ് സഭയിൽ ഉള്ളത്. ഈ മാതൃകയുടെ ഫലപ്രാപ്തി അംഗീകരിച്ചുകൊണ്ട്, മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളും അവരുടെ പ്രവാസി സമൂഹവുമായി ഇടപെടുന്നതിനായി സമാന വേദികൾ രൂപപ്പെടുത്തണമെന്ന് കേന്ദ്ര വിദേശകാര്യമന്ത്രാലയം ശിപാർശ ചെയ്തിട്ടുണ്ട്.

അഞ്ചാമത് ലോക കേരള സഭയുടെ ഭാഗമായി ഏഴ് മേഖലാതല ചർച്ചകൾ, എട്ട് വിഷയാധിഷ്ഠിത ചർച്ചകൾ, ഒരു

എന്നിവയാണ് പ്രധാന വിഷയങ്ങൾ.

## ശിപാർശകൾ നടപ്പിലാക്കി

ആഗോള മലയാളികൾക്കായി തുടർച്ചയായ ഡിജിറ്റൽ ഇടപെടൽ വേദി വേണമെന്ന ദീർഘകാല ആവശ്യത്തിന് പ്രതികരിച്ച് 'ലോക കേരളം ഓൺലൈൻ' പോർട്ടൽ സർക്കാർ വികസിപ്പിക്കുകയും വിപുലീകരിക്കുകയും ചെയ്തു. നാലാം ലോക കേരള സഭയിൽ അവതരിപ്പിച്ച പ്രധാന ശിപാർശകളായ പ്രവാസി മിഷൻ, നോർക്ക പൊലീസ് സ്റ്റേഷൻ, ലോക കേരളം ഓൺലൈൻ വഴിയുള്ള മാനസികാരോഗ്യവും ആയുർവേദ സേവനങ്ങളും, വിമാനത്താവള ഹെൽപ്

കുടുംബങ്ങൾക്കും സമഗ്രമായ ആരോഗ്യ പരിരക്ഷ ഉറപ്പാക്കേണ്ട ആവശ്യകതയായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നോർക്കയുടെ ഏറ്റവും വലിയതും പുതിയതുമായ സാമൂഹിക സുരക്ഷാപദ്ധതിയായ NORKA CARE ആരംഭിച്ചു. ഈ പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് അഞ്ച് ലക്ഷം വരെ ആരോഗ്യ ഇൻഷുറൻസ് പരിരക്ഷയും പോളിസി ഉടമയ്ക്ക് 10 ലക്ഷം ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് കവറേജും ലഭിക്കുന്നു.

മൂന്നാം ലോക കേരള സഭയുടെ ശിപാർശ പ്രകാരം, നോർക്ക റൂട്ട്സിനായി കേരള ഡിജിറ്റൽ സർവകലാശാല വികസിപ്പിച്ച 'ലോക കേരളം ഓൺലൈൻ' പോർട്ടൽ






മാനസിക കൗൺസലിങ് സേവനങ്ങൾ, ആയുഷ് സേവനങ്ങൾ, കലാമണ്ഡലം കോഴ്സുകൾ എന്നിവ ഉൾപ്പെടുത്തി കൂടുതൽ വിപുലീകരിച്ചുവരികയാണ്.

നാലാം ലോക കേരള സഭയിലെ മറ്റൊരു സുപ്രധാന ശിപാർശയുടെ അടിസ്ഥാനത്തിൽ, കേരളത്തിൽ നിന്നുള്ള അന്തർദേശീയ റിക്രൂട്ട്മെന്റിൽ സുതാര്യത ഉറപ്പാക്കാനും സുരക്ഷിത കുടിയേറ്റം പ്രോത്സാഹിപ്പിക്കാനും നിയമനിർമ്മാണ സാധ്യതകൾ പഠിക്കാൻ 10 അംഗ സമിതിയെ നിയോഗിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. കുടിയേറ്റവുമായി ബന്ധപ്പെട്ട പരാതികൾ സംസ്ഥാനത്തിനകത്ത് തന്നെ പരിഹരിക്കുന്നതിനായി നോർക്ക പൊലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികളും അന്തിമഘട്ടത്തിലാണ്.

വിവിധ രാജ്യങ്ങളിൽ നിന്നുള്ള ഏകദേശം 60 മലയാളി പ്രൊഫഷണലുകളുടെ പങ്കാളിത്തത്തോടെ നോർക്ക പ്രൊഫഷണൽ ആൻഡ് ബിസിനസ് ലീഡർഷിപ്പ് മീറ്റ് സംഘടിപ്പിക്കപ്പെട്ടു. ആരോഗ്യസംരക്ഷണം, ഭാവി സാങ്കേതികവിദ്യകൾ, സുസ്ഥിരത, വിദ്യാഭ്യാസം, സാമൂഹിക വികസനം എന്നീ അഞ്ച് മുൻഗണനാമേഖലകളിൽ കേരളത്തിന്റെ ദീർഘകാല വികസന ദർശനം രൂപപ്പെടുത്തുന്നതിൽ പ്രവാസി പങ്കാളിത്തം ഉറപ്പാക്കുകയാണ് മീറ്റിന്റെ ലക്ഷ്യം. ഇതിന്റെ ഭാഗമായി ഒമ്പത് എക്സ്പ്രഷൻ ഓഫ് ഇന്ററെസ്റ്റ് ഉൾപ്പെടെ 39 പദ്ധതിപ്രസ്താവനകൾ ലഭിക്കുകയും അവ മുന്നോട്ട് കൊണ്ടുപോകാൻ 13 അംഗ ടാസ്ക് ഫോഴ്സ് രൂപവൽക്കരിക്കുകയും ചെയ്തു.

ആദ്യ ലോക കേരള സഭയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രവാസി നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ഹോൾഡിങ് ലിമിറ്റഡ് (OKIHL) സ്ഥാപിക്കപ്പെട്ടു. നിലവിൽ OKIHL നാല് പദ്ധതികൾ നടപ്പിലാക്കുകയാണ്: റസ്റ്റ്സ്റ്റോപ്പ്, നോർക്ക സീനിയർ ലിവിങ്, ഷെർപ്പ സീനിയർ ലിവിങ് , ഷെർപ്പ We Take You to the Top.

ലോക കേരള സഭയുടെ ശിപാർശ പ്രകാരം പ്രവാസി മലയാളികൾ ഉൾപ്പെടെയുള്ള സമഗ്ര ഡാറ്റ ശേഖരിക്കുന്നതിനായി കേരള മൈഗ്രേഷൻ സർവേ 2023 നടത്തുന്നതിന് സർക്കാർ അംഗീകാരം നൽകി. കാനഡ, ഓസ്ട്രേലിയ, യുകെ, യൂറോപ്യൻ രാജ്യങ്ങൾ തുടങ്ങിയ ഉയർന്ന കുടിയേറ്റകേന്ദ്രങ്ങളിൽ പ്രവാസി സംഘടനകളുടെ സജീവ ഇടപെടൽ വ്യക്തമായി കാണപ്പെടുന്നു. കാനഡയിൽ ലോക കേരള സഭ അംഗങ്ങളുടെ നേതൃത്വത്തിൽ മലയാളി ഹെൽപ് ഡെസ്ക് സ്ഥാപിച്ചിട്ടുണ്ട്. ഇത് പഴയതും പുതിയതുമായ കുടിയേറ്റക്കാർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനൊപ്പം, നോർക്കയുടെയും സർക്കാരിന്റെയും പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ പ്രചരിപ്പിക്കുന്ന ഫലപ്രദമായ വേദിയായി പ്രവർത്തിക്കുന്നു. ഈ മാതൃക ജർമ്മനിയിലും നടപ്പിലാക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിക്കുകയാണ്.

കേരളത്തിലെ വിമാനത്താവളങ്ങളിൽ ഹെൽപ് ഡെസ്കുകൾ സ്ഥാപിക്കുന്നതിനുള്ള ലോക കേരള സഭയുടെ മറ്റൊരു പ്രധാന ശിപാർശയും നടപ്പിലാക്കുന്ന ഘട്ടത്തിലാണ്. ഉയർന്ന വിദ്യാഭ്യാസത്തിനായി വിദേശത്തേക്ക് പോകുന്ന വിദ്യാർഥികളുടെ എണ്ണം വർധിച്ചുവരുന്ന സാഹചര്യത്തിൽ സ്റ്റുഡന്റ് മൈഗ്രേഷൻ പോർട്ടൽ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. പോർട്ടൽ പ്രവർത്തനക്ഷമമായാൽ, വിവിധ രാജ്യങ്ങളിലെ സർവകലാശാലകൾ, മാർഗനിർദേശങ്ങൾ, ലഭ്യമായ സൗകര്യങ്ങൾ എന്നിവയെക്കുറിച്ചുള്ള സമഗ്ര വിവരങ്ങൾ വിദ്യാർഥികൾക്ക് ലഭ്യമാകും.

ഈ വിവിധ സംരംഭങ്ങളിലൂടെ ലോക കേരള സഭ കേരളത്തിന്റെ ആഗോള പ്രവാസി സമൂഹവുമായി ബന്ധം കൂടുതൽ ശക്തിപ്പെടുത്തുകയും പ്രവാസി മലയാളികളുടെ അറിവും അനുഭവവും വിഭവങ്ങളും സംസ്ഥാനത്തിന്റെ സമഗ്രവും സുസ്ഥിരവുമായ വികസനത്തിന് അർഥവത്തായി ഉപയോഗപ്പെടുത്തുന്നതിന് വഴിയൊരുക്കുകയും ചെയ്യുന്നു. ■



**വിദേശരാജ്യങ്ങളിലും ഇതര സംസ്ഥാനങ്ങളിലും താമസിക്കുകയും ജോലി ചെയ്യുകയും ചെയ്യുന്ന കേരളീയരുടെ അവകാശസംരക്ഷണം, പ്രശ്നപരിഹാരം, ക്ഷേമപ്രവർത്തനങ്ങൾ എന്നിവ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നതാണ് കേരള പ്രവാസികാര്യവകുപ്പ്. പ്രവാസി കേരളീയരെയും സംസ്ഥാന സർക്കാരിനെയും ബന്ധിപ്പിക്കുന്ന പ്രധാന കണ്ണിയായി പ്രവർത്തിക്കുന്ന ഫീൽഡ് ഏജൻസിയാണ് നോർക്ക റൂട്സ്. സാമൂഹ്യസുരക്ഷാപദ്ധതികൾ, പുനഃസംയോജനപരിപാടികൾ, സമാശ്വാസപദ്ധതികൾ, കുടിയേറ്റ സഹായങ്ങൾ, നിക്ഷേപ പ്രോത്സാഹനം തുടങ്ങി പ്രവാസി ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും നോർക്ക റൂട്സ് സജീവ സാന്നിധ്യമാണ്.**

**അജിത് കൊളശ്ശേരി** സിഇഒ, നോർക്ക റൂട്സ്

## പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികൾ (PDOP)

വ്യാജ റിക്രൂട്ട്മെന്റുകൾ, വിസ തട്ടിപ്പ് എന്നിവയെക്കുറിച്ചുള്ള ബോധവത്ക്കരണം, സുരക്ഷിതമായ തൊഴിൽ കുടിയേറ്റ മാർഗ നിർദേശങ്ങൾ, നോർക്കയുടെ ക്ഷേമ പദ്ധതികൾ എന്നിവയെക്കുറിച്ച് ബോധവത്ക്കരണ പരിപാടികളാണ് പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമിന്റെ ഭാഗമായി സംഘടിപ്പിച്ചു വരുന്നത്. വിദേശ തൊഴിലവസരങ്ങൾ, പൊതുനിയമവ്യവസ്ഥകൾ, വിദേശ സംസ്കാരം, ജീവിതരീതികൾ, തൊഴിൽ നിയമങ്ങൾ, വിസ സ്റ്റാമ്പിങ്, ഇമിഗ്രേഷൻ നടപടികൾ, കസ്റ്റംസ് ക്ലിയറൻസ്, സാമ്പത്തിക സാക്ഷരത എന്നിവ ഉൾപ്പെടുത്തികൊണ്ടാണ് പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പരിശീലനങ്ങൾ നടത്തി വരുന്നത്. ആരോഗ്യമേഖലയ്ക്ക് പുറത്തുള്ളവർക്കായി പി.ഡി.ഒ.പി ജനറിക് എന്ന പേരിലും ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.

**കൂടുതൽ വിവരങ്ങൾക്ക്** 0471- 2770566

## ഓപ്പറേഷൻ ശുഭയാത്ര

അനധികൃത റിക്രൂട്ട്മെന്റ്, വീസ തട്ടിപ്പ്, മനുഷ്യക്കടത്ത് എന്നിവയ്ക്കെതിരെ പരാതി നൽകാം...

വിദേശത്തേയ്ക്കുള്ള അനധികൃത റിക്രൂട്ട് മെന്റ്, വീസ തട്ടിപ്പ്, മനുഷ്യക്കടത്ത് എന്നിവക്കെതിരെ നടപടികളെടുക്കുന്നതിനായുള്ള സംവിധാനമാണ് ഓപ്പറേഷൻ ശുഭയാത്ര. കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിലെ പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസ്, കേരളാ പോലീസ്, നോർക്ക റൂട്ട്സ്, എന്നിവ സംയുക്തമായാണ് പദ്ധതി നടപ്പാക്കുന്നത്. ക്രൈംബ്രാഞ്ച് ഐ.ജി നോഡൽ ഓഫീസറായ ഒരു സ്റ്റേറ്റ് സെല്ലും, ജില്ലകളിൽ ആന്റി ഹ്യൂമൻ ട്രാഫിക്കിങ് യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. വിദേശ തൊഴിൽ തട്ടിപ്പുകളു
മായി ബന്ധപ്പെട്ട പരാതികൾ spnri.pol@kerala.gov.in, dyspnri.pol@kerala.gov.in എന്നീ
ഇ- മെയിലുകൾ വഴിയും, 0471-2721547 എന്ന ഹെൽപ് ലൈൻ നമ്പറിലും അറിയിക്കാം.

**കൂടുതൽ വിവരങ്ങൾക്ക്**
0471- 2770548

# പ്രവാസികൾക്കായുള്ള നോർക്ക റൂട്സ് പദ്ധതികൾ



## നോർക്ക ശുഭയാത്ര പദ്ധതി

വിദേശ രാജ്യങ്ങളിലേക്ക് ജോലി തേടി പോകുന്നവർക്ക് യാത്രയുമായി ബന്ധപ്പെട്ട ചെലവുകൾ കണ്ടെത്തുന്നതിനും വിദേശ രാജ്യങ്ങളിൽ ജോലി ലഭിക്കുന്നതിന് ആവശ്യമായ നൈപുണ്യ പരിശീലനം നേടുന്നതിനും പ്രയോജനപ്രദമായ പദ്ധതിയാണ് നോർക്ക ശുഭയാത്ര. ഈ പദ്ധതിയിലൂടെ ധനകാര്യ സ്ഥാപനങ്ങൾ മുഖേന പലിശ ഇളവോടെ വായ്പ അനുവദിക്കുന്നു.
പ്രസ്തുത പദ്ധതിയ്ക്ക് ചുവടെ പറയുന്ന രണ്ട് ഉപപദ്ധതികളാണുള്ളത്.

പ്രവാസി നൈപുണ്യ വികസന സഹായ പദ്ധതി. (Scheme for Foreign Employability Skilling Assistance) വിദേശ ജോലി നേടുന്നതിനാവശ്യമായ വിദേശ ഭാഷാപരിശീലനം, അതിന്റെ പരീക്ഷാഫീസ്, മറ്റ് റഗുലേറ്ററി പരീക്ഷകൾക്കുള്ള പരിശീലനവും പരീക്ഷാഫീസും, പരിശീലന കാലയളവിലെ ഹോസ്റ്റൽ, ഭക്ഷണം തുടങ്ങിയ ജീവിത ചെലവുകൾ കണ്ടെത്തുന്നതിനും, വിദേശ സർവകലാശാലകളിൽ പ്രവേശനം നേടുന്നതിന് ആവശ്യമായ വിദേശ ഭാഷാപരിശീലനത്തിനും വായ്പ ലഭ്യമാണ്.

വിദേശ തൊഴിലിനായുള്ള യാത്രാ സഹായ പദ്ധതി (Scheme for Foreign Employment Travel Assistance) ഇന്ത്യാഗവൺമെന്റിന്റെ ഇ-മൈഗ്രേറ്റ് പോർട്ടലിൽ പേര് പ്രദർശിപ്പിച്ചിട്ടുള്ളതും രജിസ്റ്റർ ചെയ്യതുമായ റിക്രൂട്ടിങ് ഏജൻസികൾ മുഖേന ലഭിക്കുന്ന ജോബ് ഓഫറിന്റെ അടിസ്ഥാനത്തിൽ വിദേശത്ത് തൊഴിൽ ലഭ്യമായവർക്ക് വിദേശയാത്രയുമായി ബന്ധപ്പെട്ട പ്രാരംഭ ചെലവുകൾ (റിക്രൂട്ടിങ് കമ്പനികൾക്കുള്ള സേവന നിരക്കുകൾ, വിസ സ്റ്റാമ്പിങ് നിരക്കുകൾ, മെഡിക്കൽ പരിശോധന, വിമാന ടിക്കറ്റ്, വാക്സിൻ തുടങ്ങിയവ) കണ്ടെത്തുന്നതിന് വായ്പ ലഭ്യമാണ്.

പദ്ധതി പ്രകാരം പരമാവധി രണ്ട് ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്ന താണ്. വായ്പ തിരിച്ചടക്കേണ്ട പരമാവധി കാലാവധി 36 മാസമാണ്. വായ്പ തവണകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവരുടെ ആദ്യത്തെ ആറുമാസത്തെ മുഴുവൻ പലിശയും തുടർന്നുള്ള 30 മാസത്തെ പലിശയിൽ 4% പലിശയും നോർക്ക മുഖേന തിരികെ നൽകുന്നതാണ്.

### അറിയാം അംഗമാകാം

ലോകത്തെമ്പാടുമുള്ള കേരളീയരായ പ്രവാസികളെ കണ്ടെത്താനും ആവശ്യമായ ഘട്ടങ്ങളിൽ ഇടപെടാനും ഉതകുന്നതിനാണ് ഐ.ഡി കാർഡ് സേവനങ്ങൾ. വിദേശത്ത് ആറ് മാസത്തിൽ കൂടുതൽ ജോലിചെയ്യുകയോ താമസിക്കുകയോ ചെയ്യുന്ന 18 നും 70-നും ഇടയിൽ പ്രായമുള്ള പ്രവാസികൾക്ക് നോർക്ക റൂട്ട്സ് ഐ.ഡി കാർഡിന് അപേക്ഷിക്കാം. വിദേശത്ത് പഠനത്തിന് പോകുന്ന കേരളീയരായ വിദ്യാർഥികൾക്ക് സ്റ്റുഡന്റ് ഐ.ഡി കാർഡ് ലഭിക്കും. മേൽ സേവനങ്ങൾക്ക് അപകട ഇൻഷുറൻസ് പരിരക്ഷയും ലഭിക്കും.



## സ്റ്റുഡന്റ് ഐ.ഡി കാർഡ്




വിദേശത്ത് പഠനത്തിന് പോകുന്ന കേരളീയരായ വിദ്യാർഥികൾക്കായുള്ള തിരിച്ചറിയൽ കാർഡാണ് സ്റ്റുഡന്റ് ഐ.ഡി കാർഡ്. 2020 ഏപ്രിൽ മുതലാണ് ഇത് നിലവിൽ വന്നത്. വിദേശപഠനത്തിന് പ്രവേശനനടപടികൾ പൂർത്തിയാക്കിയ മലയാളി വിദ്യാർഥികൾക്കും നിലവിൽ വിദേശത്ത് പഠിക്കുന്നവർക്കും അപേക്ഷിക്കാം. അപേക്ഷകർക്ക് പതിനെട്ട് വയസ്സ് പൂർത്തിയാക്കിയിരിക്കണം.

### പരിരക്ഷ

അപകടമരണത്തിനു അഞ്ച് ലക്ഷം രൂപവരെ ഇൻഷുറൻസ് പരിരക്ഷയും അപകടം മൂലമുള്ള സ്ഥിരമോ ഭാഗികമോ ആയ വൈകല്യങ്ങൾക്ക് ആനുപാതികമായി രണ്ട് ലക്ഷം രൂപവരെയും ഇൻഷുറൻസ് പരിരക്ഷ.

### യോഗ്യത

വിദേശരാജ്യങ്ങളിലേക്ക് പഠനത്തിനായി അഡ്മിഷൻ നടപടികൾ പൂർത്തിയാക്കിയ മലയാളി വിദ്യാർഥികൾക്കും നിലവിൽ വിദേശത്ത് പഠിക്കുന്നവർക്കും അപേക്ഷിക്കാം. പതിനെട്ട് വയസ്സ് പൂർത്തിയായിരിക്കണം.

### ആവശ്യമായ രേഖകൾ

പാസ്സ്പോർട്ടിന്റെ ഫോട്ടോ പതിച്ച പേജ്, അഡ്രസ്സ് പേജിന്റെ പകർപ്പുകൾ

വിദേശ പഠനം നടത്തുന്നത് തെളിയിക്കുന്ന രേഖകളുടെ പകർപ്പുകൾ /പഠനത്തിന് പോകുന്നവർ അഡ്മിഷൻ നടപടികൾ പൂർത്തിയാക്കിയ രേഖകൾ എന്നിവയുടെ പകർപ്പുകൾ.


അപേക്ഷകന്റെ ഫോട്ടോയും ഒപ്പും.

രജിസ്ട്രേഷൻ ഫീസ് 408 രൂപ ഓൺലൈനായി അടയ്ക്കാവുന്നതാണ്.

സാധുവായ വിസ ഉണ്ടെങ്കിൽ കാലാവധി തീരുന്ന തീയതിക്ക് 3 മാസം മുമ്പ് ഐഡി കാർഡ് പുതുക്കലിനായി അപേക്ഷിക്കാവുന്നതാണ്.

നിർദ്ദിഷ്ട രേഖകളുടെ പകർപ്പുകളും അപേക്ഷാ ഫീസും ഓൺലൈനായി സമർപ്പിക്കണം.

## പ്രവാസി ഐ.ഡി കാർഡ്




വിദേശത്ത് ആറ് മാസത്തിൽ കൂടുതൽ രേഖാമൂലം ജോലി ചെയ്യുകയോ താമസിക്കുകയോ ചെയ്യുന്ന 18 വയസ്സ് പൂർത്തിയായ പ്രവാസികൾക്ക് നോർക്ക റൂട്ട്സ് പ്രവാസി ഐ.ഡി കാർഡിന് അപേക്ഷിക്കാം.
പ്രായം : 18-70

**പരിരക്ഷ**

അപകടം മൂലമുള്ള മരണത്തിന് അഞ്ച് ലക്ഷം രൂപയുടെയും അപകടം മൂലമുള്ള ഭാഗികമോ സ്ഥിരമോ ആയ അംഗവൈകല്യങ്ങൾക്ക് രണ്ട് ലക്ഷം രൂപ വരെയും ഇൻഷുറൻസ് പരിരക്ഷ.

**ആവശ്യമായ രേഖകൾ**

പാസ്സ്പോർട്ടിന്റെ ഫോട്ടോ പതിച്ച പേജ്, അഡ്രസ്സ് പേജ് എന്നിവയുടെ പകർപ്പ്

വിസാ പേജ്/ഇക്കാമ/വർക്ക് പെർമിറ്റ്/റസിഡന്റ് പെർമിറ്റ്.

അപേക്ഷകന്റെ പാസ്പോർട്ട് സൈസ് ഫോട്ടോയും, ഒപ്പും.

കാലാവധി മൂന്ന് വർഷം. പുതുതായി അപേക്ഷിക്കുന്നതിനും കാർഡ് പുതുക്കുന്നതിനും അപേക്ഷഫീസ് 408 രൂപ. ഓൺലൈൻ ആയി അടയ്ക്കാവുന്നതാണ്.

## എൻ.ആർ.കെ ഐ.ഡി കാർഡ്

രണ്ട് വർഷമായി മറ്റു സംസ്ഥാനങ്ങളിൽ ജോലി ചെയ്യുകയോ താമസിക്കുകയോ ചെയ്യുന്ന കേരളീയരായ പ്രവാസികൾക്ക് നോർക്ക റൂട്ട്സ് എൻ.ആർ.കെ ഐ.ഡി കാർഡിന് അപേക്ഷിക്കാം. പ്രായം 18-70

**പരിരക്ഷ**

അപകടം മൂലമുള്ള മരണത്തിന് അഞ്ച് ലക്ഷം രൂപയുടെയും അപകടം മൂലമുള്ള ഭാഗികമോ സ്ഥിരമോ ആയ അംഗ വൈകല്യങ്ങൾക്ക് പരമാവധി രണ്ട് ലക്ഷം രൂപയുടേയും ഇൻഷുറൻസ് പരിരക്ഷ.

**അപേക്ഷിക്കാൻ ആവശ്യമായ രേഖകൾ**

സ്വയം സാക്ഷ്യപ്പെടുത്തിയ ഗവൺമെന്റ് തിരിച്ചറിയൽ രേഖ.

താമസിക്കുന്ന സംസ്ഥാനത്തിലെ രേഖയോ ആധാർ കാർഡിന്റെയോ പകർപ്പ്.

അപേക്ഷകന്റെ പാസ്പോർട്ട് സൈസ് ഫോട്ടോയും ഒപ്പും.

നോർക്ക ഐ.ഡി കാർഡുകളുടെ രജിസ്ട്രേഷന് ആവശ്യമായ എല്ലാ രേഖകളും സ്കാൻ ചെയ്ത് JPEG ഫോർമാറ്റിൽ സമർപ്പിക്കേണ്ടതാണ്.

എല്ലാ ഇൻഷുറൻസ് കാർഡുകളും കേരളത്തിലെ മേൽവിലാസത്തിൽ പോസ്റ്റലായി ലഭിക്കും. നോർക്ക റൂട്ട്സിന്റെ ഡൽഹി, മുംബൈ, ബംഗളൂരു, ചെന്നൈ എൻ.ആർ.കെ ഡവലപ്മെന്റ് ഓഫീസുകൾ വഴിയും ലഭ്യമാണ്.

കാർഡ് ഡിജിറ്റലായും ഡൗൺലോഡ് ചെയ്യാം.

## പ്രവാസി രക്ഷാ ഇൻഷുറൻസ് പോളിസി

വിദേശത്ത് ആറു മാസത്തിൽ കൂടുതൽ ജോലിചെയ്യുകയോ താമസിക്കുകയോ ചെയ്യുന്ന 18 വയസ്സ് പൂർത്തിയായ പ്രവാസികൾക്ക് നോർക്ക റൂട്ട്സ് തിരിച്ചറിയൽ കാർഡിന് അപേക്ഷിക്കാം. പ്രായം 18 -60.

**അപേക്ഷിക്കേണ്ട വിധം**

അപേക്ഷാഫീസായ 661 രൂപ (ഇൻഷുറൻസ് പ്രീമിയം ഉൾപ്പെടെ) ഓൺലൈനായി അടയ്ക്കാവുന്നതാണ്.

**പരിരക്ഷ**

പോളിസ് ഉടമകൾക്ക് പട്ടികപ്രകാരമുള്ള 13 ഗുരുതര രോഗങ്ങൾക്ക് ഒരു ലക്ഷം രൂപവരെ ഇൻഷുറൻസ് പരിരക്ഷ ലഭിക്കും. കൂടാതെ അപകടമരണത്തിന് മൂന്ന് ലക്ഷം രൂപ വരേയും അപകടം മൂലമുള്ള സ്ഥിരമോ ഭാഗികമോ ആയ അംഗവൈകല്യങ്ങൾക്ക് പരമാവധി ഒരു ലക്ഷം രൂപ വരേയും പരിരക്ഷ ലഭിക്കും. രജിസ്ട്രേഡ് മെഡിക്കൽ പ്രാക്ടീഷണറിൽ നിന്നും മെഡിക്കൽ റിപ്പോർട്ടും പരിശോധനാറിപ്പോർട്ടുകൾ ഉൾപ്പെടെയുള്ള അംഗീകാരപത്രവും ലഭ്യമാക്കണം.

ഒരു വർഷമാണ് പോളിസിയുടെ കാലാവധി. തുടർന്ന് പുതുക്കാവുന്നതാണ്.

**ആവശ്യമായ രേഖകൾ**

പാസ്സ്പോർട്ടിന്റെ ഫോട്ടോ പതിച്ച പേജ്, അഡ്രസ് പേജ് എന്നിവയുടെ പകർപ്പ്

വിസാ പേജ്/ഇക്കാമ/ വർക്ക് പെർമിറ്റ്/ റസിഡന്റ് പെർമിറ്റ്

അപേക്ഷകന്റെ പാസ്സ്പോർട്ട് സൈസ് ഫോട്ടോയും ഒപ്പും.

### ഗുരുതര രോഗങ്ങളുടെ പട്ടിക

**സർട്ടിഫിക്കറ്റ്നൽകേണ്ട മെഡിക്കൽ പ്രാക്ടീഷണർ**

1 Cancer - Oncologist
2 Kidney failure (end state renal failure) - Nephrologist
3 Primary pulmonary arterial Hypertension - Cardiologist / Pulmonologist
4 Multiple Sclerosis- Neurologist
5 Major organ transplant - concerned Speciality Doctor / General Surgeon
6 Coronary artery by-pass grafts - CTVs (Cardio Thoracic & vascular surgeon)

## നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ്

പ്രവാസികളുടെയും വിദേശത്തു നിന്നും തിരിച്ചെത്തിയവരുടെയും മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള ധനസഹായമാണ് നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ്. നിലവിൽ വിദേശത്ത് ജോലി നോക്കുന്ന ഇ.സി. ആർ കാറ്റഗറിയിൽപ്പെട്ട പ്രവാസികളുടെയും വിദേശത്തു നിന്നും തിരിച്ചെത്തിയവരുടെയും മക്കൾക്ക് അപേക്ഷിക്കാം. ഇരു വിഭാഗങ്ങളിലും കുറഞ്ഞത് രണ്ട് വർഷം വിദേശത്ത് ജോലി ചെയ്തിരിക്കണം. തിരിച്ചെത്തിയവരുടെ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയരുത്.

15,000 രൂപയാണ് സ്കോളർഷിപ്പ്. അപേക്ഷകർ യോഗ്യതാപരീക്ഷയിൽ കുറഞ്ഞത് 60 ശതമാനം മാർക്കോടെ ബിരുദാനന്തര-ബിരുദ കോഴ്സുകൾക്കോ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾക്കോ നടപ്പ് അധ്യയന വർഷം പ്രവേശനം നേടി യവരായിരിക്കണം. കേരളത്തിലെ സർവകലാശാലകൾ അംഗീകരിച്ച റഗുലർ കോഴ്സുകൾക്ക് അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നവരായിരിക്കണം. ഒറ്റത്തവണയാണ് സ്കോളർഷിപ്പിന് അർഹത. ഒരു പ്രവാസിയുടെ രണ്ട് കുട്ടികൾക്ക് വരെ ഈ പദ്ധതിയിൻ കീഴിൽ സ്കോളർഷിപ്പ് ലഭിക്കുന്നതാണ്.

നോർക്ക റൂട്ട്സിന്റെ www.norkaroots.kerala.gov.in, www.scholarship.norkaroots.org വെബ് സൈറ്റുകൾ സന്ദർശിച്ച് അപേക്ഷനൽകാവുന്നതാണ്.

ബന്ധപ്പെടേണ്ട നമ്പർ-0471-2770528, 2770543

---

## പ്രവാസി നിയമ സഹായ സെൽ (PLAC)

കേരളീയരായ പ്രവാസികളുടെ നിയമ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ മലയാളികളായ അഭിഭാഷകരുടെ സൗജന്യ സേവനം നൽകുന്ന പദ്ധതിയാണ് പ്രവാസി നിയമസഹായ സെൽ. 2019 ൽ ആരംഭിച്ച ഈ പദ്ധതിയിൻ കീഴിൽ കുവൈറ്റ്, ഒമാൻ, യു.എ. ഇ.സൗദി അറേബ്യ, ഖത്തർ എന്നീ രാജ്യങ്ങളിലേക്കായി 10 നോർക്ക ലീഗൽ കൺസൽട്ടന്റുമാരെയാണ് (NLC) നിയമിച്ചിട്ടുള്ളത്. തങ്ങളുടേതല്ലാത്ത കുറ്റങ്ങൾക്കും, ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ ജയിലുകളിൽ കഴിയുന്ന നിരപരാധികളായ പ്രവാസി കേരളീയർക്ക് നിയമസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. കൂടാതെ ആറ് GCC രാജ്യങ്ങളിലും തദ്ദേശീയ നിയമസ്ഥാപനങ്ങളെക്കൂടി നിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

### ലക്ഷ്യങ്ങൾ

നിസ്സാര കേസുകളിൽ അകപ്പെട്ട് നിയമസഹായം ലഭിക്കാതെ ജയിലുകളിൽ കഴിയുന്ന പ്രവാസികേരളീയർക്ക് നിയമോപദേശം, നഷ്ടപരിഹാരം /ദയാഹർജികൾ എന്നിവയിൽ സഹായിക്കുക, നിയമ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക, വിവിധ ഭാഷകളിൽ തർജമ നടത്തുന്നതിനു വിദഗ്ധരുടെ സഹായം ലഭ്യമാക്കുക, എന്നിവയ്ക്കു വേണ്ടി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണിത്.

**അപേക്ഷിക്കുന്നതിനുള്ള അർഹത**

വിദേശത്തു തൊഴിൽ / വിസിറ്റ് വിസയിൽ പോയിട്ടുള്ളവരായിരിക്കണം.

വിദേശ രാജ്യങ്ങളിലെ കോടതികൾ വിധിക്കുന്ന 'ദിയ മണി', കണ്ടു കെട്ടൽ, സാമ്പത്തിക ബാധ്യതകൾ, റിക്കവറി തുടങ്ങിയവയ്ക്ക് ഈ സഹായം ലഭ്യമായിരിക്കുകയില്ല.

**പദ്ധതിയുടെ നിബന്ധനകൾ**

തന്റേതല്ലാത്ത കുറ്റങ്ങൾ മൂലം നിയമപ്രശ്നങ്ങൾ നേരിടേണ്ടിവരുകയും, അതോടൊപ്പം കടുത്ത സാമ്പത്തിക വൈഷമ്യം അനുഭവിക്കുകയും ചെയ്യുന്ന പ്രവാസി മലയാളികളായിരിക്കണം.

ഒരു വർഷമെങ്കിലും വിദേശത്ത് തൊഴിലിനായി കഴിഞ്ഞിട്ടുണ്ടായിരിക്കണം.

അപേക്ഷകർ അറബി ഭാഷയിലുള്ള രേഖകളുടെ തർജമകളും സമർപ്പിക്കേണ്ടതാണ്.

**അപേക്ഷിക്കേണ്ട രീതി**

നിയമസഹായത്തിനായുള്ള പൂരിപ്പിച്ച അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ സഹിതം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക റൂട്ട്സ്, മൂന്നാം നില, നോർക്ക സെന്റർ, തൈക്കാട്, തിരുവനന്തപുരം- 695 014 എന്ന മേൽവിലാസത്തിലോ, ceonorkaroots@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ സമർപ്പിക്കാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് 0471- 2770554

---

7 Aorta graft surgery - CTVs (Cardio Thoracic & vascular surgeon)

8 Heart Valve surgery - CTVs (Cardio Thoracic & vascular surgeon)

9 Stroke- Neurologist

10 Myocardial Infraction (First heart Attack) - Cardiologist

11 Coma - Neurologist

12 Total Blindness - Ophthalmologist

13 Paralysis- Neurologist

നോർക്ക റൂട്ട്സിന്റെ വെബ്സൈറ്റായ (www.norkaroots.kerala.gov.in) വഴി അപേക്ഷ നൽകാവുന്നതാണ്. മറ്റു സംസ്ഥാനങ്ങളിൽ താമസിക്കുന്ന മലയാളികൾ പ്രവാസി ക്ഷേമനിധി അംഗത്വത്തിന് അപേക്ഷിക്കുമ്പോൾ റസിഡൻസ് സർട്ടിഫിക്കറ്റിന് പകരം നോർക്ക റൂട്ട്സ് നൽകുന്ന എൻ.ആർ.കെ ഇൻഷുറൻസ് കാർഡ് ആധികാരിക രേഖയായി സ്വീകരിക്കും. കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പാണ് നൽകേണ്ടത്. ക്ഷേമനിധി അംഗത്വത്തിന് www.pravasikerala.org എന്ന വെബ് സൈറ്റ് വഴി അപേക്ഷിക്കാവുന്നതാണ്.



## നോർക്ക എമർജൻസി ആംബുലൻസ് സർവീസ്

വിദേശത്ത് ജോലി ചെയ്യുന്ന സാമ്പത്തിക പിന്നാക്കാവ സ്ഥയിലുള്ള കേരളീയർ അസുഖബാധിതരായി നാട്ടി ലേക്ക് മടങ്ങേണ്ടി വരുമ്പോഴും പ്രവാസികളുടെ ഭൗതികശരീരം കൊണ്ടുവരുമ്പോഴോ നാട്ടിലെ വിമാന ത്താവളത്തിൽ നിന്നും അവരുടെ വീടുക ളിലും, ബന്ധപ്പെട്ട ആശുപത്രികളിലും സൗജന്യമായി എത്തിക്കുന്നതിന് സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്. കേരളത്തി ലെ നാല് വിമാനത്താവ ളങ്ങളിലും കോയമ്പത്തൂർ, മംഗലാപുരം വിമാനത്താവളങ്ങ ളിലും നോർക്ക എമർജൻസി ആംബു ലൻസ് സേവനം ലഭിക്കും. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ഇതേ സാഹച ര്യത്തിലുള്ള മലയാളികൾക്കും നോർക്ക എമർജൻസി ആംബുലൻസ് സർവീസ് ഉപയോഗിക്കാം.

### സേവനങ്ങൾ ലഭിക്കുന്നത് എങ്ങനെ?

നോർക്ക റൂട്ട്സിന്റെ ഗ്ലോബൽ കോൺടാക്ട് സെന്റർ (1800 425 3939 ഇന്ത്യക്കുള്ളിൽ -0091 880 26 12345- വിദേശത്ത് നിന്നും മിസ്ഡ് കോൾ സർവീസ്) മുഖേനയോ norkaemergancyambulance@gmail.com എന്ന ഇ-മെയിൽ വിലാസത്തിലൂ ടെയോ നാട്ടിലേക്ക് വരുന്ന ആളിന്റെ / ഭൗതിക ശരീരത്തിന്റെ പാസ്പോർട്ട് നമ്പർ, തിരികെയെത്തുന്ന തീയതി, നാട്ടിലു ള്ള പ്രാദേശിക കോൺടാക്ട് നമ്പർ, മേൽ വിലാസം എന്നിവ സമർപ്പിച്ച് സേവനം ഉപയോഗിക്കാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് 0471- 2770513

---

## എമർജൻസി റീപാട്രിയേഷൻ സ്കീം

### അടിയന്തര സാഹചര്യങ്ങളിൽ പ്രത്യേക കരുതൽ

അടിയന്തര സാഹചര്യങ്ങളിൽ വിദേശ രാജ്യങ്ങളിൽ നിന്നും പ്രവാസികളെ തിരിച്ചെത്തിക്കുന്നതിനും, മരണമടയുന്ന പ്രവാസികളുടെ ഭൗതികശരീരം നാട്ടി ലെത്തിക്കുന്നതിനുമായി എമർജൻസി റിപാട്രിയേഷൻ ഫണ്ടും അതിന്റെ ഉപപദ്ധതിയായ നോർക്ക അസിസ്റ്റൻഡ് ബോഡി റീപാട്രിയേഷൻ ഫണ്ടും നിലവിലു ണ്ട്. കുറഞ്ഞ നിരക്കിലുള്ള വിമാനയാത്ര ചെലവ്, അടിയന്തിരമായി ഉണ്ടാകുന്ന മറ്റ് ചെലവുകൾ, ഗുരുതരമായ അപകടങ്ങ ളിൽപ്പെട്ടവരെ വിമാനത്താവളങ്ങളിൽ നിന്നും ആശുപത്രിയിൽ എത്തിക്കാനുള്ള ചെലവ് തുടങ്ങിയവയൊക്കെ ഈ ഫണ്ട് ഉപയോഗിച്ച് ചെയ്തുവരുന്നു.

വിദേശത്ത് മരണമടയുന്ന മലയാളിക ളുടെ ഭൗതീകശരീരം തൊഴിൽദാതാവോ സ്പോൺസറോ എംബസ്സിയോ നാട്ടിലെ ത്തിക്കുകയാണ് ചെയ്തു വരുന്നത്. ഇത് സാധിക്കാതെ വരുന്ന സന്ദർഭങ്ങളിൽ സഹായിക്കുന്നതിനാണ് നോർക്ക അസി സ്റ്റൻഡ് ബോഡി റീപാട്രിയേഷൻ സ്കീം ആവിഷ്കരിച്ചിരിക്കുന്നത്.

### അർഹത

വിദേശത്തുവച്ച് മരിക്കുന്ന പ്രവാസിക്ക് സാധുതയുള്ള ഇന്ത്യൻ പാസ്പോർട്ട് ഉണ്ടായിരിക്കണം. മരണസമയത്ത് അവിടെ നിയമാനുസൃതം താമസിച്ചിരുന്ന / ജോലി ചെയ്തിരുന്ന ആളായിരിക്കണം.

ഇതര സംസ്ഥാനത്തു ജോലി സംബ ന്ധിച്ച ആവശ്യങ്ങൾക്കുവേണ്ടി സഞ്ചരി ക്കുകയോ താമസിക്കുകയോ ചെയ്തിരുന്ന വർക്കും സേവനം പ്രയോജനപ്പെടുത്താം.

**ആവശ്യമായ രേഖകൾ/ പദ്ധതിയുടെ മാർഗനിർദേശങ്ങൾ**

വിദേശരാജ്യങ്ങളിൽ നിന്നും പ്രവാസി കേരളീയരുടെ ഭൗതീകശരീരം നാട്ടിലെ ത്തിക്കുന്നതിനു നോർക്കയുടെ സഹായം ആവശ്യമായ സാഹചര്യത്തിൽ അതാത് സ്ഥലത്തെ അംഗീകൃത പ്രവാസിസംഘ ടന വഴിയോ/നേരിട്ടോ നോർക്ക റൂട്ട്സിലേ ക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**വിദേശത്ത് നിന്ന് ഭൗതീകശരീരം തിരികെ നാട്ടിലെത്തിച്ച വകയിലെ ചെലവുകൾ അനന്തരാവകാശികൾക്ക് റീ ഇമ്പേഴ്സ്മെന്റ് ചെയ്യുന്നതിന് ഹാജരാക്കേണ്ട രേഖകൾ.**

പാസ്പോർട്ട് പകർപ്പ്
മരണ സർട്ടിഫിക്കറ്റ് പകർപ്പ്
പോസ്റ്റുമാർട്ടം സർട്ടിഫിക്കറ്റ് പകർപ്പ്
എംബാമിങ് സർട്ടിഫിക്കറ്റ് പകർപ്പ്
പവർ ഓഫ് അറ്റോർണി പകർപ്പ്
ലീഗൽ ഹയർഷിപ് / ബന്ധുത്വ സർട്ടിഫിക്കറ്റ്
പ്രോസസ്സിങ് ബില്ല് (ഭൗതിക ശരീരം നാട്ടിലേക്കു കൊണ്ട് വന്ന അസ്സൽ കാർഗോ ബിൽ).

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ളവർ പാസ്പോർട്ട് ഒഴികെ മേൽപ റഞ്ഞ രേഖകൾ റീ ഇമ്പേഴ്സ്മെന്റിനായി ഹാജരാക്കേണ്ടതാണ്.

**നടപടിക്രമം**

മരണപ്പെട്ട പ്രവാസിയുടെ നിയമാനുസൃത മുള്ള അനന്തരാവകാശികൾ നിശ്ചിത ഫാറത്തിൽ അപേക്ഷ സമർപ്പിക്കണം.

നോർക്ക www.norkaroots.kerala.gov.in എന്ന വെബ് സൈറ്റിൽ നിന്ന് അപേ ക്ഷാഫാറം ഡൗൺലോഡ് ചെയ്ത് എടുക്കാ വുന്നതാണ്.

അപേക്ഷയിൽ അപേക്ഷകന്റെയും മരണമടഞ്ഞ വ്യക്തിയുടെ പാസ്പോർട്ട് സൈസ് ഫോട്ടോ പതിക്കുകയും മേൽപ്പറ ഞ്ഞ എല്ലാ രേഖകളുടെയും സ്വയം സാക്ഷ്യ പ്പെടുത്തിയ വ്യക്തതയുള്ള പകർപ്പുകൾ ചേർക്കുകയും വേണം.

ആവശ്യപ്പെടുന്ന പക്ഷം പരിശോധന യ്ക്കായി അസ്സൽ രേഖകൾ ഹാജരാക്കേണ്ട താണ്.

**കൂടുതൽ വിവരങ്ങൾക്ക് 0471- 2770513**



# പ്രവാസത്തിനു ശേഷം



## 'സാന്ത്വന' ധനസഹായ പദ്ധതി

നാട്ടിൽ തിരിച്ചെത്തിയ സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ള പ്രവാസികേരളീയരുടെ ക്ഷേമത്തിനായി നടപ്പിലാക്കിവരുന്ന ദുരിതാശ്വാസനിധിയാണ് 'സാന്ത്വന ധനസഹായ പദ്ധതി. പ്രവാസിയുടെ അല്ലെങ്കിൽ ആശ്രിതരായ കുടുംബാംഗങ്ങളുടെ ചികിത്സാച്ചെലവുകൾ വഹിക്കാൻ, മകളുടെ വിവാഹത്തിന്, മരണപ്പെട്ട പ്രവാസിയുടെ ആശ്രിതർക്കുമാണ് പദ്ധതി പ്രകാരം ധനസഹായം ലഭിക്കുക.

## വിവിധ ധനസഹായങ്ങൾ

മരണാനന്തര സഹായം (ആശ്രിതർക്ക്) : 1,00,000 രൂപ വരെ

ഗുരുതരരോഗങ്ങൾക്കുള്ള ചികിത്സാധന സഹായം : 50,000 രൂപ വരെ

(കാൻസർ, ഹൃദ്രോഗ ചികിത്സ ശസ്ത്രക്രിയകൾ, വിട്ടുമാറാത്ത വൃക്ക രോഗങ്ങൾ, ഗുരുതരമായ ന്യൂറോ രോഗങ്ങൾ, വിവിധ അപകടങ്ങൾ മൂലമുള്ള രോഗാവസ്ഥ എന്നിവയ്ക്ക്)

മകളുടെ വിവാഹത്തിന് : 15,000 രൂപ വരെ (വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനുള്ളിൽ അപേക്ഷിക്കണം)

അംഗപരിമിത പരിഹാര ഉപകരണങ്ങൾ വാങ്ങുന്നതിന് : 10,000 രൂപ വരെ (വീൽ ചെയർ, ക്രച്ചസ്, കൃത്രിമ കൈകാലുകൾ മുതലായവയ്ക്ക്)

## ആർക്കൊക്കെ അപേക്ഷിക്കാം ?

രണ്ടു വർഷത്തിൽ കൂടുതൽ വിദേശരാജ്യത്തോ, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലോ ജോലി ചെയ്ത് നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾക്കോ, അവരുടെ കുടുംബാംഗങ്ങൾക്കോ ആണ് പദ്ധതിയിലേയ്ക്ക് അപേക്ഷിക്കാൻ കഴിയുക.

അപേക്ഷകന്റെ വാർഷിക വരുമാനം ഒന്നരലക്ഷം രൂപയിൽ താഴെയായിരിക്കണം.

അപേക്ഷ സമർപ്പിക്കുമ്പോഴും, ധനസഹായം സ്വീകരിക്കുമ്പോഴും അപേക്ഷകൻ വിദേശത്തായിരിക്കാൻ പാടില്ല.

നാട്ടിൽ തിരിച്ചെത്തിയതിനുശേഷം നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷ നൽകേണ്ടതാണ്.

പ്രവാസ സേവന കാലയളവിന് തുല്യമായ കാലയളവിനുള്ളിൽ / പരമാവധി 10 വർഷത്തിനകം. (ഇതിൽ ഏതാണോ കുറവ് ആ കാലയളവിനുള്ളിൽ അപേക്ഷ നൽകേണ്ടതാണ്)

അർഹമായ ഏതെങ്കിലും ഒരു ധനസഹായമേ ഒരാൾക്ക് അനുവദിക്കൂ.

## അപേക്ഷ നൽകേണ്ടത് എങ്ങനെ ?

ഓൺലൈൻവഴി മാത്രമേ അപേക്ഷിക്കാൻ കഴിയൂ.

ഇതിനായി നോർക്ക വെബ്സൈറ്റിൽ സൈൻഅപ് ചെയ്യേണ്ടതാണ്. ഇതിനു ശേഷമേ സാന്ത്വന പദ്ധതിയിലേക്ക് അപേക്ഷ നൽകാൻ കഴിയൂ.

തുടർന്ന് നോർക്കാറൂട്ട്സിന്റെ വെബ്സൈറ്റിലെ www.norkaroots.kerala.gov.in SCHEMES ടാബിൽ നിന്നും SANTHWANA തിരഞ്ഞെടുത്ത് അപേക്ഷാഫോറം പൂരിപ്പിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഓൺലൈൻ നടപടികൾ പൂർത്തിയാക്കുമ്പോൾ താങ്കളുടെ രജിസ്ട്രേഷൻ നമ്പറോടു കൂടിയ പ്രിന്റ് ഔട്ട് ലഭിക്കും. ഇത് തുടരാവശ്യങ്ങൾക്കായി സൂക്ഷിച്ചു വെക്കേണ്ടതാണ്.

അക്ഷയാ കേന്ദ്രങ്ങൾ/ഡിജിറ്റൽ സേവാ കേന്ദ്രങ്ങൾ വഴിയും അപേക്ഷ നൽകാം.

## അപേക്ഷ നൽകുന്നതിനാവശ്യമായ രേഖകൾ

മരണാനന്തര സഹായം അപേക്ഷകൾക്ക് (ആശ്രിതർക്ക്)

രണ്ടു വർഷത്തിലധികം പ്രവാസിയായിരുന്നു എന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ (പാസ്പോർട്ടിന്റെ പകർപ്പുകൾ)

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തിരികെയെത്തിയ അപേക്ഷകരാണെങ്കിൽ പാസ്പോർട്ടിനു പകരമുള്ള രേഖകൾ ഹാജരാക്കണം.

റേഷൻ കാർഡ്

വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്.

മരണ സർട്ടിഫിക്കറ്റ്

അപേക്ഷകന്റെ തിരിച്ചറിയൽ കാർഡ്

പ്രവാസിയുമായുള്ള ബന്ധം തെളിയിക്കുന്ന വില്ലേജ് ഓഫീസിൽ നിന്നുള്ള റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ്

നോൺ റീ മാര്യേജ് സർട്ടിഫിക്കറ്റ്

അന്വേഷണ സമയത്തു ആവശ്യമെങ്കിൽ അനന്തരാവകാശ സർട്ടിഫിക്കറ്റ്

ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്

അന്വേഷണസമയത്ത് ആവശ്യമെങ്കിൽ മറ്റു രേഖകളും

## ചികിത്സാധനസഹായത്തിന്

രണ്ടു വർഷത്തിലധികം പ്രവാസിയായിരുന്നു എന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ (പാസ്പോർട്ടിന്റെ പകർപ്പുകൾ)

റേഷൻ കാർഡ്

വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്.

ഒരു രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർ

നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്.

മെഡിക്കൽ ബില്ലുകൾ

അപേക്ഷകയുടെ ആധാറിന്റെ പകർപ്പ്

ആശ്രിതർക്കാണ് ധനസഹായമെങ്കിൽ അപേക്ഷ നൽകുന്ന വ്യക്തിയുമായുള്ള ബന്ധുത്വ സർട്ടിഫിക്കറ്റ്. (വില്ലേജ് ഓഫീസിൽ നിന്നും)

ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്

അന്വേഷണസമയത്ത് ആവശ്യമെങ്കിൽ മറ്റു രേഖകളും

## മകളുടെ വിവാഹത്തിന്

വിവാഹ സർട്ടിഫിക്കറ്റ്

രണ്ടു വർഷത്തിലധികം പ്രവാസിയായിരുന്നു എന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ (പാസ്സ്പോർട്ടിന്റെ പകർപ്പുകൾ)

റേഷൻ കാർഡ്

വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്.

പ്രവാസിയുമായുള്ള ബന്ധം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (ബന്ധുത്വ സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസിൽ നിന്നും ലഭ്യമാക്കിയത്)

അപേക്ഷകന്റെ ആധാറിന്റെ പകർപ്പ്

ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്

അന്വേഷണസമയത്ത് ആവശ്യമെങ്കിൽ മറ്റു രേഖകളും

## അംഗപരിമിത പരിഹാര ഉപകരണങ്ങൾ വാങ്ങുന്നതിന്

രണ്ടു വർഷത്തിലധികം പ്രവാസിയായിരുന്നു എന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ പാസ്പോർട്ടിന്റെ പകർപ്പുകൾ)

റേഷൻ കാർഡ്

വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്

മെഡിക്കൽ ബോർഡിൽ നിന്നുള്ള ഡിസെബിലിറ്റി സർട്ടിഫിക്കറ്റ്

അപേക്ഷകന്റെ ആധാറിന്റെ പകർപ്പ്

ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്

അന്വേഷണസമയത്ത് ആവശ്യമെങ്കിൽ മറ്റു രേഖകളും

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തിരികെയെത്തിയ പ്രവാസി കേരളീയർക്ക് പാസ്പോർട്ടിനു പകരം പ്രസ്തുത സംസ്ഥാനത്തെ രേഖകൾ ഹാജരാക്കിയാൽ മതിയാകും.

**കൂടുതൽ വിവരങ്ങൾക്ക്**
0471- 2770519, 561, 568, 512

# പുനരധിവാസ പദ്ധതികൾ

## എൻ.ഡി.പി.ആർ.ഇ.എം
## നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രൻസ്

പ്രവാസജീവിതത്തിനു ശേഷം നാട്ടിലേയ്ക്ക് തിരിച്ചുവരാൻ ആഗ്രഹിക്കുന്നവരാണ് മിക്കവരും. മടങ്ങിയെത്തുന്ന പ്രവാസികൾക്ക് നാട്ടിൽസ്വയം തൊഴിലോ, ചെറുകിട സംരംഭങ്ങളോ തുടങ്ങുന്നതിന് അവസരമൊരുക്കുന്നതിന് ലക്ഷ്യമിട്ടുള്ള പുനരധിവാസപദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രൻസ് അഥവ എൻ.ഡി.പി ആർ.ഇ.എം പദ്ധതി. ഇതുവഴി പ്രവാസികൾ സ്വയംപര്യാപ്തരാകുന്നതിനൊപ്പം നാടിന്റെ വികസന മുന്നേറ്റത്തിലും പങ്കാളികളാകാനുള്ള അവസരം കൂടി ലഭ്യമാകുന്നു.

സംരംഭങ്ങൾക്ക് ഒരു ലക്ഷം മുതൽ 30 ലക്ഷം രൂപ വരെയുള്ള സംരംഭക വായ്പകൾക്കാണ് അവസരമുള്ളത്. 15 ശതമാനം മൂലധന സബ്സിഡിയും (പരമാവധി മൂന്നു ലക്ഷം) മൂന്നു ശതമാനം പലിശ സബ്സിഡിയും (നാലു വർഷം വരെ) ലഭിക്കും. സംസ്ഥാനത്തെ 19 ബാങ്കിങ്, ധനകാര്യ സ്ഥാപനങ്ങൾ വഴിയാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. പദ്ധതിക്ക് ആവശ്യമായ പരിശീലനം, ബാങ്കിലേക്ക് ആവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ എന്നീ സേവനങ്ങളും നോർക്ക റൂട്ട്സ് സൗജന്യമായി നൽകുന്നു.

## ആർക്കൊക്കെ അപേക്ഷിക്കാം ?

രണ്ട് വർഷമെങ്കിലും വിദേശരാജ്യത്ത് കഴിഞ്ഞശേഷം തിരിച്ചെത്തിയവർക്കാണ് അപേക്ഷിക്കാൻ കഴിയുക. പ്രവാസി കൂട്ടായ്മകൾ, പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനികൾ, സൊസൈറ്റികൾ എന്നിവർക്കും എൻ.ഡി.പി.ആർ.ഇ.എം പദ്ധതി വഴി അപേക്ഷിക്കാൻ അർഹതയുണ്ട്.

## രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ രേഖകൾ

പാസ്പോർട്ട്, തിരിച്ചറിയൽകാർഡ്, ആധാർകാർഡ്, ഫോട്ടോ, റേഷൻകാർഡ്, പാൻകാർഡ്, പദ്ധതിയെക്കുറിച്ച് ലഘുവിവരണം എന്നിവയും അവയുടെ സ്കാൻചെയ്ത കോപ്പികളും കരുതേണ്ടതാണ്.

## അപേക്ഷിക്കേണ്ടത് എങ്ങനെ ?

ഓൺലൈൻവഴി മാത്രമേ അപേക്ഷിക്കാൻ കഴിയൂ. ഇതിനായി നോർക്കാറൂട്ട്സിന്റെ വെബ്സൈറ്റായ www.norkaroots.kerala.gov.in സന്ദർശിച്ച് SCHEMES വിഭാഗത്തിൽ NDPREM ടാബ് സെലക്ട് ചെയ്ത് അപ്ലൈ നൗ (apply now) ബട്ടൺക്ലിക്ക് ചെയ്ത് റജിസ്റ്റർചെയ്യാം.

അക്ഷയാ കേന്ദ്രങ്ങൾ വഴിയും ഓൺലൈൻ അപേക്ഷ സമർപ്പിക്കാൻ സൗകര്യമുണ്ട്.

തുടങ്ങാൻ ഉദ്ദേശിക്കുന്ന പദ്ധതി, പദ്ധതിക്കാവശ്യമായ തുക, ലോണിനായുള്ള ധനകാര്യ സ്ഥാപനത്തിന്റെ വിവരം (നോർക്കയുമായി ധാരണയിലുള്ള 19 ധനകാര്യസ്ഥാപനങ്ങളിൽനിന്നും സ്വീകാര്യമായവ) എന്നിവ രജിസ്ട്രേഷനിൽ രേഖപ്പെടുത്തേണ്ടതാണ്.

രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുമ്പോൾ NDPREM റജിസ്ട്രേഷൻ നമ്പറോടുകൂടിയ പ്രിന്റ് ഔട്ട് ലഭിക്കും.

അപേക്ഷ പൂരിപ്പിച്ച് ഫോട്ടോ പതിച്ച് പാസ്പോർട്ടിന്റെ ഒറിജിനലുമായി നോർക്കാറൂട്ട്സിന്റെ ഹെഡ്ഓഫീസിൽ നേരിട്ടോ, തപാൽമാർഗമോ സമർപ്പിക്കാം.

## തപാലായി അയക്കുന്നതിന്

പൂരിപ്പിച്ച അപേക്ഷയോടൊപ്പം പാസ്പോർട്ടിന്റെ ഫോട്ടോ പേജ്, അഡ്രസ് പേജ്, രണ്ടു വർഷത്തിൽ കൂടുതൽ വിദേശത്തായിരുന്നു എന്നു തെളിയിക്കുന്നതിനാവശ്യമായ പാസ്പോർട്ട് പേജുകളുടെ കോപ്പികൾ സഹിതം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക റൂട്ട്സ്, തൈയ്ക്കാട് പി.ഒ, തിരുവനന്തപുരം - 695014 എന്ന വിലാസത്തിൽ തപാൽമാർഗവും അയയ്ക്കാവുന്നതാണ്. കവറിനു പുറത്ത് NDPREM ആപ്ലിക്കേഷൻ ഫോം എന്ന് രേഖപ്പെടുത്തേണ്ടതാണ്.

പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെടുന്ന പ്രവാസിസംരംഭകർക്ക് കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ വഴിയും എൻ.ഡി.പി.ആർ.ഇ.എം പദ്ധതിയിലേയ്ക്ക് അപേക്ഷിക്കാൻ കഴിയും.

## നോർക്ക വനിതാമിത്ര
### പ്രവാസി വനിതകൾക്കായുള്ള സംരംഭക വായ്പാ പദ്ധതി

എൻ.ഡി.പി.ആർ.ഇ.എം പദ്ധതിയുടെ ഭാഗമായി പ്രവാസിവനിതകൾക്കായി നടപ്പിലാക്കുന്ന സംരംഭക വായ്പാപദ്ധതിയാണ് വനിതാമിത്ര.

**സവിശേഷതകൾ**

നോർക്ക NDPREM പദ്ധതിയുടെ ഭാഗമായി പ്രവാസി വനിതകൾക്കു മാത്രമായുള്ള പദ്ധതി.

നോർക്കാ റൂട്ട്സും വനിതാവികസന കോർപ്പറേഷനും ചേർന്ന് ആവിഷ്കരിച്ചിരിക്കുന്ന സംരംഭക വായ്പാപദ്ധതി.

രണ്ടു വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തു മടങ്ങിയെത്തിയ പ്രവാസി വനിതകൾക്ക് അപേക്ഷിക്കാം.

സംരംഭങ്ങൾക്ക് 30 ലക്ഷം രൂപവരെയുള്ള വായ്പകൾ.

15 ശതമാനം മൂലധന സബ്സിഡിയും മിതമായ പലിശനിരക്കും.

വനിതാവികസന കോർപ്പറേഷന്റെ www.kswdc.org എന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കാം.



## പ്രവാസി ഭദ്രത

കോവിഡ്-19 മഹാമാരി ലോകവ്യാപകമായി പ്രവാസികേരളീയരുടെ തൊഴിലിനെയും തൊഴിൽ സാധ്യതകളെയും ബാധിക്കുകയും ഒട്ടേറെ പേർ തൊഴിൽരഹിതരാവുകയും ചെയ്തു. പല ലോക രാജ്യങ്ങളിലും വ്യാപകമായി തൊഴിൽ നഷ്ടപ്പെട്ട് അസംഖ്യം പേർ നാട്ടിൽ തിരിച്ചെത്തി. ഇതിനു പുറമെ ലോക്ഡൗൺ മൂലമുണ്ടായ യാത്രാവിലക്കു കാരണം പലരും നാട്ടിൽ കുടുങ്ങി. ഈ സാഹചര്യത്തിൽ മടങ്ങിയെത്തിയവരെ പുനരധിവസിപ്പിക്കുകയും, അവർക്ക് നിലനിൽപ്പിനാവശ്യമായ പുതിയ സംരംഭകത്വ പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യേണ്ടത് അനിവാര്യമായി. ഇതിനായി ആവിഷ്ക്കരിച്ച പദ്ധതിയാണ് പ്രവാസി ഭദ്രത. മൂന്ന് തൊഴിൽ സംരംഭക പദ്ധതികളാണ് പ്രവാസി-ഭദ്രതയിൽ ആവിഷ്കരിച്ചിരിക്കുന്നത്.

പ്രവാസി ഭദ്രത - പേൾ (നാനോ എന്റർപ്രൈസസ് അസിസ്റ്റൻസ് സ്കീം)

പ്രവാസി ഭദ്രത - മൈക്രോ (മൈക്രോ എന്റർപ്രൈസസ് അസിസ്റ്റൻസ് സ്കീം)

പ്രവാസി ഭദ്രത - മെഗാ (സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം)

### പ്രവാസി ഭദ്രത - പേൾ
**നാനോ എന്റർപ്രൈസസ് അസിസ്റ്റൻസ് സ്കീം**

അവിദഗ്ധ തൊഴിൽ മേഖലകളിൽ നിന്നുള്ളവരും കുറഞ്ഞ വരുമാനപരിധിയിൽ വരുന്നവരുമായ പ്രവാസി കേരളീയർ/അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്കായി കുടുംബശ്രീ വഴി പലിശരഹിത സംരംഭക വായ്പകളും പിന്തുണ സഹായങ്ങളും നൽകി സാമ്പത്തിക സ്വാശ്രയത്വവും നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

റിവോൾവിങ് ഫണ്ട് മാതൃകയിൽ വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങൾക്ക് സഹായം.

സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വ്യക്തിഗത/ഗ്രൂപ്പ് വായ്പകൾ. രണ്ട് ലക്ഷം രൂപ വരെയുള്ള പലിശരഹിത വായ്പ, രണ്ട് വർഷത്തിനുള്ളിൽ തിരിച്ചടവ്.

### പദ്ധതി നടത്തിപ്പ്

കുടുംബശ്രീ യൂണിറ്റ് മുഖാന്തരം സഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

സംരംഭകത്വ വികസന പരിശീലനം, വൈദഗ്ധ്യ പരിശീലനം എന്നിവ നൽകി സംരംഭത്തിന് സജ്ജമാക്കുന്നതിനോടൊപ്പം സാമ്പത്തിക സഹായവും, പിന്തുണാസഹായവും ഈ പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് നൽകുന്നു.

വായ്പ തിരിച്ചടവായി ലഭിക്കുന്ന തുക മറ്റ് ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുത്തുന്നതിനോടൊപ്പം സംരംഭങ്ങളുടെ തുടർവ്യാപനത്തിനും/വിപുലീകരണ

ത്തിനും ഉപയോഗിക്കുന്നതാണ്.

കുടുംബശ്രീ മിഷൻ മുഖാന്തിരം വിതരണം ചെയ്യുന്ന തുകയുടെ വിനിയോഗം നോർക്ക വകുപ്പ് തല കമ്മിറ്റി അവലോകനം ചെയ്യും.

## പ്രവാസി ഭദ്രത - മൈക്രോ

(മൈക്രോ എന്റർപ്രൈസസ് അസിസ്റ്റൻസ് സ്കീം)

കേരളാ ബാങ്ക്, കെ.എസ്.എഫ്.ഇ എന്നിവ വഴി സ്വയംതൊഴിൽ വായ്പ ലഭ്യമാക്കും.

**പദ്ധതിയുടെ സവിശേഷതകൾ**

5 ലക്ഷം രൂപ വരെയുള്ള വായ്പ.

പദ്ധതി തുകയുടെ 25% പരമാവധി ഒരു ലക്ഷം രൂപ വരെ മൂലധന സബ്സിഡി യായി ലഭിക്കും. ആദ്യ നാലുവർഷം 3% പലിശ സബ്സിഡി.

**പദ്ധതി നടത്തിപ്പ്**

കേരളാ ബാങ്ക്, കെ.എസ്.എഫ്.ഇ ശാഖകൾ വഴി ഈ വായ്പയ്ക്ക് അപേക്ഷിക്കാം. മേൽപ്പറ ഞ്ഞ ധനകാര്യസ്ഥാപനങ്ങൾ വഴി അപേക്ഷ സമർപ്പിച്ച് അനുവദിക്കുന്ന വായ്പകൾക്ക് പദ്ധതി തുകയുടെ 25% പരമാവധി ഒരു ലക്ഷം രൂപ വരെ മൂലധന സബ്സിഡി നൽകും.

കൃത്യമായ തിരിച്ചടവുകൾക്ക് ത്രൈമാസക്കാ ലയളവിൽ പലിശ സബ്സിഡി നൽകും

സബ്സിഡി വിതരണവും അനുബന്ധ മാന ദണ്ഡങ്ങളും നോർക്ക വകുപ്പ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രൻസ് പദ്ധതിയുടെ മാർഗനിർ ദേശങ്ങൾക്ക് വിധേയമായിരിക്കും.

## പ്രവാസി ഭദ്രത മെഗാ

(സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം)

കെ.എസ്.ഐ.ഡി.സി വഴി നടപ്പിലാക്കുന്ന സംരംഭക പദ്ധതിയിൽ ഗുണഭോക്താക്ക ളായ പ്രവാസി കേരളീയർക്കു അനുവദി ക്കുന്ന വായ്പകൾക്ക് പലിശ സബ്സിഡി നൽകുന്നു. 25 ലക്ഷം മുതൽ രണ്ട് കോടി രൂപ വരെയുള്ള വായ്പകൾക്കാണ് പലിശ സബ്സിഡി. 8.25% മുതൽ 8.75% വരെ പലിശ ഈടാക്കുന്ന വായ്പകളിൽ 5% മാത്രം ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കി ബാക്കി 3.25% മുതൽ 3.75% വരെ പലിശ ഗുണഭോക്താക്കൾക്ക് പലിശ സബ്സിഡി ഇനത്തിൽ തിരികെ നൽകും.

**പദ്ധതി നടത്തിപ്പ്**

മടങ്ങി എത്തുന്ന പ്രവാസികൾക്കായി കെ.എ-സ്.ഐ.ഡി.സി നടപ്പിലാക്കുന്ന സംരംഭകത്വ പദ്ധതിയിലെ ഗുണഭോക്താക്കൾക്കുള്ള പലിശ സബ്സിഡി ത്രൈമാസക്കാലയള വിൽ നോർക്ക റൂട്ട്സ് മുഖാന്തിരം വിതരണം ചെയ്യും. കെ.എസ്.ഐ.ഡി.സി ഓഫീസുകൾ വഴി ഈ വായ്പയ്ക്ക് അപേക്ഷിക്കാം.

**കൂടുതൽ വിവരങ്ങൾക്ക്**
**0471- 2770511,518,520,554**

# നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ (NBFC)

സംസ്ഥാനത്തെ നിക്ഷേപസാധ്യതകൾ പ്രവാസി കേരളീയരുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് വിവിധ മേഖലകളിൽ നിക്ഷേപിക്കുവാൻ സന്നദ്ധതയുള്ളവർക്ക് കൈത്താങ്ങായി അവർക്കാവശ്യമായ മാർഗ നിർദേശങ്ങൾ, വിവിധ തരത്തിലുള്ള സംരംഭക സഹായങ്ങൾ നൽകുന്നതിനായി നോർക്ക റൂട്ട്സ് ആവിഷ്ക്കരിച്ചിട്ടുള്ള നൂതന പദ്ധതിയാണ് നോർക്ക ബിസ്സിനസ്സ് ഫെസിലിറ്റേഷൻ സെന്റർ (NBFC).

**ലക്ഷ്യങ്ങൾ**

പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിൽ തിരികെ എത്തിയ പ്രവാസികളുടെ പരിചയസമ്പത്ത് നമ്മുടെ സംസ്ഥാനത്ത് വിനിയോഗിക്കുന്നതിനും അവരിലൂടെ കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്യുക. ഇതിലൂടെ ഒരു സ്ഥിരവരുമാനം തുടർന്നും ലഭിക്കുന്നതിന് റിട്ടേണീസിനെ പ്രാപ്തരാക്കുക.

പ്രവാസി നിക്ഷേപം ആകർഷിച്ച് അതിലൂടെ പ്രവാസി സംരംഭങ്ങൾ ആരംഭിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

**സേവനങ്ങൾ**

ബിസിനസ്സ് സംബന്ധിച്ച ആശയ രൂപീകരണത്തിനുള്ള സഹായം.

ബിസിനസ്സ് രജിസ്ട്രേഷൻ/ലൈസൻസിങ് സംബന്ധിച്ച വിവരങ്ങൾ ഏകജാലക സംവിധാനം (K-SWIFT) വഴി രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗജന്യ സഹായം.

ധനകാര്യ സ്ഥാപനങ്ങൾ/ബാങ്കുകൾ നടപ്പിലാക്കുന്ന വായ്പാ പദ്ധതികൾ, നിബന്ധനകൾ സംബന്ധിച്ച വിവരം.



നോർക്ക റൂട്ട്സ് നടപ്പിലാക്കിവരുന്ന സബ്സിഡി സ്കീമുകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുക.

കേന്ദ്ര, സംസ്ഥാന സർക്കാർ / വിവിധ സർക്കാർ ഏജൻസികൾ വഴി ലഭ്യമാകുന്ന സബ്സിഡി സംബന്ധിച്ച വിവരങ്ങൾ നൽകൽ.

പ്രോജെക്ട് പ്രൊഫൈൽ / ബിസിനസ്സ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള സഹായം.

മുദ്ര ലോൺ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുക.

ഉദ്യം രജിസ്ട്രേഷൻ എടുക്കുന്നതിനുള്ള സൗജന്യ സഹായം.

സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ ആരംഭിക്കുന്നതിനാ വശ്യമായിട്ടുള്ള സംരഭകത്വ വിദഗ്ധ പരിശീലനം.

ഭക്ഷ്യ സംസ്ക്കരണം, ഐടി, അടിസ്ഥാന സൗകര്യ വികസനം, വിനോദ സഞ്ചാര മേഖലയിൽ വിദഗ്ധ പരിശീലനം.

പ്രവാസി നിക്ഷേപസംബന്ധമായ വിഷയങ്ങളിൽ ചാനലൈസിങ് ഏജൻസി ആയി പ്രവർത്തിക്കുക.

പ്രവാസി നിക്ഷേപ സംഗമങ്ങൾ സംഘടിപ്പിക്കുക.

കൂടുതൽ വിവരങ്ങൾക്ക് നോർക്കാ സെന്ററിന്റെ രണ്ടാം നിലയിൽ പ്രവർത്തിക്കുന്ന നോർക്കാ ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്ററിൽ നേരിട്ടോ, ചുവടെ വിവരിക്കുന്ന നമ്പറുകളിലോ, ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.








## പ്രവാസി സംഘങ്ങൾക്ക് ധനസഹായം

തിരികെ എത്തിയ പ്രവാസികളുടെ പുനരധിവാസവും സാമ്പത്തിക ഉന്നമനവും ലക്ഷ്യമിട്ട് ആരംഭിച്ചിട്ടുള്ള പ്രവാസി സംഘ ങ്ങളെ സഹായിക്കുന്നതിനും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നോർക്ക ധനസഹായം നൽകി വരുന്നു. പൊതുജനതാൽപര്യാർഥമുള്ള ഉൽപാദന, സേവന, ഐ.ടി, തൊഴിൽസംരംഭങ്ങൾ (കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ചെറുകിടവ്യവസായം, മത്സ്യമേഖല, മൂല്യവർധിത ഉൽപന്ന നിർമ്മാണം, സേവന മേഖല, നിർമ്മാണ മേഖല) എന്നിവയിലൂടെ കുറഞ്ഞത് 10 പേർക്കെങ്കിലും തൊഴിലും വരുമാനവും ലഭ്യമാക്കുന്ന സംരംഭങ്ങൾ ആരംഭിക്കുന്നതിനോ നിലവിലുള്ള സംരംഭങ്ങൾ മേൽ പ്രകാരം വികസിപ്പിക്കുന്നതിനോ ആണ് സഹായം ലഭ്യമാക്കുന്നത്.

സഹകരണസംഘങ്ങളുടെ അടച്ചു തീർത്ത ഓഹരി മൂലധനത്തിന്റെ അഞ്ച് ഇരട്ടിക്ക് സമാനമായ തുകയോ അല്ലെങ്കിൽ പരമാവധി ഒരു ലക്ഷം രൂപയോ ഏതാണോ കുറവ് പ്രസ്തുത തുക ഷെയർ പാരിറ്റിയും രണ്ട് ലക്ഷം രൂപ പ്രവർത്തന മൂലധനവും അടക്കം മൂന്നു ലക്ഷം രൂപയാണ് ധനസഹായം നൽകുന്നത്. നിലവിൽ ഒറ്റത്തവണയായാണ് ധനസഹായം നൽകിവരുന്നത്. സംഘം രജിസ്റ്റർ ചെയ്തതിനു ശേഷം കുറഞ്ഞത് രണ്ട് വർഷം പൂർത്തിയായിരിക്കണം.

**കൂടുതൽ വിവരങ്ങൾക്ക്**
0471-2770507

അഡ്വ. ഗഫൂർ പി ലില്ലീസ്
ചെയർമാൻ, കേരള പ്രവാസി വെൽഫയർ ബോർഡ്



നോർക്കയിലൂടെയും, പ്രവാസി ക്ഷേമനിധി ബോർഡിലൂടെയും കേരള സർക്കാർ നൽകുന്ന സേവനങ്ങളും ആനുകൂല്യങ്ങളും ആശ്വാസ നടപടികളും മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് മാതൃകയാണ്



# പ്രവാസി സൗഹൃദ നാട്

മനുഷ്യവംശത്തിന്റെ വികാസപരിണാമചരിത്രം കുടിയേറ്റങ്ങളുടെയും കൂടിചേരലുകളുടെയുമാണ്. പ്രവാസവുമായി ബന്ധപ്പെടാത്തതും പ്രവാസത്തിലൂടെ കടന്നുപോകാത്തതുമായ ഒരു സമൂഹവും ലോകചരിത്രത്തിലുണ്ടായിട്ടില്ല. വിശ്വപൗരൻ എന്ന അപരനാമത്തിൽ അറിയപ്പെട്ടവരാണ് പ്രവാസികൾ. നമ്മുടെ നാടിന്റെ സംസ്കൃതിയെ ലോകത്തിന് പരിചയപ്പെടുത്തിയവരാണ് പ്രവാസികൾ. പുറമെ പ്രവാസികളുടെ ജീവിതം വർണാഭമാണെങ്കിലും അവരുടെ ജീവിതത്തിന്റെ യാഥാർഥ്യങ്ങളിലേക്ക് കടന്നാൽ അത് ദുരിതപൂർണ്ണവും ത്യാഗനിർഭരവുമായിരുന്നു എന്ന് മനസ്സിലാക്കാൻ കഴിയും. പ്രയാസങ്ങളിലൂടെയും യാതനകളിലൂടെയും കഷ്ടപ്പാടുകളിലൂടെയും കടന്നുപോയ പ്രവാസി സമൂഹം നമ്മുടെ നാടിന്റെ വളർച്ചയ്ക്കും സാമ്പത്തിക ഭദ്രതയ്ക്കും നൽകിയതും ഇപ്പോഴും നൽകിക്കൊണ്ടിരിക്കുന്നതുമായ സംഭാവനകളെ മനസാക്ഷിയുള്ള ആർക്കും വിസ്മരിക്കാൻ കഴിയുകയില്ല. കേരളീയ പൊതുസമൂഹത്തിനും ഇവരുടെ നൊമ്പരങ്ങളെ ശരിയായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് സംശയമാണ്. ഇവിടെയാണ് കേരളം എന്ന പ്രവാസി സൗഹൃദ സംസ്ഥാനം വേറിട്ട് നിൽക്കുന്നത്. ഇന്ത്യയിൽ പ്രവാ

സികൾക്ക് വേണ്ടി ക്ഷേമപദ്ധതികൾ ആരംഭിക്കുകയും പ്രവാസികളോട് അനുഭാവപൂർണ്ണമായ നിലപാട് സ്വീകരിക്കുകയും ചെയ്യുന്നത് കേരളത്തിൽ മാത്രമാണ്. 2021 ലെ സർക്കാരിന്റെ ഒന്നാം ബജറ്റിൽ തന്നെ പ്രവാസി പെൻഷൻ 3000 ഉം 3500 ഉം ആക്കി ഉയർത്തിയും പ്രവാസി ക്ഷേമത്തിന് 147.50 കോടി രൂപ വകയിരുത്തുകയും ചെയ്തുകൊണ്ട് പ്രവാസി സമൂഹമില്ലാതെ കേരളത്തിന് മുന്നോട്ട് ഗമിക്കാൻ കഴിയില്ലെന്ന പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. നൂതനമായ പല പദ്ധതികളും പ്രവാസികൾക്കായി ആവിഷ്കരിച്ച് കേരളത്തെ ഒരു വിജ്ഞാന കേരളമാക്കി മാറ്റാനുള്ള പ്രവർത്തനം ത്വരിതപ്പെടുത്തിയിരിക്കുകയാണ്.



നോർക്കയിലൂടെയും പ്രവാസി ക്ഷേമനിധി ബോർഡിലൂടെയും കേരള സർക്കാർ നൽകുന്ന സേവനങ്ങളും ആനുകൂല്യങ്ങളും ആശ്വാസ നടപടികളും മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. 2016 ൽ സർക്കാർ അധികാരത്തിൽ വരുമ്പോൾ 1.25 ലക്ഷം ആയിരുന്നു ക്ഷേമനിധി അംഗങ്ങളുടെ എണ്ണം. ഇപ്പോൾ അത് 7,64,871 ആണ്. 2009 ൽ 500, 1000 രൂപയായിരുന്ന പെൻഷൻ 2016 ൽ ഏകീകരിച്ച് 2000 രൂപയായി വർധിപ്പിച്ചു.

2021 ൽ രണ്ടാമതും ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്നപ്പോൾ പ്രവാസി പെൻഷൻ 3000, 3500 ആയി ഉയർത്തി. പ്രവാസി സമൂഹത്തിന്റെ ജീവിതം കൂടുതൽ സുരക്ഷിതമാക്കുന്ന ഒരു അവസ്ഥയിലേക്ക് മുന്നോട്ട് കൊണ്ടുപോകാൻ ഇതുവഴി കഴിഞ്ഞു.

പൊതുജന സമ്പർക്ക പരിപാടി - അംഗത്വ ക്യാമ്പയിനും കുടിശ്ശിക നിവാരണവും സംഘടിപ്പിച്ചതിലൂടെ പൊതുജനങ്ങൾക്കിടയിൽ ബോർഡിന്റെ പ്രവർത്തനങ്ങളെ ഇതുവഴി സാധ്യമായിക്കഴിഞ്ഞു. ഇതിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി 2017 ൽ മലപ്പുറത്ത് നിർവഹിക്കുകയും ചെയ്തു.

പേയ്മെന്റ് ഗേറ്റ് വേ സംവിധാനം നടപ്പാക്കുക വഴി പ്രവാസി ക്ഷേമനിധി അംഗങ്ങൾക്ക് അംശദായം അടക്കുന്നതിന് കൂടുതൽ സഹായകമായി. 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്റർ മുഖേന പ്രവാസി ക്ഷേമ ബോർഡിനെ സംബന്ധിച്ച എല്ലാ വിവരങ്ങളും പ്രവാസികൾക്ക് സഹായകരമായ രീതിയിൽ ലഭ്യമാക്കാൻ സാധിച്ചു.

സർക്കാർ ഒട്ടനവധി പ്രവാസി സൗഹൃദ നടപടികൾ സ്വീകരിക്കുമ്പോഴും അതിനെ പരിപൂർണ്ണമായും ഉപയോഗപ്പെടുത്താൻ പ്രവാസികൾ ശ്രമിക്കുന്നുണ്ടോ എന്നത് സ്വയം പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

## പെൻഷൻ

അറുപത് വയസ്സ് പൂർത്തിയായതും, അഞ്ചു വർഷത്തിൽ കുറയാത്ത കാലയളവിൽ തുടർച്ചയായി അംശദായം അടച്ചിട്ടുള്ളതുമായ ഓരോ പ്രവാസി കേരളീയനായ

> **നോർക്കയിലൂടെയും, പ്രവാസി ക്ഷേമനിധി ബോർഡിലൂടെയും കേരള സർക്കാർ നൽകുന്ന സേവനങ്ങളും ആനുകൂല്യങ്ങളും ആശ്വാസ നടപടികളും മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് മാതൃകയാണ്**

കുറിച്ച് കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിനും അംഗത്വം വർധിപ്പിക്കുന്നതിനും അംഗങ്ങൾക്ക് നിരവധി സേവനങ്ങൾ നൽകുന്നതിനും സാധിച്ചു.

2017 ൽ സമ്പൂർണ്ണ ഓൺലൈൻ അംഗത്വ സംവിധാനത്തിലേക്ക് തുടക്കമിടുകയും ലോകത്തിന്റെ ഏതു ഭാഗത്തുനിന്നും ബോർഡിൽ അംഗത്വം നേടുന്നതിനും ക്ഷേമനിധി ആരംഭിച്ച് ഇതുവരെയായി പെൻഷൻ അർഹത നേടിയ 82,000 ത്തോളം പെൻഷൻകാർക്ക് ഏതാണ്ട് 1000 കോടി രൂപയിലധികം പെൻഷനും ആനുകൂല്യങ്ങളുമായി നൽകാൻ ക്ഷേമനിധി ബോർഡിന് കഴിഞ്ഞിട്ടുണ്ട്. ഇത് ഇന്ത്യയുടെ പ്രവാസചരിത്രത്തിലെ രജതരേഖയാണ്. പ്രവാസിസമൂഹത്തെ ഹൃദയത്തോട് ചേർത്ത ഒരു സംസ്ഥാന

(വിദേശം)-(1എ) അംഗത്തിന് 3500 രൂപയും, ഓരോ മുൻ പ്രവാസി കേരളീയനായ (വിദേശം)-(1ബി) അംഗത്തിനും പ്രവാസി കേരളീയൻ (ഭാരതം)- (2എ) അംഗത്തിനും മൂവായിരം രൂപയും പ്രതിമാസ മിനിമം പെൻഷൻ അനുവദിച്ചുവരുന്നു. അഞ്ചുവർഷത്തിൽ കൂടുതൽ കാലം തുടർച്ചയായി അംശദായം അടച്ചിട്ടുള്ള



അംഗങ്ങൾക്ക്, അവർ പൂർത്തിയാക്കിയ ഓരോ അംഗത്വ വർഷത്തിനും നിശ്ചയിച്ചിട്ടുള്ള മിനിമം പെൻഷൻ തുകയുടെ മൂന്ന് ശതമാനത്തിന് തുല്യമായ തുക കൂടി അധിക പെൻഷനായി നൽകുന്നുണ്ട്.

## കുടുംബപെൻഷൻ

പെൻഷൻ അർഹത നേടിയതിന് ശേഷം ഒരംഗം മരണമടയുന്നപക്ഷം അംഗത്തിന്റെ കുടുംബാംഗങ്ങൾക്ക് പ്രതിമാസ കുടുംബ പെൻഷൻ അർഹത ഉണ്ടായിരിക്കുന്നതാണ്.

## അവശതാപെൻഷൻ

തന്റെ നിത്യവൃത്തിക്കായി ഏതെങ്കിലും തൊഴിൽ ചെയ്യുന്നതിന് സ്ഥായിയായ ശാരീരിക അവശത മൂലം കഷ്ടത അനുഭവിക്കുന്നതും 60 ശതമാനം അവശതയുണ്ടെന്ന മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രം സമർപ്പിക്കുന്നവർക്കും ക്ഷേമനിധിയിൽ മൂന്നുവർഷത്തിൽ കുറയാത്ത കാലയളവിൽ തുടർച്ചയായി അംശദായമടച്ചിട്ടുള്ളതുമായ ഒരംഗത്തിന് അർഹതപ്പെട്ട പെൻഷൻ തുകയുടെ 40 ശതമാനത്തിനു തുല്യമായ തുക പ്രതിമാസ അവശതാപെൻഷനായി ലഭിക്കാൻ അർഹത ഉണ്ടായിരിക്കുന്നതാണ്.

## മരണമടയുന്ന അംഗങ്ങളുടെ ആശ്രിതർക്ക് ധനസഹായം

ഈ പദ്ധതിയിൽ അംഗമായിരിക്കെ മരണമടയുന്ന പ്രവാസി കേരളീയരായ (വിദേശം)-(എ) അംഗത്തിന്റെ ആശ്രിതർക്ക് അൻപതിനായിരം രൂപയും വിദേശത്തു നിന്നും തിരിച്ചുവന്ന പ്രവാസി കേരളീയനായ (വിദേശം)-(1ബി) അംഗത്തിന്റെ ആശ്രിതർക്ക് മുപ്പതിനായിരം രൂപയും, പ്രവാസി കേരളീയനായ (ഭാരതം)-(2എ) അംഗത്തിന്റെ ആശ്രിതർക്ക് ഇരുപത്തയ്യായിരം രൂപയും, കൽപിത അംഗങ്ങളുടെ ആശ്രിതർക്ക് ഇരുപതിനായിരം രൂപയും മരണാനന്തര ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.

## ചികിത്സാസഹായം

ഗുരുതരമായ രോഗം ബാധിച്ച അംഗങ്ങളുടെ ചികിത്സക്കായി ഒരംഗത്തിന് മുഴുവൻ അംഗത്വകാലയളവിൽ അമ്പതിനായിരം രൂപയെന്ന പരമാവധി പരിധിക്ക് വിധേയമായി ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

## വിവാഹധനസഹായം

കുറഞ്ഞത് മൂന്ന് വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചുവരുന്നതോ വിവാഹത്തിനു മുമ്പായി മൂന്ന് വർഷത്തെ അംശദായം മുൻകൂറായി അടച്ചിട്ടുള്ളതോ ആയ അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടേയും വനിതാഅംഗങ്ങളുടേയും വിവാഹച്ചെലവിനായി പതിനായിരം രൂപ ഒരംഗത്തിന് നിധിയിൽ നിന്നും ലഭിക്കുന്നതാണ്. എന്നാൽ രണ്ടിൽ കൂടുതൽ തവണ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കില്ല.

## പ്രസവാനുകൂല്യം

തുടർച്ചയായ രണ്ടുവർഷക്കാലം തുടർച്ചയായി അംശദായം അടച്ചിട്ടുള്ള ഒരു വനിതാ അംഗത്തിന് പ്രസവത്തിന് മൂവായിരം രൂപ ധനസഹായത്തിന് അർഹതയുണ്ട്. എന്നാൽ ഒരംഗത്തിന് രണ്ടിൽ കൂടുതൽ തവണ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. ഗർഭം അലസൽ സംഭവിച്ച വനിതാഅംഗത്തിന് രണ്ടായിരം രൂപ ധനസഹായത്തിന് അർഹതയുണ്ടായിരിക്കും. എന്നാൽ, രണ്ടു തവണ പ്രസവാനുകൂല്യമോ ഗർഭം അലസലിനുള്ള ആനുകൂല്യമോ രണ്ടും കൂടിയോ ലഭിച്ച അംഗത്തിന് തുടർന്ന് ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കില്ല.

## വിദ്യാഭ്യാസ ആനുകൂല്യം

രണ്ടുവർഷമെങ്കിലും നിധിയിൽ തുടർച്ചയാ

**പെൻഷൻ അർഹത നേടിയതിന് ശേഷം ഒരംഗം മരണമടയുന്ന പക്ഷം അംഗത്തിന്റെ കുടുംബാംഗങ്ങൾക്ക് പ്രതിമാസ കുടുംബ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്**

യി അംശദായം അടച്ചിട്ടുള്ള അംഗങ്ങളുടെ മക്കൾക്ക് ഒരു കുട്ടിക്ക് എന്ന പരിധിക്ക് വിധേയമായി വിദ്യാഭ്യാസ ഗ്രാന്റിന് അർഹതയുണ്ടായിരിക്കും. ബോർഡ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡ പ്രകാരം ഗ്രാന്റിന് അപേക്ഷ സമർപ്പിച്ചവർക്ക് കോഴ്സിനെ അടിസ്ഥാനപ്പെടുത്തി പരമാവധി നാലായിരം രൂപ വരെ ഗ്രാന്റ് അനുവദിക്കുന്നുണ്ട്.

## പ്രവാസി ഡിവിഡന്റ് പദ്ധതി

പ്രവാസി കേരളീയരുടെ ക്ഷേമ പരിപാടികൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി ജ·നാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനുമായി കേരള സർക്കാർ ആവിഷ്കരിച്ച ദീർഘകാല നിക്ഷേപ പദ്ധതിയാണ് പ്രവാസി ഡിവിഡന്റ് പദ്ധതി. കേരള പ്രവാസി ക്ഷേമ ബോർഡ് കിഫ്ബിയുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. നിക്ഷേപ സുരക്ഷയോടൊപ്പം പ്രവാസി കേരളീയർക്കും ജീവിത പങ്കാളിക്കും ആജീവനാന്തം പ്രതിമാസ സുരക്ഷിത വരുമാനം ഉറപ്പ് നൽകുന്ന ഈ പദ്ധതിക്ക് നല്ല സ്വീകരണമാണ് പ്രവാസികൾ നൽകിവരുന്നത്. ദീർഘകാലമായി പ്രവാസികൾ ആഗ്രഹിച്ചിരുന്ന ഒന്നായിരുന്നു പ്രവാസികൾക്ക് സുരക്ഷിതമായ ഒരു നിക്ഷേപ പദ്ധതി. ദീർഘകാലം വിദേശത്ത് പണിയെടുത്ത് മിച്ചം വരുന്ന സമ്പാദ്യം ഒരു സ്ഥിരനിക്ഷേപമായി എങ്ങനെ നിക്ഷേപിക്കണമെന്ന് അറിയാത്ത പാവപ്പെട്ട പ്രവാസികളുടെ മുന്നിലേക്കാണ് ഈ ആശയം കേരള പ്രവാസി ക്ഷേമ ബോർഡ് മുന്നോട്ടുവെച്ചത്. വാർധക്യകാലത്ത് മക്കളെ ആശ്രയിക്കാതെ ജീവിതപങ്കാളികൾക്ക് സുരക്ഷിതമയ ഒരു ജീവിതം മുന്നോട്ട് വെക്കുന്നതായിരുന്നു പ്രവാസി ഡിവിഡന്റ് പദ്ധതി. നിയമസഭയുടെ അംഗീകാരത്തോടുകൂടി പ്രവാസി ഡിവിഡൻറ് പദ്ധതി യാഥാർഥ്യമായി. 2019 ഡിസംബർ 14 ന് മുഖ്യമന്ത്രി പ്രവാസികൾക്കായി പദ്ധതി സമർപ്പിച്ചു.

മൂന്ന് ലക്ഷം രൂപ മുതൽ 51 ലക്ഷം രൂപ വരെ നിക്ഷേപിക്കാവുന്ന ഈ പദ്ധതിയിൽ നിക്ഷേപകർക്ക് നിക്ഷേപ തീയതി മുതൽ 3 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് 10 ശതമാനം വാർഷിക നിരക്കിലുള്ള ഡിവിഡന്റ് പ്രതിമാസമായി ലഭിക്കും. ആദ്യ മൂന്നു വർഷങ്ങളിലെ ഡിവിഡന്റ് നിക്ഷേപ തുകയോടൊപ്പം കൂട്ടിച്ചേർത്ത തുകയ്ക്കാണ് ഇപ്രകാരം ഡിവിഡന്റ് നൽകുന്നത്. നിക്ഷേപകരുടെ കാലശേഷം ജീവിത പങ്കാളിക്ക് ഡിവിഡന്റ് ലഭ്യമാകും. അതിനുശേഷം



നോമിനിക്ക് ആദ്യ മൂന്ന് വർഷത്തെ ഡിവിഡന്റ് സഹിതം നിക്ഷേപത്തുക തിരികെ നൽകും. പ്രവാസികൾക്ക് സാമ്പത്തിക സുരക്ഷയോടൊപ്പം സാമൂഹ്യ പരിരക്ഷയും ഉറപ്പാക്കുന്ന പദ്ധതിയാണ് ഇത്. പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം മൂന്നുവർഷം പൂർത്തിയാക്കിയ നിക്ഷേപകരുടെ പ്രതിമാസ ഡിവിഡന്റ് 2023 ജനുവരി മാസം മുതൽ നൽകി തുടങ്ങിയിട്ടുണ്ട്. ഇതുവരെയായി 330.39 കോടി രൂപയാണ് പ്രവാസി ഡിവിഡന്റ് പദ്ധതിയിൽ നിക്ഷേപമായി സമാഹരിച്ചത്.

## പ്രവാസി ഭവന പദ്ധതി

പ്രവാസി നിധി അംഗങ്ങൾ ബാങ്കുകൾ / ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് എടുക്കുന്ന 20 ലക്ഷം രൂപ വരെയുള്ള ഭവന വായ്പകൾക്ക് 5% സർക്കാർ വായ്പാ സബ്സിഡി ലഭ്യമാക്കുന്ന പദ്ധതിയാണിത്. പദ്ധതി 2022-23 മുതൽ പദ്ധതി ആരംഭിക്കുകയും അർഹരായവർക്ക് ആനുകൂല്യം വിതരണം ചെയ്ത് വരുന്നു.


പ്രവാസി ക്ഷേമനിധി അംഗങ്ങൾ ബാങ്കുകൾ /ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് എടുക്കുന്ന 20 ലക്ഷം രൂപ വരെയുള്ള ഭവന വായ്പകൾക്ക് 5 ശതമാനം സർക്കാർ വായ്പാസബ്സിഡി ലഭ്യമാക്കുന്ന പദ്ധതിയാണിത്. 2022-23 ൽ ആരംഭിച്ച പദ്ധതിയിൽ അർഹരായവർക്ക് ആനുകൂല്യം വിതരണം ചെയ്തുവരുന്നു. പ്രവാസത്തെ ആശ്രയിക്കുന്ന എല്ലാ മലയാളികൾക്കും ആശ്രയിക്കാനും ഉപയോഗപ്പെടുത്താനും കഴിയുന്ന മാതൃകയായ, കേരളത്തിലെ പ്രവാസി ക്ഷേമ പദ്ധതികളെ കൂടുതൽ പ്രവാസികളിലേക്ക് എത്തിക്കാൻ നമുക്ക് ഒന്നായി പരിശ്രമിക്കാം. അതിനുള്ള ഏറ്റവും നല്ല അവസരമാണ് പ്രവാസി മലയാളികളുടെ അഭിമാനവേദിയായ ലോക കേരള സഭ. മലയാളികളുടെ ജീവിത സാഹചര്യങ്ങളെയും അവരുടെ പ്രശ്നങ്ങളെയും എല്ലാറ്റിലും ഉപരിയായി അവരുടെ നവകേരള വികസന കാഴ്ചപ്പാടുകളെയും വിശദമായി ചർച്ച ചെയ്യുവാൻ ലോക കേരള സഭയുടെ സമ്മേളനം ഉപകാരപ്രദമാകും.■



**കെ പി അനിൽകുമാർ**
ചെയർമാൻ, ഒഡെപെക്



**നൈതിക റിക്രൂട്ട്മെന്റും തൊഴിലാളി ക്ഷേമവും ഉറപ്പാക്കുന്ന പൊതുമേഖല മാതൃകയാണ് കേരളസർക്കാരിന്റെ ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ് (ഒഡെപെക്)**



# ആഗോള അവസരങ്ങളിലേക്ക് സുരക്ഷിതപാത

അതിവേഗം ആഗോളവൽക്കരിക്കപ്പെടുന്ന ഇന്നത്തെ സാമ്പത്തിക സാഹചര്യത്തിൽ, തൊഴിൽ വൈദഗ്ധ്യം നേടിയ യുവജനങ്ങളുടെ വിദേശരാജ്യങ്ങളിലേക്കുള്ള പ്രയാണം രാജ്യവികസനത്തിന്റെ പ്രധാന ചാലകശക്തിയായി മാറിയിരിക്കുന്നു. ഉയർന്ന നിലവാരമുള്ള വിദ്യാഭ്യാസവും അന്താരാഷ്ട്ര തൊഴിൽമേഖലകളിൽ മത്സരിക്കാൻ കഴിയുന്ന യോഗ്യതകളുമുള്ള കേരളത്തിലെ തൊഴിലാളികൾ, കേരളത്തെ ലോകമെമ്പാടുമുള്ള തൊഴിലുടമകൾക്ക് ഏറെ പ്രിയപ്പെട്ട കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ഈ ആഗോള ബന്ധങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിൽ മുൻനിരയിൽ പ്രവർത്തിക്കുന്നത്, തൊഴിൽ നൈപുണ്യ വകുപ്പ് കീഴിലുള്ള കേരള സർക്കാർ സ്ഥാപനമായ ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ് (ODEPC) ആണ്.

വിദേശകാര്യമന്ത്രാലയത്തിന്റെ (MEA) അംഗീകാരത്തോടെ, കഴിഞ്ഞ അരനൂറ്റാണ്ടിലധികമായി ഇന്ത്യാസർക്കാരിന്റെ നയങ്ങൾ കർശനമായി പാലിച്ചുകൊണ്ട് വിദേശ തൊഴിൽ നിയമനങ്ങൾ നടത്തിവരുന്ന റിക്രൂട്ട്മെന്റ് ഏജൻസിയാണ് ODEPC. പ്രൊഫഷണൽ കാര്യക്ഷമതയും പൊതുഉത്തരവാദിത്തവും ഒരുമിപ്പിച്ചുകൊണ്ട്, നൈതികവും സുതാര്യവുമായ അന്താരാഷ്ട്ര റിക്രൂട്ട്മെന്റിന്റെ മാതൃകയായി ODEPC പ്രവർത്തിക്കുന്നു.

സുരക്ഷിത കുടിയേറ്റം, നൈപുണ്യ വികസനം, ദീർഘകാല വിദേശ തൊഴിൽ എന്നിവയുമായി ബന്ധപ്പെട്ട സംസ്ഥാന നയങ്ങളെ ശക്തിപ്പെടുത്തുന്നതോടൊപ്പം, പ്രവാസി തൊഴിലാളികളുടെ അവകാശങ്ങളും താൽപര്യങ്ങളും സംരക്ഷിക്കുന്നതിലും ODEPC നിർണ്ണായക പങ്കുവഹിക്കുന്നു.



## ലോകോത്തര റിക്രൂട്ട്മെന്റ് സേവനങ്ങൾ

ആരോഗ്യ മേഖല, എഞ്ചിനീയറിങ്, വിദ്യാഭ്യാസം, നിർമ്മാണ വ്യവസായം, എണ്ണവാതക മേഖല, ലോജിസ്റ്റിക്സ്, ഹോസ്പിറ്റാലിറ്റി, ഐ.ടി. തുടങ്ങിയ പ്രധാന മേഖലകളിൽ ODEPC വിദേശ തൊഴിലുടമകൾക്ക് സമഗ്രമായ റിക്രൂട്ട്മെന്റ് സേവനങ്ങൾ നൽകുന്നു. അനുയോജ്യരായ ഉദ്യോഗാർഥികളെ കണ്ടെത്തൽ, നൈപുണ്യ പരിശോധന, ഇന്റർവ്യൂ ഏകോപനം, ഇമിഗ്രേഷൻ നടപടികൾ, എന്നിവ ഉൾക്കൊള്ളുന്ന ക്രമബദ്ധമായ പ്രക്രിയകൾ ഗുണനിലവാരവും നിയമാനുസൃതതയും ഉറപ്പാക്കിക്കൊണ്ട് നടപ്പിലാക്കുന്നതുമൂലം വിദേശതൊഴിൽ ദാതാക്കൾക്ക് ഏറെ പ്രിയപ്പെട്ട ഇടമായി ഒഡെപെക് മാറിക്കഴിഞ്ഞു. വളരെച്ചുരുങ്ങിയ ചിലവിലോ അതുമല്ലെങ്കിൽ സൗജന്യമായോ, വിദേശതൊഴിൽ നേടാൻ ഉദ്യോഗാർഥികൾക്ക് അവസരമൊരുക്കുന്നതു വഴി കേരളത്തിലെ യുവതലമുറകൾക്കിടയിലും ഒഡെപെക് തനതുസ്ഥാനം ഉറപ്പിച്ചിട്ടുണ്ട്.

സർക്കാർസർക്കാർ (G2G) കരാറുകൾ, സ്ഥാപനാതല സഹകരണങ്ങൾ (Institutional collaborations), നേരിട്ടുള്ള തൊഴിലുടമ പങ്കാളിത്തങ്ങൾ (Direct employer partnerships)എന്നിവയിലൂടെ ആയിരക്കണക്കിന് ഉദ്യോഗാർഥികളെ വിശ്വാസ്യതയുള്ള വിദേശസ്ഥാപനങ്ങളിലേക്ക് ODEPC വിജയകരമായി നിയോഗിച്ചിട്ടുണ്ട്. ഇതിലൂടെ കേരളത്തിന്റെ ആഗോള തൊഴിൽ സാന്നിധ്യം (Global workforce) കൂടുതൽ ശക്തമാക്കുന്നതിനു ഒഡെപെക് പ്രധാന പങ്കുവഹിക്കുന്നു.

## ആഗോള നിലവാരമുള്ള നൈപുണ്യ വികസനം

ദീർഘകാല വിദേശ തൊഴിൽ ഉറപ്പാക്കുന്നതിന് നൈപുണ്യ സജ്ജത (Skill Readiness) അനിവാര്യമാണെന്ന തിരിച്ചറിവോടെ, നൈപുണ്യ വികസനം ODEPC യുടെ റിക്രൂട്ട്മെന്റ് സംവിധാനത്തിന്റെ ഒരു അവിഭാജ്യഘടകമായി തീർന്നിട്ടുണ്ട്. ദേശീയവും അന്താരാഷ്ട്രവുമായ പരിശീലന പങ്കാളികളുമായി സഹകരിച്ച് വിദേശ ഭാഷാപരിശീലനം, സോഫ്റ്റ് സ്കിൽസ് വികസനം, പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നു. ഈ പ്രവർത്തനങ്ങൾ തൊഴിലാളികളുടെ തൊഴിൽയോഗ്യത വർധിപ്പിക്കുകയും വിദേശ ജോലികളിൽ സ്ഥിരതയും കരിയർ പുരോഗതിയും ഉറപ്പാക്കുകയും ചെയ്യുന്നു. ഇതിലൂടെ കേരളം വിശ്വാസനീയമായ മനുഷ്യവിഭവ സ്രോതസായി ലോകമെമ്പാടും അംഗീകരിക്കപ്പെടുന്നു.

## പഠന വിദേശസാധ്യതകൾ

പരമ്പരാഗത റിക്രൂട്ട്മെന്റിന് പുറമെ, വിദ്യാർഥികളെയും യുവപ്രൊഫഷണലുകളെയും ലക്ഷ്യമിട്ട് പഠന വിദേശമേഖലയിലും ODEPC ശ്രദ്ധചെലുത്തിയിട്ടുണ്ട്. വിദേശ വിദ്യാഭ്യാസം, ഇന്റേൺഷിപ്പുകൾ, ഹ്രസ്വകാല പരിശീലന പരിപാടികൾ എന്നിവയ്ക്ക് സുരക്ഷിതവും സുതാര്യവും നയപരമായി അംഗീകരിക്കപ്പെട്ട വഴികൾ ഒരുക്കുന്നതിലൂടെ ആഗോള പരിചയം നേടാൻ ഇവ സഹായിക്കുന്നു.

കേരള സർക്കാരിന്റെ പട്ടികജാതിപട്ടിക വർഗവകുപ്പിന്റെ കീഴിലുള്ള 'ഉന്നതി' എന്ന സ്കോളർഷിപ് പ്രോഗ്രാമിന്റെ നടത്തിപ്പ് ഒഡെപെക് ആണ് നിർവഹിക്കുന്നത്. വർഷംതോറും 310 വിദ്യാർഥികൾക്ക് വിദേശരാജ്യങ്ങളിൽ ബിരുദാനന്തര ബിരുദം നേടുന്നതിനായി അവരവരുടെ കുടുംബ-വാർഷികവരുമാനമനുസരിച്ച് 25 ലക്ഷം വരെ സ്കോളർഷിപ് നൽകുന്ന പദ്ധതിയാണിത്.

## വിജയകഥകൾ: വ്യക്തികളിലും സ്ഥാപനങ്ങളിലും സൃഷ്ടിച്ച മാറ്റം

ODEPC യുടെ പ്രവർത്തനങ്ങളുടെ യഥാർഥ വിജയമാനം അതിന്റെ മനുഷ്യ കേന്ദ്രിതമായ സ്വാധീനത്തിലാണ്.

- ആരോഗ്യ മേഖലയിൽ ODEPC മുഖേന നിയമിതരായ നിരവധി നഴ്സുമാരും മെഡിക്കൽ പ്രൊഫഷണലുകളും ഇന്ന് യൂറോപ്പിലെയും മിഡിൽ ഈസ്റ്റിലെയും പ്രമുഖ ആശുപത്രികളിൽ സേവനം അനുഷ്ഠിക്കുന്നു. സുതാര്യ കരാറുകളും ന്യായമായ വേതനവും സുതാര്യർഹമായ





സേവനവും മൂലം പലരും ഉയർന്നപദവികളിലെത്തിയിട്ടുണ്ട്.

- ജർമ്മനി, ഓസ്ട്രിയ, ബെൽജിയം, യുണൈറ്റഡ് കിങ്ഡം (UK) എന്നിവിടങ്ങളിലേക്കുള്ള സൗജന്യ നഴ്സിങ് റിക്രൂട്ട്മെന്റ് പ്രോഗ്രാമുകൾ മുഖേന ആയിരക്കണക്കിന് നഴ്സുമാർക്ക് ഒഡെപെക് സുരക്ഷിതമായ ഭാവിയൊരുക്കിയിട്ടുണ്ട്. സൗജന്യമായി വിദേശ ഭാഷാപരിശീലനം, പ്രതിമാസ സ്റ്റൈപെൻഡ്, സൗജന്യവിസ, സൗജന്യ എയർടിക്കറ്റ്, എന്നിവയാണ് നഴ്സുമാർക്ക് ഒഡെപെക് നൽകിവരുന്നത് (Conditions Apply)

യും സംഭാവന നൽകുന്നു.

ഈ വിജയകഥകൾ ODEPCയെ ഒരു റിക്രൂട്ട്മെന്റ് ഏജൻസിയെന്നതിലുപരി, സാമൂഹ്യ-സാമ്പത്തിക പുരോഗതിക്ക് വഴിയൊരുക്കുന്ന ഒരു സ്ഥാപനമായി ഉയർത്തിപ്പിടിക്കുന്നു.

## ക്ഷേമവും നൈതിക റിക്രൂട്ട്മെന്റും

പ്രവാസിതൊഴിലാളികളുടെ ക്ഷേമം ഒഡെപെകിന്റെ ദൗത്യത്തിന്റെ കേന്ദ്രബിന്ദുവാണ്. സുരക്ഷിതവും ഉത്തരവാദിത്വമുള്ള കുടിയേറ്റത്തെക്കുറിച്ചുള്ള ദേശീയഅന്താരാഷ്ട്ര മാനദണ്ഡങ്ങളുമായി പൂർണ്ണമായും ഒത്തുചേരുന്ന വിധത്തിലുള്ള

> **1977 ൽ സ്ഥാപിതമായ ഒഡെപെക് ഇന്നുവരെ ഏകദേശം 12,500 വിദേശ നിയമനങ്ങൾക്ക് സൗകര്യമൊരുക്കിയിട്ടുണ്ട്, ഇതിൽ ഏകദേശം 40 ശതമാനവും ഇപ്പോഴത്തെ സർക്കാരിന്റെ കാലത്താണ് നേടിയത്**

- 2021 മുതൽ വർഷംതോറും ബെൽജിയത്തിലേക്ക് നടത്തുന്ന 'Arora' എന്ന നഴ്സുമാരുടെ സൗജന്യ റിക്രൂട്മെന്റ് പ്രോഗ്രാം മുഖേന ഇരുന്നൂറോളം നഴ്സുമാരാണ് ഇതുവരെ ബെൽജിയത്തിലെക്ക് തൊഴിൽ നേടിപോയത്. ഈ പ്രോഗ്രാമിന്റെ 73 നഴ്സുമാർ ഉൾപ്പെടുന്ന അഞ്ചാമത്തെ ബാച്ച് 2026 ജനുവരി മാസം ബെൽജിയത്തിലേക്ക് യാത്രയാകും.

- പ്രാവീണ്യമുള്ള ടെക്നീഷ്യൻമാരും തൊഴിലാളികളും, ODEPC സംഘടിപ്പിച്ച നിയമന ഡ്രൈവുകളിലൂടെ സ്ഥിരതയുള്ള വിദേശ തൊഴിൽ നേടി, അവരുടെ കുടുംബങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനോടൊപ്പം സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥ

സുതാര്യമായ നടപടിക്രമങ്ങൾ, ന്യായമായ റിക്രൂട്ട്മെന്റ് ചെലവുകൾ, തൊഴിൽ സംബന്ധമായ കൃത്യമായ വിവരവിതരണം, ഫലപ്രദമായ പരാതി പരിഹാര സംവിധാനങ്ങൾ എന്നിവ ODEPCയെ സ്വകാര്യഏജൻസികളിൽ നിന്ന് വ്യത്യസ്തമാക്കുന്നു.

## ഒഡെപെകിന്റെ ഉയർച്ചയിൽ കേരളസർക്കാരിന്റെ പങ്ക്

കഴിഞ്ഞ ദശകത്തിൽ, അന്താരാഷ്ട്ര പ്രശസ്തി നേടിയ ഒരു സ്ഥാപനമായി ഒഡെപെകിനെ മാറ്റാൻ കഴിഞ്ഞത് കേരള സർക്കാരിന്റെ ശ്രദ്ധേയമായ നേട്ടമാണ്. 1977 ൽ സ്ഥാപിതമായ ഒഡെപെക് ഇന്നുവരെ ഏകദേശം 12,500 വിദേശ നിയമനങ്ങൾക്ക് സൗകര്യമൊരുക്കിയിട്ടുണ്ട്, ഇതിൽ ഏകദേശം 40 ശതമാനവും ഇപ്പോഴത്തെ സർക്കാരിന്റെ കാലത്താണ് നേടിയത്. ശ്രദ്ധേയമായി, 2016 മുതൽ മാത്രം 4,400 വിദേശനിയമങ്ങളാണ് ഈസ്ഥാപനം മുഖേന നടന്നത്.

ഈ കാലയളവിൽ, ഗൾഫ് മേഖല, സിംഗപ്പൂർ, മലേഷ്യ തുടങ്ങിയ പരമ്പരാഗത ലക്ഷ്യസ്ഥാനങ്ങൾക്ക് പുറമെ, യുണൈറ്റഡ് കിംഗ്ഡം, ജർമ്മനി, ബെൽജിയം, ഉസ്ബെക്കിസ്ഥാൻ, തുർക്കി എന്നിവയുൾപ്പെടെയുള്ള പുതിയതും വികസിതവുമായ തൊഴിൽ വിപണികളിലേക്ക് ODEPC തങ്ങളുടെ റിക്രൂട്ട്മെന്റ് വ്യാപിപ്പിച്ചു. ഈ വൈവിധ്യവൽക്കരണം കേരളത്തിലെ ആഗോള തൊഴിൽ ശക്തിയുടെ ദൃശ്യപരത വർധിപ്പിക്കുകയും വൈദഗ്ധ്യമുള്ള യുവാക്കൾക്ക് ഉയർന്ന നിലവാരമുള്ള തൊഴിലവസരങ്ങൾ തുറക്കുകയും ചെയ്തു.

വിദേശ റിക്രൂട്ട്മെന്റിനു പുറമേ, വിദേശ പഠനത്തിനുള്ള സൗകര്യങ്ങളും നൈപുണ്യ വികസന സംരംഭങ്ങളും ഉൾപ്പെടുത്തുന്നതിനായി ODEPC അതിന്റെ വ്യാപ്തി വിപുലീകരിച്ചിട്ടുണ്ട്. ഭാവിയിലേക്കുള്ള ഈ കരുതൽ, സംസ്ഥാനത്തെ യുവാക്കളുടെ ഭാവിസുരക്ഷിതമാക്കുന്നതിനും ആഗോളതലത്തിൽ കഴിവുള്ള മനുഷ്യശക്തിയുടെ വിശ്വസനീയ സ്രോതസ്സായി കേരളത്തെ സ്ഥാപിക്കുന്നതിനുമുള്ള കേരള സർക്കാരിന്റെ ശക്തമായ പ്രതിബദ്ധതയെ എടുത്തു കാണിക്കുന്നു.

നൈതിക കുടിയേറ്റം പ്രോത്സാഹിപ്പിക്കുകയും, ആഗോള അവസരങ്ങൾ വിപുലീകരിക്കുകയും, ഉത്തരവാദിത്വമുള്ള വിദേശ തൊഴിലിലൂടെ കേരളീയരുടെ ജീവിത സുരക്ഷ ഉറപ്പാക്കുകയും ചെയ്യുന്ന ഒഡെപെക്, കേരള സർക്കാരിന്റെ ഫ്ളാഗ്ഷിപ്പ് സ്ഥാപനമായി മാറിയിരിക്കുന്നു. ■

പ്രവാസം അവസാനിപ്പിച്ച് നാട്ടിലെത്തുന്നവർക്ക് പിന്നീട് എന്ത് എന്നത് വലിയ പ്രതിസന്ധിയാണ്. ആ പ്രതിസന്ധികാലത്ത് കരുത്തായി കൂടെനിന്ന നോർക്കയുടെ പിന്തുണയിൽ ജീവിതം കരുപ്പിടിപ്പിച്ചവരുടെ കഥ




# മടങ്ങിയെത്തിയവർ പുതുജീവിതത്തിലേക്ക്


## 1 ജോലിയിൽ നിന്ന് ബിസിനസിലേക്കൊരു വിരമിക്കൽ

സൗദി അറേബ്യയിലെ റിയാദിൽ മൈക്രോബയോളജി വിഭാഗം കോർഡിനേറ്ററായി 34 വർഷം ജോലി ചെയ്താണ് തിരുവനന്തപുരം മരപ്പാലം സ്വദേശി സതീഷ്കുമാർ നാട്ടിലേക്ക് മടങ്ങിയത്. വിരമിച്ചതിന് ശേഷം നാട്ടിലെത്തിയ സതീഷിന് സ്വന്തമായി എന്തെങ്കിലും സംരംഭം ആരംഭിക്കണമെന്നായിരുന്നു ആഗ്രഹം. വിപണിയിലെ ശക്തമായ മത്സരത്തിന്റെ പശ്ചാത്തലത്തിൽ പുതിയൊരു ബിസിനസ് എന്നത് എളുപ്പമല്ലെന്ന് സതീഷിനറിയാം. ബിസിനസിൽ പിടിച്ചുനിൽക്കാൻ ശരിയായ മനോഭാവവും ശക്തമായ ജീവിതോൽക്കർഷബോധവും അനിവാര്യമാണ്. എന്നാൽ അദ്ദേഹത്തിനത് പ്രയാസകരമായിരുന്നില്ല. അദ്ദേഹത്തിന്റെ മക്കൾ ഫോട്ടോഗ്രഫിയിലും ജേർണലിസത്തിലും ബിരുദം നേടിയവരാണ്. ഈ മേഖലയിലെ



സാങ്കേതികവും സൃഷ്ടിപരവുമായ കാര്യങ്ങളിൽ അവർ ഇതിനകം പരിചയസമ്പന്നരുമായിരുന്നു. അതുകൊണ്ടുതന്നെ ആ മേഖലയിലേക്ക് തിരിയാനാണ് സതീഷ് തീരുമാനിച്ചത്. സൗഹൃദങ്ങളും പരിചയങ്ങളും നാട്ടുകാരുടെ പ്രോത്സാഹനവും ചേർന്നപ്പോൾ ധാരാളം ജോലികൾ ലഭിക്കുകയും വർഷങ്ങളോളം സ്ഥിരതയോടെ മുന്നോട്ട് പോകാനും സഹായിച്ചു.

മക്കൾ പ്രവർത്തിച്ചിരുന്ന തൊഴിൽമേഖലയുമായി തന്റെ വിദേശജോലിക്ക് സാമ്യമൊന്നുമുണ്ടായിരുന്നില്ലെങ്കിലും അതിലേക്ക് തിരിയുകയും നിക്ഷേപിക്കുകയും ചെയ്തതിനെ അവർ പൂർണ്ണമായി പിന്തുണച്ചു. സ്റ്റുഡിയോയെ ശക്തിപ്പെടുത്തുന്നത് അവർക്ക് സഹായകരമാവുന്നതിനൊപ്പം വിരമിച്ചതിന് ശേഷമുള്ള സതീ




ഷിന്റെ ജീവിതത്തിന് പുതിയ ദിശ നൽകുകയും ചെയ്തു. ഇങ്ങനെയാണ് നോർക്ക വഴിയുള്ള വായ്പ എടുത്ത് ബിസിനസ് വികസിപ്പിക്കുന്നത്.

ഈ തീരുമാനത്തിലേക്ക് എത്തുന്നതിന് മുൻപ്, നോർക്ക മുഖേന സർക്കാരിന്റെ പിന്തുണയോടെ നടത്തിയ ഭക്ഷ്യോൽപ്പാദനവും ചെറുകിട സംരംഭങ്ങളുമായി ബന്ധപ്പെട്ട നിരവധി പരിശീലന പരിപാടികളിൽ അദ്ദേഹം പങ്കെടുത്തു. അവ ഉപകാരപ്രദമായിരുന്നെങ്കിലും ഓരോ മേഖലയിലും അതതിന്റെ വെല്ലുവിളികൾ ഉണ്ടെന്ന് തിരിച്ചറിഞ്ഞു. കുടുംബത്തിനകത്ത് നിലവിലുള്ള ബിസിനസിൽ നിക്ഷേപിക്കുന്നതാണ് കൂടുതൽ സ്ഥിരതയും ദീർഘകാല സാധ്യതയും ഉള്ളതെന്ന് ബോധ്യപ്പെട്ടതോടെ അതിലേക്ക് തിരിയുകയായിരുന്നു.

നോർക്കയുടെ പരിശീലന പരിപാടികളിലൂടെയാണ് വായ്പാ പദ്ധതികളെക്കുറിച്ച് ആദ്യമായി അറിയുന്നത്. നോർക്കയുടെ സോഷ്യൽ മീഡിയ, ടെലിവിഷൻ പരിപാടികൾ, പത്രങ്ങൾ, പ്രവാസി സംഘങ്ങളുടെ വാട്സ്ആപ്പ് ഗ്രൂപ്പുകൾ എന്നിവയും വിവരസ്രോതസ്സുകളായി. നോർക്ക ഓഫീസ് സന്ദർശിച്ച് പുസ്തകങ്ങളും അച്ചടിച്ച രേഖകളും സംഘടിപ്പിച്ചു. വിശദമായ വിവരങ്ങളും അവർ നൽകി. വായ്പ എങ്ങനെ ഘട്ടംഘട്ടമായി ഉപയോഗിക്കണമെന്ന് വിശദീകരിക്കുന്ന പരിശീലനങ്ങളിൽ പങ്കെടുത്തു. ഇത്തരം സെഷനുകളിൽ പങ്കെടുത്തത് സംവിധാനം എങ്ങനെ പ്രവർത്തിക്കുന്നു എന്നതിൽ വ്യക്തമായ ധാരണ ലഭിക്കാൻ സഹായിച്ചു. വായ്പാമേള പോലുള്ള പരിപാടികളിലും പങ്കെടുത്തു.

2023ൽ എടുത്ത ഈ വായ്പയുടെ സഹായത്താൽ, അഞ്ച് വർഷമായി പ്രവർത്തിച്ചുവരുന്ന സ്റ്റുഡിയോയെ വിജയകരമായി വികസിപ്പിക്കാനായി. ഈ വളർച്ച മികച്ച പ്രൊഫഷണലിസം കൊണ്ടുവന്നു. ഇന്ന് സ്റ്റുഡിയോയിൽ ഡിസൈൻ, വീഡിയോഗ്രഫി, ആൽബം എഡിറ്റിങ് തുടങ്ങിയ മേഖലകളിൽ എട്ട് ജീവനക്കാർ ജോലി ചെയ്യുന്നു. വിവാഹങ്ങൾ, വാർഷികങ്ങൾ തുടങ്ങിയ പരിപാടികളുടെ വലിപ്പമനുസരിച്ച് നിരവധി യൂണിറ്റുകളും കൈകാര്യം ചെയ്യുന്നു. ഇതുവഴി വരുമാനം വർധിക്കുകയും സാമ്പത്തികസ്ഥിരത കൈവരിക്കുകയും ചെയ്തു.

കേരളത്തിലേക്ക് മടങ്ങി സ്വന്തമായി എന്തെങ്കിലും ആരംഭിക്കാൻ ആഗ്രഹിക്കുന്ന പ്രവാസികളോട് ഇന്നത്തെ കേരളം പുതിയ സംരംഭങ്ങൾക്ക് അനുകൂലമായ അന്തരീക്ഷമാണ് നൽകുന്നതെന്നാണ് സതീഷിന് പറയാനുള്ളത്. സർക്കാരും നോർക്കയും ശക്തമായ പിന്തുണയാണ് നൽകുന്നത്. എന്നാൽ, ഏത് മേഖലയിലേക്കാണ് കടക്കുന്നത് എന്നതിനെക്കുറിച്ച് വ്യക്തമായ ധാരണയും അതിൽ സ്ഥിരത കൈവരിക്കുംവരെ തുടർച്ചയായി പരിശ്രമിക്കാനുള്ള ദൃഢനിശ്ചയവും അനിവാര്യമാണ്. ബിസിനസ് വളർച്ച നേടുമ്പോൾ നല്ല മാനേജ്മെന്റ് ടീമിനെ രൂപീകരിക്കേണ്ടതും അത്യാവശ്യമാണ്. സഹായമില്ലാതെ രാവും പകലുമില്ലാതെ പ്രവർത്തിക്കുന്നത് സാമ്പത്തികമായും ആരോഗ്യപരമായും ക്ഷീണകരമാകാം. നല്ല മേൽനോട്ടം, ആസൂത്രണം, മൂലധനത്തിന്റെ യാഥാർഥ്യപരമായ വിനിയോഗം എന്നിവയിലൂടെ ഏതൊരു സംരംഭവും വികസിപ്പിക്കാം. ഇന്നത്തെ കേരളത്തിൽ വെല്ലുവിളികളെ അതിജീവിച്ച് മുന്നോട്ട് പോകാൻ കഴിയുന്ന ഒരു അന്തരീക്ഷം നിലവിലുണ്ടെന്നത് മടങ്ങിയെത്തുന്ന ഓരോ പ്രവാസിയും മനസ്സിലാക്കണമെന്നും സതീഷ് പറയുന്നു.

## 2 ലളിതമായി ചുവടുകളിൽ കരുത്താർജിച്ച സംരംഭം

തിരുവനന്തപുരം ജില്ലയിലെ കോവളത്തിന് സമീപമുള്ള കല്ലുവെട്ടാങ്കുഴിയിൽ താമസിക്കുന്ന ജിബിലിൻ ജസ്റ്റസ്, നോർക്ക റൂട്ട്സിന്റെ സഹായത്തോടെ സ്വന്തം ജീവിതം വിജയകരമായി പുനർനിർമ്മിച്ച സംരംഭകനാണ്. രണ്ട് വർഷങ്ങൾക്ക് മുമ്പ് വിദേശത്ത് നിന്ന് നാട്ടിലേക്ക് മടങ്ങിയ ശേഷം ടാക്സി സർവീസ് ആരംഭിക്കുന്നതിനായി നോർക്ക റൂട്ട്സിന്റെ പ്രവാസി ലോൺ പദ്ധതിയിൽ നിന്ന് അദ്ദേഹം ഒരു സെഡാൻ കാർ വാങ്ങുന്നതിനായി വായ്പ നേടി. ഇന്ന് അദ്ദേഹം സ്വന്തം വാഹനം ഉപയോഗിച്ച് ടൂറിസ്റ്റ് ട്രാവൽ പാക്കേജുകളടങ്ങിയ ഒരു ബിസിനസ് വിജയകരമായി നടത്തുന്നു.



നോർക്ക റൂട്ട്സ് നൽകിയ സേവനങ്ങളിലും പദ്ധതികളിലും അദ്ദേഹം സന്തുഷ്ടനാണ്. വിദേശത്ത് നിന്ന് മടങ്ങിയെത്തിയ പ്രവാസികൾക്ക് സഹായകരമായ രീതിയിലാണ് നോർക്ക റൂട്ട്സ് പ്രവർത്തിക്കുന്നതെന്ന് അദ്ദേഹം പറയുന്നു.

മറ്റ് ബാങ്കുകളെയും ധനകാര്യ സ്ഥാപനങ്ങളെയും അപേക്ഷിച്ച് നോർക്ക റൂട്ട്സിന്റെ സേവനങ്ങൾ സൗഹാർദപരവും നടപടിക്രമങ്ങൾ വളരെ ലളിതവുമാണെന്ന് ജിബിലിൻ പറയുന്നു. ആദ്യം പല ബാങ്കുകളിൽ വായ്പയ്ക്കായി സമീപിച്ചിരുന്നു. തന്റെ കൈവശമില്ലാത്ത നിരവധി രേഖകൾ വായ്പ അനുവദിക്കുന്നതിനായി ആവശ്യപ്പെട്ടതോടെയാണ് നോർക്ക റൂട്ട്സിനെക്കുറിച്ച് അറിയുന്നത്. മാനേജരെ കണ്ടപ്പോൾ തന്നെ വായ്പാനടപടികൾ ലളിതമാണെന്ന് മനസ്സിലായി. പാൻ കാർഡും ആധാർ കാർഡും മാത്രമാണ് നോർക്കയിൽ ആവശ്യപ്പെട്ടതെന്നും അദ്ദേഹം പറഞ്ഞു.

വായ്പ ലഭിച്ച് ബിസിനസ് ആരംഭിച്ചതിന് ശേഷം, ജിബിലിൻ തന്റെ അഞ്ച് സുഹൃത്തുകൾക്ക് കൂടി നോർക്ക ശുപാർശ ചെയ്തു. അദ്ദേഹത്തിന്റെ വിജയത്തിൽ നിന്ന് പ്രചോദനം നേടിയ സുഹൃത്തുക്കളും നോർക്ക റൂട്ട്സിന്റെ വായ്പകൾ ഉപയോഗിച്ച് സ്വന്തം സംരംഭങ്ങൾ ആരംഭിച്ചു. ഇന്ന് അവർ എല്ലാവരും സ്വന്തം നാട്ടിൽ സന്തോഷത്തോടെയും സാമ്പത്തിക സുരക്ഷയോടെയും ജീവിതം നയിക്കുകയാണ്.

ജിബിലിൻ ജസ്റ്റസിന്റെ ജീവിതകഥ, വിദേശത്ത് നിന്ന് മടങ്ങിയെത്തുന്ന പ്രവാസികൾക്ക് നോർക്ക റൂട്ട്സ് നൽകുന്ന സാമ്പത്തിക പിന്തുണയും ലളിതമായ നടപടിക്രമങ്ങളും ആത്മാർത്ഥമായ സഹായവും എത്രത്തോളം ജീവിതം മാറ്റിമറിക്കാമെന്നതിന്റെ മികച്ച ഉദാഹരണമാണ്.

## 3 ഓട്ടോയ്ക്കൊപ്പം കുതിക്കുന്നു രാജയ്യയുടെ ജീവിതം



തിരുവനന്തപുരം ഉളിയാഴത്തുറ പൗഡിക്കോണം പ്രദേശത്ത് താമസിക്കുന്ന എൻ എസ് രാജയ്യ കോവിഡിന്റെ അനിശ്ചിതത്വത്തിലാണ് നാട്ടിലേക്ക് മടങ്ങുന്നത്. വർഷങ്ങളായി സൗദിയിലായിരുന്ന ജോലി. വാഹനങ്ങളുടെ സർവീസുമായി ബന്ധപ്പെട്ട ഓട്ടോ-ഡെന്ററായിട്ടായിരുന്നു ജോലി ചെയ്തിരുന്നത്. കടുത്ത ജോലി സമ്മർദ്ദവും വർധിച്ച മാനസികാരോഗ്യ പ്രശ്നങ്ങളും നിറഞ്ഞതായിരുന്ന കോവിഡ് കാലം. അതോടെ വിദേശത്ത് തുടരാൻ പ്രയാസമായി.

നാട്ടിലേക്ക് മടങ്ങിയെങ്കിലും അടുത്തത് എന്ത് എന്നറിയാതെ ജീവിതം അനിശ്ചിതത്വത്തിലായി. വാഹനങ്ങളോടുള്ള താൽപര്യമുള്ളതിനാൽ സൗദിയിൽ ചെയ്തതുപോലെയുള്ള വാഹനങ്ങളുടെ പാച്ച് വർക്ക് ജോലികൾ ചെയ്യാമെന്നാണ് ആദ്യം തീരുമാനിച്ചത്. അതിനായി പ്രമുഖ മോട്ടോർ വാഹന സർവീസ് കേന്ദ്രത്തിൽ പാച്ച് വർക്ക് മെക്കാനിക്കായി ജോലിയിൽ പ്രവേശിച്ചു. പിന്നീട് സെക്കൻഡ്-ഹാൻഡ് കാർ ബിസിനസിൽ കൈവെച്ചെങ്കിലും അത് വിജയിച്ചില്ല. ഒടുവിൽ സ്വന്തമായി ഒരു ഓട്ടോറിക്ഷ വാങ്ങാൻ തീരുമാനിച്ചു. സുഹൃത്തുക്കൾ പറഞ്ഞറിഞ്ഞ് നോർക്കയുമായി ബന്ധപ്പെട്ടപ്പോഴാണ് വായ്പാപദ്ധതികളെ കുറിച്ച് അറിയുന്നത്. ലളിതമായ നടപടിക്രമങ്ങളിലൂടെ വായ്പ ലഭിച്ചതോടെ ആ ആഗ്രഹം സഫലീകരിച്ചു.

ഇന്ന് ഏത് ആവശ്യങ്ങൾക്കും യാത്രകൾക്കും ചുറ്റുമുള്ളവർക്ക് ആശ്രയിക്കാവുന്ന ഒരാളായി രാജയ്യ മാറി. മൂന്ന് വർഷമായി ഇതേ ജോലിയിൽ സംതൃപ്തിയോടെ തുടരുന്നു. സ്വയം പടുത്തുയർത്തിയ ജീവിതത്തെയും ചെയ്യുന്ന ജോലിയെയും ആത്മാർത്ഥതയോടെ സമീപിക്കുന്ന രാജയ്യയ്ക്ക് ചുറ്റുമുള്ള നന്മ നിറഞ്ഞ മനുഷ്യരുടെ അകമഴിഞ്ഞ പിന്തുണയുമുണ്ട്. ഭാര്യ മിറാണ്ടയോടും മക്കളായ ഷിബിൻ, നിതിൻ എന്നിവർക്കുമൊപ്പം അഭിമാനത്തോടെ ജീവിക്കുന്നുവെന്ന് രാജയ്യ സാക്ഷ്യപ്പെടുത്തുന്നു.

## 4 വായ്പയും തീർത്ത് മുന്നേറുന്ന വിജയം

തിരുവനന്തപുരം ജില്ലയിലെ പാലോട് സ്വദേശിയായ എ.ആർ. സിദ്ദീഖ് 2023-ലാണ് നോർക്ക റൂട്ട്സ് നടപ്പിലാക്കുന്ന മടങ്ങിയെത്തിയ പ്രവാസികൾക്കുള്ള വായ്പ പദ്ധതി പ്രയോജനപ്പെടുത്തി തന്റെ സംരംഭക സ്വപ്നം സാക്ഷാത്കരിക്കുന്നത്. ഈ വായ്പയുടെ സഹായത്തോടെ അദ്ദേഹം തിരുവനന്തപുരത്ത് ഒരു ബേക്കറി ആരംഭിച്ചു.



ആരോഗ്യപരമായ കാരണങ്ങളും പ്രായാധിക്യവും മൂലം വീണ്ടും ഗൾഫിലേക്ക് മടങ്ങാനുള്ള തീരുമാനം സിദ്ദീഖ് ഉപേക്ഷിക്കുകയായിരുന്നു. അതിനുശേഷം നാട്ടിൽതന്നെ സ്ഥിരതയുള്ള ഒരു ഉപജീവനമാർഗം കണ്ടെത്തണമെന്ന ലക്ഷ്യത്തോടെയാണ് നോർക്ക റൂട്ട്സിന്റെ സഹായം തേടിയത്.

നോർക്ക റൂട്ട്സിന്റെ സാമ്പത്തിക പിന്തുണയും ലളിതമായ നടപടിക്രമങ്ങളും അദ്ദേഹത്തിന് വലിയ ആത്മവിശ്വാസം നൽകി. കഠിനാധ്വാനത്തിലൂടെയും സ്ഥിരമായ പരിശ്രമത്തിലൂടെയും അദ്ദേഹം ആരംഭിച്ച ബേക്കറി ഇന്ന് വിജയകരമായി പ്രവർത്തിക്കുന്നു. എടുത്തുപറയേണ്ട കാര്യം, ആരംഭിച്ച സംരംഭം വിജയിപ്പിക്കുക വഴി വായ്പയുടെ മുഴുവൻ തുകയും സമയബന്ധിതമായി അടച്ചുതീർത്തുവെന്നതാണ്. ഇന്ന് ബിസിനസിലും ജീവിതത്തിലും പൂർണ്ണസംതൃപ്തനായി നാട്ടിൽതന്നെ ആത്മവിശ്വാസത്തോടെ മുന്നേറുകയാണ് സിദ്ദീഖ്. മടങ്ങിയെത്തുന്ന പ്രവാസികൾക്ക് മാതൃകയായും ഉപദേശിയായും അദ്ദേഹം മാറുന്നുണ്ട്.

## 5 പ്രതിസന്ധികളിൽ ഉലയാത്ത പിന്തുണ

വിദേശജോലി തേടി അന്യരാജ്യത്തെത്തി അവിടെ വഞ്ചിക്കപ്പെട്ട അനേകരുടെ പ്രതിനിധിയാണ് തിരുവനന്തപുരം വിഴിഞ്ഞം സ്വദേശിയായ ബിനു. 1996ലാണ് ബിനു ഗൾഫിലേക്ക് ജോലി തേടി പോകുന്നത്. അവിടെ നേരിട്ട വ്യാജ വാഗ്ദാനങ്ങളും കുറഞ്ഞ ശമ്പളവും കടുത്ത ജീവിത സാഹചര്യങ്ങളും കാരണം ജോലി ഉപേക്ഷിച്ച് നാട്ടിലേക്ക് മടങ്ങേണ്ടിവന്നു.



കടുത്ത മാനസിക സമ്മർദ്ദങ്ങൾക്ക് വിധേയമായ ആ കാലഘട്ടത്തെ ബിനു മറികടന്നത് കുടുംബത്തിന്റെ ശക്തമായ പിന്തുണയിലാണ്. പിന്നീട് ബിനു ഷാമിയാന (പന്തൽ) ഹയർ സർവീസ് ആരംഭിച്ചു. സ്ഥിരോത്സാഹത്തോടെ കഠിനപ്രയത്നം നടത്തി. 2023-ൽ നോർക്കയിൽ നിന്ന് മൂന്ന് ലക്ഷം രൂപയുടെ വായ്പയെടുത്ത് സംരംഭം വിപുലീകരിച്ചു. നിലവിൽ അഞ്ച് വർഷമായി ഈ രംഗത്ത് പ്രവർത്തിക്കുന്ന ബിനു സ്ഥിരവരുമാനവും ആത്മവിശ്വാസവും നേടിയെടുത്തു കഴിഞ്ഞു.

പിന്നിട്ട വഴികളെക്കുറിച്ചോർക്കുമ്പോൾ നോർക്ക റൂട്ട്സിന്റെ സൗഹാർദ്ദപരമായ സമീപനത്തിനും മികച്ച സേവനങ്ങൾക്കുമാണ് ബിനു ഹൃദയപൂർവം നന്ദി പറയുന്നത്. നോർക്കയിലെ മാനേജർ തുറന്ന സമീപനമുള്ള ആളായിരുന്നു. വായ്പ ലഭിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ നടപടികളും വളരെ ലളിതവും ബുദ്ധിമുട്ടില്ലാത്തതുമായിരുന്നു. അതുകൊണ്ടുതന്നെ വായ്പാ പ്രക്രിയ എളുപ്പത്തിൽ പൂർത്തിയാക്കാനായി. നോർക്കയിൽ നിന്ന് ലഭിച്ച മികച്ച അനുഭവം പലരോടും ബിനു പങ്കുവെച്ചു. വായ്പ ആവശ്യമായ പലർക്കും ബിനു നോർക്ക ശുപാർശ ചെയ്തു. അവരുടെ വളർച്ചയ്ക്ക് നോർക്കയുടെ പിന്തുണ സഹായകരമാകുന്നതിന് അദ്ദേഹം സാക്ഷിയാവുകയും ചെയ്തു.

ഒരു വ്യക്തിക്ക് ഒന്നിൽ കൂടുതൽ തവണ വായ്പ ലഭിക്കുന്ന സംവിധാനം കൂടി നോർക്ക ഒരുക്കിയാൽ ചെറുസംരംഭകർക്ക് സഹായകരമാകുമെന്ന അഭ്യർഥന കൂടി അദ്ദേഹം മുന്നോട്ടു വയ്ക്കുന്നു.

## 6 കുടുംബത്തോടൊപ്പം ചേരാനായി മടക്കം



കുടുംബത്തിന്റെ ഉത്തരവാദിത്തങ്ങളും ബാധ്യതകളും കാരണമാണ് കമലേശ്വരത്ത് താമസിക്കുന്ന പി.പ്രവീൺ പ്രവാസജീവിതം അവസാനിപ്പിച്ച് നാട്ടിലേക്ക് മടങ്ങിയത്. ദുബായിൽ ടാക്സി ഡ്രൈവറായിരുന്നു. 2015-ലാണ് നാട്ടിലേക്ക് മടങ്ങിയത്. പിന്നീട് 10

# നോർക്ക വഴി സംരംഭം തുടങ്ങിയവർ......

## കോവിഡിലും തളരാത്ത സ്വപ്നം



ആലപ്പുഴ ജില്ലയിലെ കായംകുളം സ്വദേശിയായ സിജിൽ സൗദിയിലാണ് ജോലി ചെയ്തിരുന്നത്. കോവിഡ്കാലത്താണ് നാട്ടിലേക്ക് മടങ്ങിയത്. പ്രവാസജീവിതം അവസാനിപ്പിച്ച് കുടുംബത്തോടൊപ്പം സ്വന്തം നാട്ടിൽ സ്ഥിരതയുള്ള ജീവിതം നയിക്കണമെന്നായിരുന്നു ആഗ്രഹം.

നാട്ടിലെത്തിയതിന് ശേഷം മറ്റൊരു ജോലി തേടുന്നതിനുപകരം സ്വന്തമായി ഒരു സംരംഭം ആരംഭിക്കണമെന്ന തീരുമാനത്തിലേക്ക് സിജിൽ എത്തി. വിപണിയിലെ മത്സരം ശക്തമാണെന്നും പുതിയൊരു ബിസിനസ് ആരംഭിക്കുന്നത് വെല്ലുവിളിയാണെന്നും സിജിലിനറിയാമായിരുന്നു. എങ്കിലും ശരിയായ ആസൂത്രണവും ആത്മവിശ്വാസവും ഉണ്ടെങ്കിൽ മുന്നോട്ടുപോകാൻ കഴിയുമെന്ന വിശ്വാസം സിജിലിനുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് സ്വന്തം നാട്ടിൽ ശസ്ത്രക്രിയ ഉപകരണങ്ങളുടെ വിതരണശാലയും ഫാർമസിയും ആരംഭിച്ചത്.

ഈ സംരംഭം ആരംഭിക്കുന്നതിന് നോർക്ക റൂട്ട്സിലൂടെ വായ്പ സ്വീകരിച്ചു. ഈ സാമ്പത്തിക പിന്തുണ ബിസിനസ് സ്ഥിരതയോടെ മുന്നോട്ടുകൊണ്ടുപോകാൻ വലിയ സഹായമായി. വിദേശത്ത് ജോലി ചെയ്തിരുന്ന കാലത്ത് നേടിയ അനുഭവങ്ങളും സാമ്പത്തിക അച്ചടക്കവും ബിസിനസ് നടത്തിപ്പിൽ നിർണായകമായി. ഇപ്പോൾ ബിസിനസ് വികസിപ്പിക്കാനുള്ള പദ്ധതികളിലാണ് സിജിൽ. ശസ്ത്രക്രിയ ഉപകരണങ്ങൾ മെച്ചപ്പെടുത്തുന്നതിനൊപ്പം വിതരണ ശൃംഖല കാര്യക്ഷമമാക്കാനും സഹായകരമാകും.

സ്വന്തം അനുഭവം മറ്റുള്ളവരുമായി പങ്കുവെക്കുന്നതിലും സിജിൽ മുന്നിലാണ്. നാട്ടിലേക്ക് മടങ്ങി ബിസിനസ് ആരംഭിച്ച് ഇവിടെ തന്നെ സ്ഥിരതയുള്ള ജീവിതം നയിക്കണമെന്ന ആഗ്രഹമുള്ള തന്റെ സുഹൃത്തുക്കൾക്ക് അദ്ദേഹം നോർക്ക റൂട്ട്സിന്റെ വായ്പാപദ്ധതികളും സർക്കാർ പിന്തുണയും ശുപാർശ ചെയ്തു. സിജിലിന്റെ വിജയകരമായ സംരംഭകയാത്ര അദ്ദേഹത്തിന്റെ സുഹൃത്തുക്കൾക്കും നാട്ടിലേക്ക് മടങ്ങാൻ ആലോചിക്കുന്ന പ്രവാസികൾക്കും പ്രചോദനമായിട്ടുണ്ട്. പെരുങ്കാലയിലെ കൊല്ലശ്ശേരിൽ തറയിൽ അച്ഛനും അമ്മയ്ക്കുമൊപ്പമാണ് താമസം.

വർഷത്തോളം ഒരു ട്രാവലിങ് ഏജൻസിയിൽ ഡ്രൈവറായി ജോലി ചെയ്തു. അതിനുശേഷമാണ് സ്വന്തമായി എന്തെങ്കിലും ചെയ്യണമെന്ന ആഗ്രഹമുണ്ടായത്.

2023-ൽ സ്വന്തമായി ഒരു ടാക്സി ബിസിനസ് ആരംഭിക്കാനും വികസിപ്പിക്കാനും വേണ്ടി നോർക്കയിൽ നിന്ന് വായ്പ എടുത്തു. വായ്പാ സഹായം ലഭിച്ചതോടെ സാമ്പത്തിക സമ്മർദ്ദമില്ലാതെ ആദ്യ നിക്ഷേപങ്ങൾ നടത്താനായി. ലളിതമായ നടപടിക്രമങ്ങളും നോർക്കയിലെ ഉദ്യോഗസ്ഥരുടെ മാർഗനിർദ്ദേശങ്ങളും വഴി സംരംഭം ആരംഭിക്കുന്നതെങ്ങനെ എന്ന് മനസ്സിലാക്കാനും അത് പ്രാവർത്തികമാക്കാനുമായി. നോർക്കയെ സമീപിക്കുന്നതിന് മുമ്പ് പ്രവീൺ മറ്റ് ബാങ്കുകളെയും സമീപിച്ചിരുന്നുവെങ്കിലും അവിടുത്തെ നടപടികൾ ദുഷ്കരവും വായ്പ ലഭിക്കുക ഏറെ ബുദ്ധിമുട്ടുള്ളതുമായിരുന്നു. എന്നാൽ നോർക്കയിൽനിന്ന് രണ്ടാഴ്ചയ്ക്കുള്ളിൽ വായ്പ ലഭിച്ചു.

ഇന്ന് പ്രവീണിന്റെ ടാക്സി ബിസിനസ് നല്ല രീതിയിൽ മുന്നോട്ടുപോകുകയാണ്. കമലേശ്വരത്തിലുള്ള വീട്ടിൽ ഭാര്യയോടും രണ്ട് മക്കളോടും കൂടിയാണ് താമസം.

## 7 വൈകിയെടുത്ത അംഗത്വത്തിൽ വേഗമെത്തിയ വിജയം



സൗദിയിൽ ജോലി ചെയ്തിരുന്ന തിരുവനന്തപുരം പട്ടം സ്വദേശി ഷാജി അവിടെ സർക്കാർ നടപ്പാക്കിയ നിയമങ്ങൾ കാരണമാണ് ജോലി ഉപേക്ഷിച്ച് നാട്ടിലേക്ക് മടങ്ങിയത്. സ്വന്തം നാട്ടിൽ സ്വയംതൊഴിൽ എന്ന ലക്ഷ്യവുമായായിരുന്നു മടക്കം. എന്നാൽ ഷാജി തുടക്കത്തിൽ നോർക്കയിൽ അംഗത്വമെടുത്തിരുന്നില്ല. പിന്നീട് ലളിതമായ നടപടിക്രമങ്ങളിലൂടെ നോർക്കയുടെ വായ്പ നേടാനായി. മൂന്ന് വർഷങ്ങൾക്ക് മുമ്പ് നോർക്കയിൽ നിന്ന് വായ്പ ലഭിച്ചതോടെ ഓട്ടോറിക്ഷ വാങ്ങി. നോർക്കയുടെ പിന്തുണയിൽ ജീവിതം കരുപ്പിടിപ്പിച്ച ഷാജി മടങ്ങിയെത്തിയ പല പ്രവാസികൾക്കും നോർക്ക പരിചയപ്പെടുത്തുകയും ചെയ്തു.

## 8 സ്വയംതൊഴിൽ സ്വപ്നം യാഥാർഥ്യം

തിരുവനന്തപുരം ജില്ലയിലെ പാലോട് സ്വദേശിനിയായ ഷാനിഫാ ബീവി പ്രവാസജീവിതത്തിൽ നിന്ന് മടങ്ങിയെത്തിയവർക്ക് സഹായമായി നോർക്ക റൂട്ട്സ് നൽകുന്ന വായ്പ ഉപയോഗപ്പെടുത്തി ഒരു ഫ്ലവർ മിൽ ആരംഭിച്ചു. മൂന്ന വർഷങ്ങൾക്ക് മുമ്പാണ് അവർ ഈ വായ്പ എടുത്തത്. വായ്പയുടെ തിരിച്ചടവ് ഒരിക്കൽ പോലും മുടക്കിയിട്ടില്ല. തിരിച്ചടവിന് പുറമെ ലാഭം കണ്ടെത്താനും ഈ സംരംഭം വഴി കഴിയുന്നുണ്ടെന്ന് ഷാനിഫ പറഞ്ഞു. അവരുടെ സംരംഭം മികച്ച രീതിയിൽ മുന്നേറുകയാണ്. നോർക്കയുടെ സഹായം തന്റെ സ്വയംതൊഴിൽ സ്വപ്നം യാഥാർഥ്യമാക്കാൻ സഹായിച്ചുവെന്നും അവർ പറയുന്നു.

## 9 യഥാസമയം വായ്പ



തിരുവനന്തപുരം പട്ടം സ്വദേശിയായ എസ് വിനോദ് പ്രവാസജീവിതം അവസാനിപ്പിച്ച് നാട്ടിലേക്ക് മടങ്ങിയെത്തിയ ആളാണ്. കേരളത്തിലേക്ക് തിരിച്ചെത്തിയ ശേഷം നോർക്കയുടെ വായ്പാസഹായത്തോടെ അദ്ദേഹം ഒരു സ്കൂൾ വാൻ വാങ്ങി ഉപജീവനം ആരംഭിച്ചു. ഇപ്പോൾ നാല്

## ഇഷ്ടങ്ങൾക്ക് വിത്തിട്ട് വിജയം കൊയ്ത റഹീം

സൗദി അറേബ്യയിൽ ഇരുപത് വർഷത്തോളം ജോലി ചെയ്ത ശേഷം ഗൾഫ് ജീവിതം അവസാനിപ്പിച്ച് നാട്ടിലേക്ക് മടങ്ങിയതാണ് കോട്ടയം മൈനാഗപ്പള്ളി സ്വദേശി റഹീം. വിദേശത്തുള്ള ജോലി സാഹചര്യങ്ങൾ തനിക്ക് അനുകൂലമല്ലെന്ന് തോന്നിയതോടെയും കുടുംബത്തോടൊപ്പം സ്വന്തം നാട്ടിൽ ജീവിതം നയിക്കണമെന്ന ആഗ്രഹം ശക്തമായതോടെയുമാണ് അദ്ദേഹം നാട്ടിലേക്ക് മടങ്ങാൻ തീരുമാനിച്ചത്. സ്വന്തമായി ഒരു സംരംഭം ആരംഭിക്കുക എന്നതായിരുന്നു റഹീമിന്റെ ലക്ഷ്യം.



നാട്ടിലെത്തി ബിസിനസ് ആരംഭിക്കുക എന്നത് എളുപ്പമല്ലെന്ന തിരിച്ചറിവ് അദ്ദേഹത്തിനുണ്ടായിരുന്നു. എന്നിരുന്നാലും പ്രവാസജീവിതത്തിലൂടെ നേടിയ അനുഭവവും കഠിനാധ്വാനശീലവും ആത്മവിശ്വാസവും അദ്ദേഹത്തെ മുന്നോട്ടുനയിച്ചു. കൃഷിയോടും മൃഗസംരക്ഷണത്തോടുമുള്ള താൽപര്യം മുൻനിർത്തി റഹീം പശുഫാം ആരംഭിക്കുകയായിരുന്നു. ചിട്ടയായ പ്രവർത്തനത്തിലൂടെ സംരംഭം സ്ഥിരതയോടെ മുന്നേറി.

സംരംഭം ശക്തിപ്പെടുത്തുന്നതിനായി രണ്ട് വർഷം മുൻപ് നോർക്ക മുഖേന ആറുലക്ഷം രൂപയുടെ വായ്പ അദ്ദേഹം കൈപ്പറ്റി. മാധ്യമങ്ങളിലൂടെയും വിവിധ പ്രസിദ്ധീകരണങ്ങളിലൂടെയുമാണ് നോർക്ക പദ്ധതികളെക്കുറിച്ച് റഹീം അറിഞ്ഞത്. ലഭിച്ച സാമ്പത്തിക സഹായം ശരിയായ രീതിയിൽ വിനിയോഗിച്ച് പശുഫാം വികസിപ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചു. ഫാം ആരംഭിച്ചതുമുതൽ ഇതുവരെ മികച്ച രീതിയിലാണ് പ്രവർത്തനം പുരോഗമിക്കുന്നത്.

വായ്പ സമയബന്ധിതമായി അടച്ചുതീർക്കാൻ റഹീമിന് കഴിഞ്ഞതും സംരംഭം വിജയിച്ചതിന്റെ തെളിവാണ്. ഇന്ന് യാതൊരു ബാധ്യതകളുമില്ലാതെ പശുഫാം മുന്നോട്ടു പോകുന്നു. നിലവിലുള്ള ഫാമിന്റെ പ്രവർത്തനത്തിൽ തൃപ്തനായ റഹീം, ഭാവിയിൽ പത്ത് പശുക്കളെ കൂടി വാങ്ങി ഫാം വിപുലീകരിക്കാനുള്ള പദ്ധതികളും തയാറാക്കിയിട്ടുണ്ട്.

ഗൾഫ് ജീവിതം അവസാനിപ്പിച്ച് നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികൾക്ക്, ശരിയായ ആസൂത്രണവും ആത്മാർഥമായ പരിശ്രമവും ഉണ്ടെങ്കിൽ കേരളത്തിൽ വിജയകരമായി സംരംഭം നടത്താൻ സാധിക്കുമെന്ന് തെളിയിക്കുകയാണ് റഹീം. സർക്കാർ സംവിധാനങ്ങളുടെയും നോർക്ക പോലുള്ള സ്ഥാപനങ്ങളുടെയും പിന്തുണ മടങ്ങിയെത്തുന്ന പ്രവാസികൾക്ക് വലിയ കരുത്താണെന്നും, അവ ശരിയായി ഉപയോഗപ്പെടുത്താൻ കഴിയുന്നവർക്ക് നാട്ടിൽതന്നെ സ്ഥിരതയും വളർച്ചയും കൈവരിക്കാനാകുമെന്നും റഹീം പറയുന്നു.

വർഷം പൂർത്തിയാകുന്നു. തൊഴിൽജീവിതത്തിൽ സന്തുഷ്ടനാണ് അദ്ദേഹം. മറ്റു സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുക്കുന്നതു പോലെ ബുദ്ധിമുട്ടുള്ളതല്ല നോർക്കയിൽ നിന്ന് വായ്പ എടുക്കുന്നതെന്നും വായ്പ ലഭിക്കുന്നതിന് നോർക്ക തന്നെ ജാമ്യമായി നിൽക്കുമെന്നും അദ്ദേഹം പറഞ്ഞു.

## 10 അനുഭവങ്ങൾ ചേർത്തുവെച്ച് തുടങ്ങിയ സംരംഭം

24 വർഷങ്ങൾക്ക് മുമ്പ് സൗദിയിൽ സൂപ്പർമാർക്കറ്റിൽ ജോലി ചെയ്തിരുന്ന ബഷീർ പിന്നീട് കേരളത്തിലേക്ക് മടങ്ങി. 2001-ൽ നാട്ടിലേക്ക് മടങ്ങാനുള്ള തീരുമാനം വ്യക്തിപരമായ തിരഞ്ഞെടുപ്പായിരുന്നു. അവിടെ നിന്ന് ലഭിച്ച അനുഭവങ്ങളും പ്രാദേശിക വിപണിയെക്കുറിച്ചുള്ള അറിവും അടിസ്ഥാനമാക്കി സ്വന്തമായി എന്തെങ്കിലും ആരംഭിക്കണമെന്ന ആഗ്രഹവുമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ തനിക്ക് ആത്മവിശ്വാസമുണ്ടായിരുന്ന വസ്ത്രവ്യാപാരമേഖലയിലേക്ക് കടക്കാൻ അദ്ദേഹം തീരുമാനിച്ചു.

അന്നുമുതൽ വസ്ത്രവ്യാപാര രംഗത്ത് ഉറച്ചുനിന്നു. പ്രധാനഘട്ടങ്ങളിൽ ബിസിനസ് വികസിപ്പിക്കാനും നിലനിർത്താനും നോർക്ക നൽകുന്ന മൂന്ന് ലക്ഷം രൂപയുടെ വായ്പ സഹായകമായി. ഈ സാമ്പത്തിക പിന്തുണ വലിയ പ്രാധാന്യമുള്ളതായിരുന്നു. വലിയ തിരിച്ചടികളില്ലാതെ ബിസിനസ് മുന്നോട്ടുകൊണ്ടുപോകാനും നിയന്ത്രണം കൈവിടാതിരിക്കാനും ഇത് സഹായമായി. ബിസിനസ് ക്രമേണ വളർച്ച കൈവരിച്ചു. ഇന്ന് താൻ കൈവരിച്ചതെല്ലാം വർഷങ്ങളായുള്ള കഠിനാധ്വാനത്തിന്റെയും ശരിയായ മാനേജ്മെന്റിന്റെയും സമയോചിതമായ സഹായങ്ങളുടെയും ഫലമായിട്ടാണെന്നും അദ്ദേഹം പറഞ്ഞു. ശരിയായ അവസരങ്ങളും പിന്തുണ സംവിധാനങ്ങളും ലഭിച്ചാൽ മടങ്ങിയെത്തുന്ന പ്രവാസികൾക്ക് നാട്ടിൽ തന്നെ ജീവിതം വിജയകരമായി പുനർനിർമ്മിക്കാൻ കഴിയുമെന്ന് അദ്ദേഹത്തിന്റെ യാത്ര സാക്ഷ്യപ്പെടുത്തുന്നു.


## 11 സുതാര്യമായ സേവനം



തിരുവനന്തപുരം രാമപുരത്ത് താമസിക്കുന്ന കെ.എസ്.പ്രദീപ് പ്ലാവിളയിൽ കഴിഞ്ഞ നാല് വർഷമായി വസ്ത്രവ്യാപാരസ്ഥാപനം നടത്തുകയാണ്. സൗദീകരണം (സൗദി നാഷണലൈസേഷൻ) നയത്തിന്റെ ഭാഗമായാണ് സൗദി അറേബ്യയിൽ നിന്ന് കേരളത്തിലേക്ക് മടങ്ങിവന്നത്. ആദ്യം ജിദ്ദയിൽ ഡ്രൈവറായി ജോലി ചെയ്തെങ്കിലും അവിടത്തെ സാമൂഹികവും രാഷ്ട്രീയവുമായ സാഹചര്യം മാറിയതിനെ തുടർന്ന് നാട്ടിലേക്ക് മടങ്ങി. ബിസിനസ് ആരംഭിക്കുന്നതിനായി നോർക്കയിൽ നിന്ന് 10 ലക്ഷം രൂപ വായ്പ എടുത്തു. കട തുടങ്ങിയതിന് ശേഷമാണ് വായ്പ എടുത്തത്. മുഴുവൻ നടപടിക്രമങ്ങളും വളരെ ലളിതവും സുതാര്യവുമായിരുന്നു. ഈ പ്രക്രിയകൾ പൂർത്തിയാക്കുന്നതിന് നോർക്കയിലെ ഉദ്യോഗസ്ഥർ എല്ലാ സഹായവും നൽകിയതായും പ്രദീപ് പറയുന്നു. ■

**തയ്യാറാക്കിയത്:**
**അൻഫിയ. എ, റിൻസ പർവീൺ**

എതിരൻ കതിരവൻ
ശാസ്ത്രജ്ഞനും എഴുത്തുകാരനും



പ്രവാസിയുടെ വ്യക്തിത്വം അന്യമല്ലെന്നും അതിന്റെ തനിമ മറ്റേത് നാടൻ പൗരന്റേതുപോലെത്തന്നെയാണെന്നും കരുതാൻ പ്രയാസമുള്ളവരായി മലയാളികൾ ചമയാറുണ്ട്



# പ്രവാസിയുടെ സ്വത്വം

പ്രവാസി എന്ന വാക്ക് പ്രചലിതമാകുന്നതിനു എത്രയോ മുൻപ് പ്രവാസം എന്ന പ്രതിഭാസം നിലവിലുണ്ടായിരുന്നു. കുടിയേറ്റങ്ങൾ ജന്തുസഹജമാണ്, മനുഷ്യരുൾപ്പെടെ ജീവികൾ ലോകത്താകമാനം പടർന്നത് സ്വാഭാവികമായ ദൂരയാത്രകൾ വഴിയാണ്. ജീവിതരീതി മെച്ചപ്പെടുത്താനും കുടുംബത്തെ പോറ്റാനും ഈ അടുത്ത നൂറ്റാണ്ടുകളിൽ മറുരാജ്യങ്ങളിൽ കുടിയേറുമ്പോഴാണ് 'പ്രവാസി' എന്ന സ്വരൂപം സംജാതമാകുന്നത്. രണ്ടാം ലോകമഹായുദ്ധകാലത്താണ് ഏറ്റവും കൂടുതൽ മലയാളികൾക്ക് ഇത് വ്യക്തമായ അനുഭവം ആയി മാറിയത്. ബ്രിട്ടീഷ് സേനയിൽ ഭാഗഭാക്കാകുന്നതിൽക്കൂടി. അതിനും മുൻപേ കൊളോണിയൽ രീതികൾ ഇന്ത്യാക്കാരെ ആഫ്രിക്കയുടെ പലഭാഗങ്ങളും തെക്കെ അമേരിക്കയിലും പസഫിക് ദ്വീപുകളിലും എത്തിച്ചിരുന്നു. തിരിച്ചുവരാത്തവിധം അവിടെ പെട്ടുപോയതുകൊണ്ട് അവർ പ്രവാസികൾ ആയിരുന്നില്ല. പ്രവാസത്തിന്റെ വേദന കാല്പനികതയിൽ പ്രതിഫലിച്ചു തുടങ്ങിയത് രണ്ടാം ലോകയുദ്ധത്തോടുകൂടിത്തന്നെ. "ഇറ്റലിയെന്നൊരു നാട്ടിൽ പറന്നെത്തിയിട്ടുണ്ടോ നീ തത്തേ..." എന്ന മട്ടിലുള്ള പാട്ടുകൾ പ്രവാസികളാക്കപ്പെട്ടവരുടെ ഭാര്യമാരോ കാമുകിമാരോ പാടിത്തുടങ്ങിയത് അന്നത്തെ പ്രവാസികൾ പലരും തിരിച്ചെത്തുക പോലും ഇല്ലായിരുന്നു എന്നതിന്റെ പശ്ചാത്തലത്തിലാണ്.

സ്ത്രീകൾ ജോലിക്കുവേണ്ടി, കുടുംബം പുലർത്താൻ നാടുവിടുക, പുരുഷന്മാർക്കും മുൻപേ എന്ന അപൂർവ പ്രതിഭാസം ആദ്യം കേരളത്തിലാണ് സംഭവിച്ചത്. ലോകത്തൊരിടത്തും നടന്നിട്ടില്ല ഇത്. ആതുര സേവനത്തിനാണ് ഇവർ യൂറോപ്പിന്റെ പലഭാഗത്തും അന്നത്തെ 'പേർഷ്യ'യിലും എത്തിച്ചേർന്നത്. ഇതിന്റെ സാമൂഹിക -സാമ്പത്തിക വൈകാരിക പശ്ചാത്തലങ്ങൾ പ്രസിദ്ധ സാമൂഹിക ചരിത്ര ഗവേഷകരായ ഒസെല്ലൊ ആൻഡ് ഒസെല്ലൊ (Osello and Osello) ദമ്പതികൾ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. സ്ത്രീകൾ മറുനാട്ടിൽ ചെന്ന് വേരുറപ്പിച്ചിട്ട് ഭർത്താക്കന്മാരെയോ മറ്റ് ഉറ്റ ബന്ധുക്കളേയോ അവിടെ എത്തിച്ച ചരിത്രം പിന്നീട് ഒരു നിത്യസംഭവമായി മാറി. മലയാളി സ്ത്രീകളുടെ ധൈര്യവും സാഹസിക മനോഭാ വവും അർപ്പണ ബോധവും ലോകത്ത്

വ്യതിരിക്തമായി നിലകൊള്ളുന്നു. പ്രവാസികൾ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയും സാമൂഹികവ്യവസ്ഥകളും പുതുക്കിയെടുത്തതിന്റെ ആദ്യവാതിലുകൾ തുറന്നത് ഈ സ്ത്രീകൾ തന്നെ. പിന്നീട് സംഭവിച്ച ഗൾഫ് കുടിയേറ്റമാണ് പ്രവാസികൾ എന്ന സംജ്ഞ ഉറപ്പിച്ചെടുക്കാൻ വഴിവെട്ടിയതും അവർ സാഹിത്യത്തിലും സിനിമകളിലും പ്രത്യക്ഷപ്പെടാൻ ഇടയാക്കിയതും. കാല്പനികതയ്ക്കപ്പുറം പച്ചയായ ജീവിതത്തിന്റേയും ജീവിതകാഠിന്യത്തിന്റേയും സഹനത്തിന്റേയും ഒറ്റപ്പെടലുകളുടെയും സത്യങ്ങൾ കേരളത്തിന്റെ പുതിയ സമ്പദ്‌വ്യവസ്ഥയുടെ രൂപദൃശ്യങ്ങളായി പ്രത്യക്ഷപ്പെടുകയായിരുന്നു. മലയാളി ചെറുപ്പക്കാർ ഭാംഗും ചരസ്സും കഴിച്ച് ഹരിദ്വാറിൽ മയങ്ങുകയല്ലായിരുന്നു (എം മുകുന്ദന്റെ അക്കാലത്തെ നോവലുകളാണ് പരാമർശം), പ്രത്യുത ഗൾഫ് നാടുകളിൽ പൊരിവെയിലത്ത് ദേഹം ചുട്ട് വിയർപ്പൊഴുക്കി നാടിനെ സംരക്ഷിക്കുകയായിരുന്നു എന്ന് ബാലചന്ദ്രൻ ചുള്ളിക്കാട് എഴുതിയത് പ്രവാസി എന്ന സ്വരൂപത്തിന്റെ ശക്തിയിയന്ന സ്വാധീനം പ്രദർശിതമാക്കാനായിരുന്നു. പ്രവാസിയുടെ വ്യക്തിത്വം അന്യമല്ലെന്നും അതിന്റെ തനിമ മറ്റേത് നാടൻ പൗരന്റേതുപോലെത്തന്നെയാണെന്നും കരുതാൻ പ്രയാസമുള്ളവരായി മലയാളികൾ ചമയാറുണ്ട്.

> **പിന്നീട് സംഭവിച്ച ഗൾഫ് കുടിയേറ്റമാണ് പ്രവാസികൾ എന്ന സംജ്ഞ ഉറപ്പിച്ചെടുക്കാൻ വഴിവെട്ടിയതും അവർ സാഹിത്യത്തിലും സിനിമകളിലും പ്രത്യക്ഷപ്പെടാൻ ഇടയാക്കിയതും**



ഇന്ന് ലോകത്തെമ്പാടുമാണ് മലയാളി പ്രവാസികൾ നിലയുറപ്പിച്ചിട്ടുള്ളത്. ആദ്യം കപ്പലിൽ യൂറോപ്പിലോ അമേരിക്കയിലോ എത്തിയവരിൽ നിന്ന് ഏറെമാറിയിട്ടുണ്ട് ലോകത്തിന്റെ അറിയാക്കോണിലും വാസം ഉറപ്പിച്ചിരിക്കുന്നവരുടെ ചരിത്രം. പലപ്പൊഴും യുദ്ധം വരുമ്പോഴാണ് ചെറിയ യൂറോപ്യൻ രാജ്യങ്ങളിൽ മലയാളികൾ ഉണ്ടെന്ന് നാമറിയുന്നത്. ഉക്രൈൻ -റഷ്യ യുദ്ധം തുടങ്ങിയപ്പോഴാണ് ഉക്രൈനിൽ മലയാളി വിദ്യാർഥികൾ ധാരാളമുണ്ട് എന്ന് നാമറിഞ്ഞത്. മെഡിക്കൽ കോളേജുകളിൽ പഠിതാക്കളായി റഷ്യയിലെ പലയിടങ്ങളിലും വിദ്യാർഥികൾ ഉണ്ട്. മനുഷ്യൻ ചന്ദ്രനിൽ ഇറങ്ങിയപ്പോൾ അവിടെ ഒരു മലയാളി ചായക്കടയുമായി ഉണ്ടായിരുന്നു എന്നത് അതിശയോക്തിയാണെങ്കിലും സത്യത്തിന്റെ ലാഞ്ഛന അതിലുണ്ട്.

## തിരിച്ചുവരുന്ന പ്രവാസി

പിറന്ന നാടിന്റെ സമ്പദ്‌വ്യവസ്ഥയെ പുതുക്കി, ഉറ്റവരെ കരയ്ക്കടുപ്പിച്ച പ്രവാസി തിരിച്ചു വരുമ്പോൾ തന്റെ പ്രതീക്ഷകൾ അസ്ഥാനത്തായിരുന്നു എന്ന് തിരിച്ചറിയുന്നത് നാട്ടുനടപ്പായതുകൊണ്ടാവണം 'വരവേൽപ്പ്' എന്നൊരു സിനിമ ആവിഷ്ക്കരിക്കപ്പെട്ടത്. കേരളത്തിൽ എന്തെങ്കിലും വ്യവസായം തുടങ്ങണം എന്ന് മോഹിച്ചെത്തുന്നവർ ലൈസൻസ് കിട്ടാൻ പാടുപെടുന്നതും പിന്നീട് ആത്മഹത്യയിൽ എത്തപ്പെടുന്നതും സിനിമാക്കഥയല്ല. പ്രവാസിയുടെ വ്യക്തിത്വം പൊതുസമൂഹവ്യവസ്ഥയിൽ നിന്ന് മാറ്റിനിറുത്തിയാണ് വീക്ഷിക്കപ്പെടാറ്. ഒരു തവണ പ്രവാസി ആയിപ്പോയാൽ അയാൾ കുടുംബത്തിന്റേയോ സമൂഹത്തിന്റേയോ പരിഗണന അർഹിക്കുന്നില്ല എന്ന വണ്ണമാണ് നാട്ടുകാരുടെ മാനസികനില രൂപപ്പെടുത്തി വെച്ചിരിക്കുന്നത്. സാമൂഹികശാസ്ത്രപഠിതാക്കൾ ഗവേഷണപ്രബന്ധങ്ങൾ ധാരാളം എഴുതിയിട്ടുണ്ട് പ്രവാസി എന്ന കഥാപാത്രത്തെ കേന്ദ്രീകരിച്ച്, പക്ഷേ പ്രവാസികൾക്ക് അതു കൊണ്ട് ഗുണമുണ്ടായോ? സംശയമാണ്.

ഇത്തരുണത്തിലാണ് പ്രവാസി ക്ഷേമ ബോർഡ് സാംഗത്യം നേടുന്നത്. പ്രവാസിക്ക് സ്വത്വം നേടിക്കൊടുക്കാനും അവർ നിസ്സഹായരാകാതിരിക്കാനും അതിജീവനസാധ്യതകൾ ഉറപ്പിച്ചെടുക്കാനും പ്രയുക്തമാണ് ഈ പദ്ധതി. അന്യർക്ക് വേണ്ടി വിയർപ്പൊഴുക്കി ജീവിച്ചവർക്ക് സ്വത്വം നേടാൻ ഉപയുക്തമാകുന്ന സംവിധാനം. ■

ഡോ. ബാജു ജോർജ്ജ്
മാനേജിങ് ഡയറക്ടർ, ഓഖി



ആഗോളചിന്തകൾ പ്രാദേശിക വളർച്ചയ്ക്ക് എന്നതാണ് ഓഖിയുടെ അടിസ്ഥാനദർശനം. ലോകമെമ്പാടുമുള്ള മലയാളികൾ വിവിധ മേഖലകളിൽ ആർജ്ജിച്ച അന്താരാഷ്ട്ര അനുഭവങ്ങളും നൂതനമായ ആശയങ്ങളും കേരളത്തിന്റെ സാഹചര്യത്തിൽ ഫലപ്രദമായി നടപ്പിലാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്

# ഓഖിയുടെ കരുത്തിൽ പ്രവാസകേരളം



കേരളത്തിന്റെ വികസനചരിത്രം എപ്പോഴും പ്രവാസിമലയാളി സമൂഹവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. പതിറ്റാണ്ടുകളായി പ്രവാസിമലയാളികൾ സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്കും സാമൂഹികപുരോഗതിക്കും നൽകിവരുന്ന സംഭാവനകൾ സമാനതകളില്ലാത്തതാണ്.

പ്രവാസികൾ നാട്ടിലേക്കയക്കുന്ന പണം എന്നതിലുപരി, അവരുടെ വൈദഗ്ധ്യവും അന്താരാഷ്ട്രതലത്തിലുള്ള പ്രൊഫഷണൽ അനുഭവസമ്പത്തും നിക്ഷേപശേഷിയും കേരളത്തിന്റെ വികസനത്തിനായി ഒരു നിശ്ചിതചട്ടക്കൂടിലൂടെ പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് കേരളസർക്കാർ ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിങ് ലിമിറ്റഡ് (OKIH) രൂപീകരിച്ചത്.

കേരള മുഖ്യമന്ത്രി ചെയർമാനായ, പൂർണ്ണമായും കേരളസർക്കാർ ഉടമസ്ഥതയിലുള്ള ഈ കമ്പനി, ലോകമെമ്പാടുമുള്ള പ്രവാസികളുടെയും മടങ്ങിവന്ന പ്രവാസികളുടെയും അറിവും ശേഷികളും സംസ്ഥാനത്തിന്റെ അടിസ്ഥാന വികസനപദ്ധതികളുമായി കൂട്ടിച്ചേർക്കാനുള്ള ഒരു ഔദ്യോഗിക സംരംഭമാണ്. സർക്കാരിന്റെ ദീർഘകാല വികസന അജണ്ടയായ 'വിഷൻ 2031'-ന് അനുസൃതമായി, സുതാര്യവും ഉത്തരവാദിത്ത ബോധമുള്ളതുമായ രീതിയിൽ പ്രവാസികളെ കേരളത്തിന്റെ സാമൂഹിക -സാമ്പത്തിക പരിവർത്തനത്തിന്റെ ഭാഗമാക്കുകയാണ് OKIH ചെയ്യുന്നത്. കേരളത്തിന്റെ ഭാവിവികസനത്തിന് പ്രവാസിമലയാളികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന ഒരു നയരൂപവൽക്കരണ സംവിധാനം കൂടിയായാണ് OKIH വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്.

ആഗോളചിന്തകൾ പ്രാദേശിക വളർച്ചയ്ക്ക് എന്നതാണ് ഓഖിയുടെ അടിസ്ഥാനദർശനം. ലോകമെമ്പാടുമുള്ള മലയാളികൾ വിവിധ മേഖലകളിൽ ആർജ്ജിച്ച അന്താരാഷ്ട്ര അനുഭവങ്ങളും നൂതനമായ ആശയങ്ങളും കേരളത്തിന്റെ സാഹചര്യത്തിൽ ഫലപ്രദമായി നടപ്പിലാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. സാമൂഹിക അടിസ്ഥാനസൗകര്യ വികസനം, നിക്ഷേപം സുഗമമാക്കൽ, സീനിയർ ലിവിങ് (മുതിർന്ന പൗരന്മാർക്കുള്ള താമസസൗകര്യം), നൈപുണ്യവികസനം തുടങ്ങിയ മേഖലകൾക്കാണ് OKIH മുൻഗണന നൽകുന്നത്. ഈ മേഖലകളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഗുണമേന്മ ഉറപ്പാക്കുന്നതിലൂടെ സംസ്ഥാനത്തെ ഒരു ആഗോള ഹബ്ബായി മാറ്റാൻ സാധിക്കുമെന്ന് ഓഖി വിശ്വസിക്കുന്നു.

## റെസ്റ്റ് സ്റ്റോപ്പ്: യാത്രകളിൽ ഒരു പുത്തൻ അനുഭവം

ഓഖിയുടെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതികളിലൊന്നാണ് അന്താരാഷ്ട്ര നിലവാരത്തിലുള്ള വഴിയോര വിശ്രമകേന്ദ്രങ്ങളുടെ ശൃംഖലയായ 'റെസ്റ്റ് സ്റ്റോപ്പ്'. കേരളത്തിലെ റോഡ് യാത്ര സുരക്ഷിതവും സുഖകരവുമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇത് രൂപകൽപ്പന ചെയ്തിരിക്കുന്നത്. പദ്ധതിയുടെ ആദ്യ കേന്ദ്രം കാസർകോട് ജില്ലയിലെ തലപ്പാടിയിൽ അതിവേഗം നിർമ്മാണം പൂർത്തീകരിച്ചുവരുന്നു. ഇന്ധന സ്റ്റേഷൻ, ഇലക്ട്രിക് വാഹനങ്ങൾക്കുള്ള ചാർജിങ് സൗകര്യം, അത്യാധുനിക രീതിയിലുള്ള വൃത്തിയുള്ള ശുചിമുറികൾ, ലോകോത്തര നിലവാരത്തിലുള്ള ഫുഡ്കോർട്ടുകൾ, റീട്ടെയിൽ ഷോപ്പുകൾ, വിശാലമായ പാർക്കിങ്, കൺവീനിയൻസ് സ്റ്റോറുകൾ തുടങ്ങിയ സൗകര്യങ്ങൾ ഉൾപ്പെടുന്നതാണ് ഈ കേന്ദ്രം.

യാത്രക്കാർക്ക് ആശ്വാസം നൽകുന്നതിനൊപ്പം, പ്രാദേശിക സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കാനും റെസ്റ്റ് സ്റ്റോപ്പുകൾക്ക് സാധിക്കും. ഇത് പ്രാദേശികമായി വൻതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും സംരംഭകത്വത്തെ



പ്രോത്സാഹിപ്പിക്കുകയും ചെയ്യും. സർക്കാർ ഭൂമികളിലും പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെയും (PPP) ഫ്രാഞ്ചൈസി മാതൃകയിലും കൂടുതൽ കേന്ദ്രങ്ങൾ സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കാനാണ് പദ്ധതി. ഓരോ 50 കിലോമീറ്ററിലും ഇത്തരം കേന്ദ്രങ്ങൾ ഒരുക്കുന്നതിലൂടെ കേരളത്തിലെ ടൂറിസം മേഖലയ്ക്കും വലിയൊരു ഉണർവ് ലഭിക്കും.

## ഷെർപ്പ (Sherpa): പ്രവാസികൾക്കൊരു വിശ്വസ്ത വഴികാട്ടി

കേരളത്തിൽ നിക്ഷേപം നടത്താനോ പുതിയ സംരംഭങ്ങൾ തുടങ്ങാനോ ആഗ്രഹിക്കുന്ന പ്രവാസികൾക്കും മടങ്ങിവന്നവർക്കും പൂർണ്ണമായ പിന്തുണയും മാർഗനിർദേശവും നൽകുന്ന സമഗ്രമായ സംവിധാനമാണ് 'ഷെർപ്പ'. നിക്ഷേപകർ നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കാൻ ഒരു ഡിജിറ്റൽ പോർട്ടലും ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന പരിശീലനം ലഭിച്ച ഷെർപ്പ ഉദ്യോഗസ്ഥരും ഇതിന്റെ ഭാഗമാണ്. സങ്കീർണ്ണമായ നിയമനടപടികളും ചട്ടങ്ങളും ലഘൂകരിക്കാനും വിവിധ സർക്കാർ വകുപ്പുകളിൽ നിന്നുള്ള അനുമതികൾ വേഗത്തിലാക്കാനും ആവശ്യമായ വിവരങ്ങൾ സുതാര്യമായി ലഭ്യമാക്കാനും ഷെർപ്പ സഹായിക്കുന്നു. പ്രവാസികൾക്ക് തങ്ങളുടെ ആശയങ്ങൾ പ്രാവർത്തികമാക്കാൻ ഒരു 'സിംഗിൾ വിൻഡോ' സംവിധാനമായി ഷെർപ്പ പ്രവർത്തിക്കുന്നു.

ഷെർപ്പയുടെ കീഴിൽ സംഘടിപ്പിച്ച 'സീനിയർ ലിവിങ് കോൺക്ലേവ്' ഈ മേഖലയിൽ വലിയ ചർച്ചകൾക്ക് തുടക്കമിട്ടു. പ്രവാസികൾക്കും മടങ്ങിവന്നവർക്കും അവരുടെ മാതാപിതാക്കൾക്കും അന്തസ്സോടെയും സുരക്ഷിതമായും താമസിക്കാൻ കഴിയുന്ന 'സീനിയർ ലിവിങ്' മേഖലയെക്കുറിച്ച് ഈ കോൺക്ലേവ് ഗൗരവകരമായ ശുപാർശകൾ സമർപ്പിച്ചു.

കേരളത്തിന്റെ മാറുന്ന ജനസംഖ്യാഘടന കണക്കിലെടുത്ത്, ശാസ്ത്രീയവും സുരക്ഷിതവുമായ പരിചരണസംവിധാനങ്ങൾ ഒരുക്കുന്നതിനായി ഒരു സംസ്ഥാനതല നയരൂപീകരണത്തിന് ഇത് അടിത്തറ പാകിയിട്ടുണ്ട്.

> ഓഖിയുടെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതികളിലൊന്നാണ് അന്താരാഷ്ട്ര നിലവാരത്തിലുള്ള വഴിയോര വിശ്രമകേന്ദ്രങ്ങളുടെ ശൃംഖലയായ 'റെസ്റ്റ് സ്റ്റോപ്പ്'

## വികസനത്തിന്റെ പുതിയ പാതകൾ

റെസ്റ്റ് സ്റ്റോപ്പ്, ഷെർപ്പ തുടങ്ങിയ വിപ്ലവകരമായ പദ്ധതികളിലൂടെ, പ്രവാസിമലയാളികളുടെ കരുത്ത് കേരളത്തിന്റെ വളർച്ചയുടെ അവിഭാജ്യഘടകമാണെന്ന് ഉറപ്പാക്കുകയാണ് സംസ്ഥാന സർക്കാർ. ഇത്തരം ഇടപെടലുകൾ കേവലം പദ്ധതികളല്ല, മറിച്ച് കേരളത്തിന്റെ പൊതുജീവിത നിലവാരം ഉയർത്തുന്നതിനും സംസ്ഥാനത്തെ നിക്ഷേപസൗഹൃദമാക്കുന്നതിനുമുള്ള സുസ്ഥിരമായ മാറ്റങ്ങളാണ്.

കേരളം 'വിഷൻ 2031'-ലേക്ക് ചുവടുവെക്കുമ്പോൾ, ആഗോള മലയാളിസമൂഹത്തിന്റെ വിഭവശേഷിയെയും വൈദഗ്ധ്യത്തെയും നാടിന്റെ വികസനമുന്നേറ്റവുമായി ബന്ധിപ്പിക്കുന്ന ഒരു ശക്തമായ ഘടകമായി ഓഖി നിലകൊള്ളുന്നു. പ്രവാസികളുടെ പങ്കാളിത്തത്തോടെ കേരളത്തെ ഒരു വികസിത സംസ്ഥാനമായി മാറ്റുക എന്ന ദൗത്യത്തിൽ ഓഖി നിർണ്ണായക പങ്ക് വഹിക്കുന്നു. ■

ഡോ. അപർണ അജിത്
ചലച്ചിത്ര നിരൂപക



**തൊഴിലവസരങ്ങളാൽ നയിക്കപ്പെടുന്ന സാമ്പത്തിക കുടിയേറ്റം മുതൽ സംഘർഷങ്ങളോ പാരിസ്ഥിതികഘടകങ്ങളോ മൂലമുണ്ടാകുന്ന നിർബന്ധിത കുടിയേറ്റം വരെ പുതിയ കാലത്ത് ചലച്ചിത്രങ്ങൾ അഭിസംബോധന ചെയ്യുന്നു**



# പ്രവാസത്തിന്റെ വർണ്ണരാജികൾ

മനുഷ്യരാശിയുടെ ചരിത്രം കുടിയേറ്റത്തിന്റെ ചരിത്രമാണ്. മനുഷ്യചരിത്രം ലോകത്തിന്റെ ഒരു ഭാഗത്ത് നിന്ന് മറ്റ് ഭാഗങ്ങളിലേക്കുള്ള ആളുകളുടെ ചലനത്താൽ നിറഞ്ഞിരിക്കുന്നു. ആഗോളതലത്തിൽ സമൂഹങ്ങളെയും സമ്പദ്‌വ്യവസ്ഥകളെയും രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന ഒരു ബഹുമുഖ പ്രതിഭാസമാണ് പ്രവാസം.

കുടിയേറ്റത്തിന്റെയും തിരയലിന്റെയും സങ്കീർണതകളിലേക്ക് വെളിച്ചം വീശുന്നതിനുള്ള ഒരു മാധ്യമമായി ഇന്ന് പ്രവാസസിനിമ വർത്തിക്കുന്നു. തൊഴിലവസരങ്ങളാൽ നയിക്കപ്പെടുന്ന സാമ്പത്തികകുടിയേറ്റം മുതൽ സംഘർഷങ്ങളോ പാരിസ്ഥിതികഘടകങ്ങളോ മൂലമുണ്ടാകുന്ന നിർബന്ധിത കുടിയേറ്റം വരെ പുതിയ കാലത്ത് ചലച്ചിത്രങ്ങൾ അഭിസംബോധന ചെയ്യുന്നു.

പല പ്രവാസസിനിമകളും സാംസ്കാരികവ്യക്തിത്വം, സ്വാംശീകരണം, പുതിയതും പലപ്പോഴും അപരിചിതവുമായ അന്തരീക്ഷത്തിൽ ഒരാളുടെ സാംസ്കാരിക പൈതൃകത്തിന്റെ സംരക്ഷണം എന്നിവയെക്കുറിച്ചുള്ള ചോദ്യങ്ങൾ ഉന്നയിക്കുന്നു. ഈ പ്രമേയങ്ങളിൽ സാംസ്കാരിക വൈവിധ്യത്തിന്റെ സമ്പന്നമായ ആരായലുകളും പാരമ്പര്യങ്ങളുടെ ഏറ്റുമുട്ടലുകളും കാണാം. വിവേചനം, അന്യമതവിദ്വേഷം, വംശീയത, തൊഴിൽചൂഷണം, പാർശ്വവത്കരിക്കപ്പെട്ട കുടിയേറ്റ സമൂഹങ്ങൾ നേരിടുന്ന വെല്ലുവിളികൾ എന്നിവയുൾപ്പെടെയുള്ള സാമൂഹികവും രാഷ്ട്രീയവുമായ വിഷയങ്ങളെ ഇന്ന് ആഗോള സിനിമ ഏറെ അഭിസംബോ

ധന ചെയ്യുന്നു. അഭയാർഥികളുടെ പ്രതിസന്ധി വലിയ പ്രാധാന്യമുള്ള വിഷയമാണ്. അഭയാർഥികളെക്കുറിച്ചുള്ള സിനിമകൾ, കുടിയേറ്റത്തിന് നിർബന്ധിതരാകുന്നവരുടെയും യാത്രകളുടെയും ചെളി നിറഞ്ഞ ബോട്ടുകളിൽ ശ്വാസം മുട്ടി കഴിയുന്നവരുടെയും ഒക്കെ ജീവിതവൃത്താന്തം ആണ്. ലോകത്തിന്റെ മറുവശത്ത് ഒരു നല്ല നാളെയെക്കുറിച്ച് അവർ സ്വപ്നം കാണുന്നു, അവരുടെ ജീവിതം സന്തുലിതാവസ്ഥയിൽ തൂങ്ങിക്കിടക്കുന്നു എന്നറിയുമ്പോഴും. അവർക്ക് വേണ്ടത് സുരക്ഷിതമായും സന്തോഷമായും പാർക്കാൻ ഉള്ള ഒരു വാസസ്ഥലമാണ്. ലോകമെമ്പാടുമുള്ള സിനിമകളിൽ അവരുടെ ഒരിക്കലും അവസാനിക്കാത്ത അജ്ഞാതമായ അന്വേഷണം ഹൃദ്യമായി ചിത്രീകരിക്കപ്പെടുന്നു. ഇറാൻ, അഫ്ഗാൻ, തുർക്കിഷ് , ബെൽജിയൻ , ഈജിപ്ഷ്യൻ , അമേരിക്കൻ തുടങ്ങി ലോകമെമ്പാടും നിർമ്മിക്കപ്പെടുന്ന ചിത്രങ്ങൾ പ്രവാസത്തിന്റെ വ്യത്യസ്തഭാവങ്ങളെ അഭിസംബോധന ചെയ്യുന്നു.

ചാർളി ചാപ്ലിനെ കേന്ദ്ര കഥാപാത്രമാക്കി 1917 ൽ പുറത്തിറങ്ങിയ അമേരിക്കൻ നിശബ്ദ കോമഡിയായ "ഇമ്മിഗ്രന്റ്" ആണ് പ്രവാസം ലോകത്തിന്റെ അഭ്രപാളിയിൽ ആദ്യമായി അവതരിപ്പിച്ചത്. മനുഷ്യജീവിതവുമായി ബന്ധപ്പെട്ട ഈ യാഥാർഥ്യം സെല്ലുലോയ്ഡ് മാധ്യമത്തിൽ അവതരിപ്പിച്ചതിൽ പ്രമുഖമാണ് "ദി എമിഗ്രന്റ്സ്"(1971) 'അമേരിക്ക അമേരിക്ക"(1963), 'ലൈഫ് ഈസ് ബ്യൂട്ടിഫുൾ" (1997), 'ക്രോസിങ് ഓവർ" (2009), 'ഗാങ്സ് ഓഫ് ന്യൂയോർക്"(2002),'അംംരീക (2009)', "എ ബെറ്റർ ലൈഫ്" (2011), 'കോൾഡ് ഓഫ് കലന്ദർ" (2015), 'പാർട്ടിങ്" (2016), 'കാപർനാം" (2018), 'ടോറി ആൻഡ് ലോക്കിടാ" (2022) തുടങ്ങിയവ. ഇന്ത്യൻ പ്രവാസസിനിമകൾ പരിശോധിക്കുകയാണെങ്കിൽ രാഷ്ട്രത്തിനകത്തും പുറത്തുമായി സംഭവിച്ചിട്ടുള്ള കുടിയേറ്റവും, ജോലിതേടിയുള്ള യാത്രകളും ജീവിതരീതി മെച്ചപ്പെടുത്താനുള്ള ഒരു പരിശ്രമവുമായൊക്കെ പ്രവാസത്തെ ചിത്രീകരിച്ചിരിക്കുന്നു. "ദിൽവാലെ ദുൽഹനിയലെ ജായേംഗേ"(1995), 'പർദേശ്" (1997) ബെൻഡ് ഇറ്റ് ലൈക് ബെക്കാം(2002), നെയിംസെയ്ക്"(2006), 'നമസ്തെ ലണ്ടൻ" (2007), 'സുർഖാബ്"(2012), 'ഭീഡ്"(2023) തുടങ്ങിയവ ഉത്തമ ഉദാഹരണങ്ങൾ ആണ്.

പ്രവാസസിനിമ പലപ്പോഴും ഒരു അന്തർദേശീയ സമീപനമാണ് സ്വീകരിക്കുന്നത്, മാതൃരാജ്യവും ആതിഥേയ രാജ്യവും തമ്മിലുള്ള ബന്ധവും ഈ ബന്ധങ്ങൾ കുടിയേറ്റക്കാരുടെയും അവരുടെ കുടുംബങ്ങളുടെയും ജീവിതത്തെ എങ്ങനെ സ്വാധീനിക്കുന്നുവെന്നും അവതരിപ്പിക്കുന്നു. പ്രവാസസിനിമ ഊന്നൽ നൽകുന്നത് വ്യക്തിപരമായ കഥകൾക്കും ജീവിതാനുഭവങ്ങൾക്കുമാണ്. ഈ സിനിമകൾ പലപ്പോഴും വ്യക്തിഗത കഥാപാത്രങ്ങളുടെയോ കുടുംബങ്ങളുടെ








യോ യാത്രകളെ പിന്തുടരുന്നു, കാഴ്ചക്കാരെ അവരുടെ പോരാട്ടങ്ങൾ, അഭിലാഷങ്ങൾ, വിജയങ്ങൾ എന്നിവയിൽ സഹാനുഭൂതി കാണിക്കാൻ അനുവദിക്കുന്നു.

## പ്രവാസവും മലയാളസിനിമകളും

മനുഷ്യജീവിതത്തിന്റെ ഭാഗമായി കുടിയേറ്റവും പ്രവാസവും രൂപാന്തരപ്പെട്ടു. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ മലയാളികൾ ഉപജീവനത്തിനായി, തൊഴിൽ തേടി അയൽരാജ്യങ്ങളിലേക്ക് ചേക്കേറി തുടങ്ങി. സിംഗപ്പൂർ, സിലോൺ, മലേഷ്യ , ബർമ തുടങ്ങിയ രാജ്യങ്ങളിലേക്ക് കേരളത്തിലെ യുവാക്കൾ തൊഴിൽ തേടി പോയി. കേരള ജനത വൻതോതിൽ പ്രവാസം ആരംഭിച്ചത് 1970 കളിൽ ആയിരുന്നു. 'പേർഷ്യ' എന്ന പദം മലയാളിയുവത്വത്തിന്റെ പ്രതീക്ഷ എന്ന വികാരത്തിന് സമാനമായി. അറബിപ്പൊന്നും സ്വർണ്ണവാച്ചും വലിയ സൂട്ട്കേസ്കളും സ്വപ്നം കണ്ടുകൊണ്ടുള്ള പത്തേമാരി യാത്ര തൊട്ടുള്ള പ്രമേയങ്ങൾ മലയാളസിനിമ ദൃശ്യാവിഷ്കാരത്തിലൂടെ ഒപ്പിയെടുത്തു. പ്രായപൂർത്തിയായ യുവാക്കൾ പുതിയ വെല്ലുവിളികൾ സ്വീകരിക്കാനും അവരുടെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്താനും വിദേശത്തേക്ക് പോകാനും തയാറായിരുന്നു. നിരവധി യുവാക്കളുടെ പ്രധാന മുൻഗണനയും കുടിയേറ്റ ലക്ഷ്യവും ഗൾഫ് രാജ്യങ്ങളായിരുന്നു. മലയാളികളുടെ സാമൂഹിക സാംസ്കാരിക സാമ്പത്തിക ജീവിതത്തിൽ ഗൾഫ് പ്രവാസം ഗണ്യമായ മാറ്റം കൊണ്ട് വന്നു. ഈ പ്രവാസ പ്രക്രിയ തന്നെയാണ് കേരളത്തിലെ തൊഴിൽ ഇല്ലായ്മ ഒരു പരിധിയിലേറെ കുറയ്ക്കാൻ സഹായകമായത്.

പതിറ്റാണ്ടുകളായി കേരള സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലാണ് ഗൾഫ് പണമയയ്ക്കൽ. ചില സിനിമകൾ ഗൾഫ് മലയാളിയുടെ വേദനയും നേട്ടങ്ങളും സ്വപ്നങ്ങളും യാഥാർഥ്യവും ജീവിതവും ഭാവിയും ചിത്രീകരിച്ചു.














ചില സിനിമകൾ ഗൾഫിൽ തിരിച്ചെത്തിയ ഒരാളുടെ ജീവിതവും സമൂഹത്തിൽ സ്ഥിര താമസമാക്കാനുള്ള അവന്റെ പോരാട്ടവും ചിത്രീകരിക്കുന്നു. വിസ പോലുള്ള കുടിയേറ്റവുമായി ബന്ധപ്പെട്ട വിഷയങ്ങളും സിനിമകൾ ചർച്ച ചെയ്തു. ഏതാനും സിനിമകളിൽ സ്ത്രീ പ്രശ്നങ്ങളും ചർച്ചയായി.എം. ടി. വാസുദേവൻ നായർ രചിച്ച ആസാദ് സംവിധാനം ചെയ്ത 'വിൽക്കാനുണ്ട് സ്വപ്നങ്ങൾ'(1980) ആണ് പ്രവാസജീവിതത്തെ ഗൗരവമായ ഒരു വിഷയമായി സിനിമയിൽ എത്തിച്ചത്. "ആയിര കണക്കിന് യുവാക്കൾക്ക് ഓമനിക്കാൻ ഒരു സ്വപ്നമുണ്ടായി : ദുബായ് ' എന്ന് രാജൻ എന്ന കഥാപാത്രം പ്രേക്ഷകരോട് ചിത്രത്തിന്റെ തുടക്കത്തിൽ തന്നെ പങ്കുവെക്കുമ്പോൾ അത് മലയാളി ജനതയുടെ, മലയാളക്കരയുടെ സ്വപ്നത്തിന്റെ പ്രതിധ്വനിയാണ്. പ്രവാസിയുടെ സ്വപനങ്ങളും നഷ്ടങ്ങളും നഷ്ടബോധങ്ങളും നേട്ടങ്ങളും ഉയർച്ചയും താഴ്ചയും രാജനിലൂടെ, പള്ളിക്കൽ നാരായണനിലൂടെ, നാസറിലൂടെ, സീതയിലൂടെ, സമീറയിലൂടെ, അശ്വതിയിലൂടെ, അവരുടെ ജീവിത സാഹചര്യങ്ങളിലൂടെ ഒക്കെ സിനിമ സംവദിച്ചു.

അഭയാർഥികളെ പുനരധിവസിപ്പിക്കാൻ വേണ്ടിയുള്ള പ്രയത്നങ്ങളും കഷ്ടപ്പാടുകളും പ്രേക്ഷകർക്ക് കാഴ്ചവെച്ച "വാസ്തുഹാര" (1997) യാഥാർഥ്യത്തിന്റെ നിഴൽചിത്രം തന്നെ. വേണു എന്ന മലയാളി ഗവണ്മെന്റ് ഓഫീസർ ഇന്ത്യ മഹാരാജ്യത്ത് എവിടെയെങ്കിലും ഒക്കെ അഭയാർഥികൾക്കായി അക്ഷീണം പ്രയത്നിക്കുന്നുണ്ടാകാം.

പ്രവാസത്തിന്റെ വ്യസ്തതരൂപങ്ങളും ഭാവങ്ങളും പ്രദർശിപ്പിച്ച ചിത്രങ്ങളിൽ പ്രസിദ്ധമാണ് "വിൽക്കാനുണ്ട് സ്വപ്നങ്ങൾ" (1989)'വിസ" (1983), 'കല്ല് കൊണ്ടൊരു പെണ്ണ്"(1998), 'ഗർഷോം" (1999), 'പരദേശി"(2007) 'അറബി കഥ"(2007), 'ഗദ്ദാമ"(2011),'ഡയമണ്ട് നെക്‌ളേസ്" (2012),'കടൽ കടന്നൊരു മാത്തുക്കുട്ടി"(2013),'ഇംഗ്ലീഷ്: ആൻ ഓട്ടം ഇൻ ലണ്ടൻ"(2013), 'ലൈഫ് ഓഫ് ജോസൂട്ടി" (2015), 'പത്തേമാരി"(2015), 'ജേക്കബിന്റെ സ്വർഗ്ഗരാജ്യം"(2016), ' ടേക്ക് ഓഫ്" (2017), ' സീ യു സൂൺ" (2020). ബെന്യാമിന്റെ ആടുജീവിതം നോവൽ ദൃശ്യാവിഷ്കാരം ആകുമ്പോൾ അതിലൂടെ പ്രതിധ്വനിച്ചത് ഉപജീവന മാർഗം തേടി സ്വത്വവും ബന്ധവുമൊക്കെ ഉപേക്ഷിച്ചു ഗൾഫിലേക്ക് കുടിയേറുന്ന മലയാളി കൂട്ടായ്മയിൽ ഉള്ള അനേകം നജീബുകളെയാണ്.

കുടിയേറ്റത്തിന്റെ സ്ഥിതിവിവരക്കണക്കുകൾക്ക് പിന്നിലെ സങ്കീർണ്ണമായ മനുഷ്യ കഥകളുമായി സഹാനുഭൂതി കാണിക്കാനും പ്രതിഫലിപ്പിക്കാനും ഇടപഴകാനും ഈ സിനിമകൾ പ്രേക്ഷകരെ ക്ഷണിക്കുന്നു. അതേസമയം, ഈ സിനിമകൾ പ്രവാസികളുടെ ജനകീയ പ്രതിനിധാനം സ്ഥാപിക്കുകയും അവരുടെ മാതൃരാജ്യവുമായുള്ള സാംസ്കാരികബന്ധത്തെ ചോദ്യം ചെയ്യുകയും ചെയ്യുന്നു. ഈ സിനിമകളുടെ സാമൂഹിക-രാഷ്ട്രീയ സ്വാധീനം കാരണം, മലയാള ചലച്ചിത്ര ആഖ്യാനങ്ങളുടെ സാമ്പ്രദായിരീതികൾക്കുള്ളിൽ പ്രവാസി ഇന്ത്യക്കാരനെ എങ്ങനെ നിർവചിക്കപ്പെടുന്നുവെന്നും സിനിമയ്ക്കുള്ളിലെ പ്രവാസികളുടെ വർധിച്ചുവരുന്ന ദൃശ്യപരത എങ്ങനെയാണ് അവയെ മാറ്റാൻ തുടങ്ങിയതെന്നും ഉള്ള ചർച്ചകളും വിശകലനങ്ങളും പുരോഗമിക്കുന്നു. ആഖ്യാനങ്ങൾ വ്യത്യാസപ്പെട്ടിരിക്കുന്നു, കഥാപാത്രങ്ങൾ ഭൂമിശാസ്ത്രപരമായി വ്യത്യസ്തവും വിദൂരവുമാണ്, അവരുടെ പ്രശ്നങ്ങൾ അവയുടെ തീവ്രതയിലും ഗൗരവത്തിലും വ്യത്യാസപ്പെട്ടിരിക്കുന്നു. അപ്പോഴും ഈ സിനിമകൾക്കെല്ലാം പ്രവാസിജീവിതത്തിന്റെ കാര്യത്തിൽ ഏതെങ്കിലും തരത്തിൽ അല്ലെങ്കിൽ മറ്റെന്തെങ്കിലും തരത്തിൽ വിചിത്രമായ ഒരു കുടുംബ സാമ്യമുണ്ട്. സിനിമകളുടെ വിശാലമായ വർണ്ണരാജി ഉൾക്കൊള്ളുന്ന സമാനതകളും അസമത്വങ്ങളും അവ സമൂഹത്തിന് നൽകുന്ന സന്ദേശവും സൂക്ഷ്മമായി പരിശോധിക്കുന്ന തലത്തിൽ പ്രവാസ ചലച്ചിത്ര പഠനം പുരോഗമിക്കുന്നു. ■




# പ്രവാസികൾക്കായി പ്രവാസി പ്രതിഭാപുരസ്കാരം

വിവിധ രാജ്യങ്ങളിൽ ജീവിക്കുന്ന കേരളീയരുടെ നേട്ടങ്ങളെയും വികസനത്തിനും പുരോഗതിക്കും അവർ നൽകുന്ന മഹത്തായ സംഭാവനകളെയും കേരളത്തിന്റെ ആദരിക്കുന്നതിനായി കേരളസർക്കാർ 'പ്രവാസി പ്രതിഭാപുരസ്കാരം' എന്ന പേരിൽ ഒരു പുതിയ ഉന്നത ബഹുമതി ആരംഭിക്കുകയാണ്. ലോകത്തിന്റെ വിവിധ കോണുകളിൽ കേരളത്തിന്റെ യശസ്സ് ഉയർത്തിപ്പിടിക്കുകയും കർമ്മരംഗങ്ങളിൽ മികച്ച നിലവാരം പുലർത്തുകയും സാമൂഹിക, സാംസ്കാരിക, സാമ്പത്തിക മേഖലകളിൽ ശ്രദ്ധേയമായ സ്വാധീനം ചെലുത്തുകയും ചെയ്ത പ്രവാസി കേരളീയരെ കണ്ടെത്താനും ആദരിക്കാനുമായാണ് പുരസ്കാരം. പ്രവാസികളുടെ അനുഭവസമ്പത്തും വൈദഗ്ധ്യവും കേരളീയ സമൂഹത്തിന്റെ വളർച്ചയ്ക്ക് പകരുമെന്ന് ഉറപ്പുവരുത്തുന്ന, അവരെ കേരളസമൂഹവുമായി ബന്ധിപ്പിക്കുന്നതിനുള്ള ഒരു സുപ്രധാന ചുവടുവെപ്പാണിത്.


## പുരസ്കാരത്തിനായി പരിഗണിക്കുന്ന പ്രധാന മേഖലകൾ:

1. ശാസ്ത്ര സാങ്കേതിക വിദ്യ (Science and Technology): കണ്ടുപിടിത്തങ്ങൾ, ഗവേഷണം, സാങ്കേതികവിദ്യാ വികസനം എന്നിവയിൽ മികച്ച സംഭാവനകൾ നൽകിയവർക്ക്.
2. സാഹിത്യം, കല, സംസ്കാരം (Literature, Arts, Culture): ആഗോളതലത്തിൽ കേരളീയ കലകളെയും ഭാഷയെയും പ്രോത്സാഹിപ്പിക്കുകയും മികച്ച സാഹിത്യ സൃഷ്ടികൾ നടത്തുകയും ചെയ്തവർക്ക്.
3. സാമൂഹിക സേവനം & ജീവകാരുണ്യം (Social Service & Philanthropy): പ്രവാസി സമൂഹത്തിലോ മാതൃരാജ്യത്തോ നിർണ്ണായകമായ സാമൂഹിക ഇടപെടലുകളും ജീവകാരുണ്യ പ്രവർത്തനങ്ങളും നടത്തിയ വ്യക്തികൾക്ക്.
4. വിദ്യാഭ്യാസം & അക്കാദമിക് രംഗം (Education & Academics): അന്താരാഷ്ട്രതലത്തിൽ വിദ്യാഭ്യാസസ്ഥാപനങ്ങളെ നയിക്കുകയോ ഗവേഷണത്തിലൂടെ അറിവിന്റെ രംഗത്ത് സംഭാവനകൾ നൽകുകയോ ചെയ്തവർക്ക്.
5. സംരംഭകത്വം & വ്യവസായം (Entrepreneurship & industry): വിജയകരമായ സംരംഭങ്ങൾ സ്ഥാപിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും സാമ്പത്തിക വളർച്ചയ്ക്ക് സംഭാവന നൽകുകയും ചെയ്തവർക്ക്.
6. പൊതുഭരണം & നയതന്ത്രം (Public Administration & Diplomacy): വിദേശരാജ്യങ്ങളിലെ ഭരണ, നയതന്ത്ര മേഖലകളിൽ ഉയർന്ന സ്ഥാനങ്ങൾ വഹിക്കുകയും കേരളത്തിന് അഭിമാനകരമായ നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തവർക്ക്.
7. ആരോഗ്യം & വൈദ്യശാസ്ത്രം (Health & Medicine): വൈദ്യശാസ്ത്ര രംഗത്തെ കണ്ടുപിടിത്തങ്ങൾ, ചികിത്സാരീതികളിലെ മികവ്, പൊതുജനാരോഗ്യ സേവനം എന്നിവയിൽ സംഭാവന നൽകിയവർക്ക്.
8. കായികം (Sports): അന്താരാഷ്ട്ര കായിക മത്സരങ്ങളിൽ പങ്കെടുത്തും നേട്ടങ്ങൾ കൈവരിച്ചും കേരളത്തെ പ്രതിനിധീകരിച്ചവർക്ക്.
9. മാധ്യമപ്രവർത്തനവും ഡിജിറ്റൽ ഉള്ളടക്കവും (Journalism & Digital Content Creation): സത്യസന്ധമായ മാധ്യമപ്രവർത്തനത്തിലൂടെയോ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലെ സ്വാധീനത്തിലൂടെയോ സമൂഹത്തിൽ നല്ല മാറ്റങ്ങൾ വരുത്തിയവർക്ക്.
10. ധനകാര്യം & ബാങ്കിങ് (Finance & Banking): ആഗോള സാമ്പത്തിക മേഖലയിൽ നേതൃപരമായ പങ്ക് വഹിക്കുകയും സാമ്പത്തിക വളർച്ചയ്ക്ക് സംഭാവന നൽകുകയും ചെയ്തവർക്ക്.

## സെർച്ച് കമ്മിറ്റി

അഞ്ചംഗ സെർച്ച് കമ്മിറ്റി (തിരഞ്ഞെടുപ്പ് സമിതി) രൂപീകരിച്ചാണ് പുരസ്കാരത്തിന് അർഹരായവരെ കണ്ടെത്തുക. വിവിധ മേഖലകളിലെ പ്രഗത്ഭരും പ്രവാസികാര്യങ്ങളെക്കുറിച്ച് ആഴത്തിൽ അറിവുള്ളവരുമായ വ്യക്തികൾ ഉൾപ്പെടുന്നതായിരിക്കും ഈ സമിതി. സമിതി പുരസ്കാരത്തിനുള്ള അപേക്ഷകൾ സൂക്ഷ്മമായി പരിശോധിക്കുകയും നിശ്ചിത മാനദണ്ഡങ്ങൾക്കനുസരിച്ച് ഏറ്റവും മികച്ച നേട്ടങ്ങൾ കൈവരിച്ച പ്രവാസി കേരളീയരെ അവാർഡിനായി ശുപാർശ ചെയ്യുകയും ചെയ്യും. സമിതിയുടെ തീരുമാനം അന്തിമമായിരിക്കും. ■

വിശാൽ ഉദയകുമാർ
യുകെ, ലോക കേരള സഭാംഗം



മാറുന്ന തൊഴിൽ വീസ സാഹചര്യങ്ങളിൽ യുകെയിലെ (യുണൈറ്റഡ് കിങ്ഡം) അവസരങ്ങളെ വിലയിരുത്തുന്നു

# കുടിയേറ്റത്തിന്റെ നവീനനയങ്ങളും സാധ്യതകളും



ചരിത്രപരമായ വ്യാപാര വാണിജ്യ കുടിയേറ്റബന്ധമാണ് യുകെ (യുണൈറ്റഡ് കിങ്ഡം) യുമായി ഇന്ത്യയ്ക്ക് ഉള്ളത്. യൂറോപ്പ് ഭൂഖണ്ഡത്തിലെ ഗ്രേറ്റ് ബ്രിട്ടൺ ദ്വീപുകളിലെ ഇംഗ്ലണ്ട്, സ്കോട്ട്ലൻഡ് , വെയിൽസ് എന്നീ രാജ്യങ്ങളും, അയർലൻഡ് ദ്വീപിലെ ഉത്തര അയർലൻഡ് ഉൾപ്പെട്ട കൂട്ടായ്മയാണ് യുണൈറ്റഡ്കിങ്ഡം അഥവാ യുകെ. കഴിഞ്ഞുപോയ ദശാബ്ദങ്ങളിൽ തൊഴിൽ, ഉന്നതവിദ്യാഭ്യാസ മേഖല തുടങ്ങിയവയിലൂടെ നിരവധി അവസരങ്ങളാണ് ഇന്ത്യയിൽ നിന്നുള്ളവർക്ക് യുകെയിൽ ലഭിച്ചത്. മാറുന്ന തൊഴിൽ വീസ സാഹചര്യങ്ങളിൽ ഈ അവസരങ്ങളെ വിലയിരുത്തേണ്ടതുണ്ട്.

ബ്രെക്സിറ്റിനു മുൻപ് യൂറോപ്യൻ യൂണിയ

നിലെയും (ഇയു) യുകെയിലെയും പൗരന്മാർക്ക് യാത്ര ചെയ്യാനും തൊഴിൽ-വിദ്യാഭ്യാസം തുടങ്ങിയവയ്ക്കും എളുപ്പമായിരുന്നു. എന്നാൽ, ബ്രെക്സിറ്റ് അനന്തരം അവ പൂർണ്ണമായി ഇല്ലാതെയായി. 2021 ജനുവരിയിൽ യുകെ പൂർണ്ണമായും യൂറോപ്യൻ യൂണിയനിൽ നിന്നും പിന്മാറിയപ്പോൾ, ഈ കൂട്ടായ്മയിലുള്ള മറ്റ് രാജ്യങ്ങളിലെ പൗരന്മാർക്ക് ലഭിച്ചിരുന്ന വീസ ഇളവുകൾ നിർത്തലാക്കപ്പെട്ടു. 2023 ലെ ഔദ്യോഗിക കണക്കുകൾ പ്രകാരം യൂറോപ്യൻ യൂണിയനിൽ നിന്നു യുകെയിലേക്ക് എത്തുന്ന പൗരന്മാരേക്കാൾ തിരികെ പോകുന്നവരുടെ എണ്ണത്തിൽ വലിയ വർധനവാണ്






ഉള്ളത്. കോവിഡ് മഹാമാരിക്ക് ശേഷം അനേകം അവസരങ്ങൾ യൂറോപ്പിന് പുറത്തുള്ള പൗരന്മാർക്ക് ഇതുമൂലം ഉണ്ടായി എന്നാണ് കരുതേണ്ടത്. ഓക്സ്ഫോർഡ് സർവകലാശാലയിലെ മൈഗ്രേഷൻ ഒബ്സർവേറ്ററിയുടെ 2022ലെ കണക്കുകൾ പ്രകാരം യൂറോപ്യൻ യൂണിയനിൽ ജനിച്ചവരല്ലാത്ത കുടിയേറ്റക്കാരിൽ 37 ശതമാനം പേരും ഉയർന്ന വൈദഗ്ധ്യമുള്ള ജോലികളിലാണെന്നു വ്യക്തമാണ്. എന്നാൽ, യൂറോപ്യൻ യൂണിയനിൽ ജനിച്ചവരിൽ 29 ശതമാനമാണ് ഈ കൂട്ടത്തിലുള്ളത്. മികച്ച സാമ്പത്തിക നേട്ടവും തൊഴിൽ സാധ്യതകളുമാണ് ഇതിലൂടെ ഇന്ത്യയിൽ നിന്നുള്ള അഭ്യസ്തവിദ്യർക്ക് ലഭിക്കുന്നത്.

യുകെ സർക്കാരിന്റെ നാഷണൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസിന്റെ കണക്ക് അനുസരിച്ച്, 2023-ൽ, യുകെയിലേക്ക് ഏറ്റവും കൂടുതൽ കുടിയേറിയത് ഇന്ത്യക്കാരാണ്. ഏകദേശം 2,50,000 ഇന്ത്യക്കാർ കഴിഞ്ഞ വർഷം യുകെയിലേക്ക് പോയി എന്നാണ് കണക്ക്. ഭൂരിഭാഗവും ജോലിക്കും വിദ്യാഭ്യാസത്തിനുമായുള്ള കുടിയേറ്റമാണ്. 2017 ലെ സർക്കാർ കണക്കുകൾ പറയുന്നത് 26.4 ശതമാനം ഇന്ത്യൻ തൊഴിലാളി കൾ പൊതുഭരണം, വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിൽ ജോലി ചെയ്യുന്നു എന്നാണ്. 20.9 ശതമാനം പേർ ബാങ്കിങ്, ഫിനാൻസ്, ഇൻഷുറൻസ് മേഖലകളിൽ ജോലിചെയ്യുന്നു. വിവിധ രാജ്യങ്ങളുടെ ഡാറ്റ താരതമ്യം ചെയ്യുമ്പോഴുള്ള ഏറ്റവും ഉയർന്ന കണക്കായിരുന്നു ഇത്. എന്നാൽ, 2021 ന് ശേഷം വലിയമാറ്റം ഈ തൊഴിൽ - വിദ്യാഭ്യാസമേഖലയിൽ ഇന്ത്യയിൽ നിന്നുള്ളവർക്ക് ഉണ്ടായി എന്നാണ് കാണാൻ കഴിയുന്നത്.

## ഉപരിപഠനവും സാധ്യതകളും

2012-ൽ, ആഭ്യന്തര സെക്രട്ടറി തെരേസ മെയ് യുകെയുടെ പോസ്റ്റ് സ്റ്റഡി വർക്ക് വീസ (പി എസ് ഡബ്ല്യു) നിർത്തലാക്കി. ദേശീയ സുരക്ഷാ ആശങ്കകളും കുടിയേറ്റത്തോടുള്ള എതിർപ്പും കണക്കിലെടുത്താണ് നയം നടപ്പാക്കിയത്. പിന്നീട് 2019-ൽ പി എസ് ഡബ്ല്യു വീസ പുനഃസ്ഥാപിച്ച പ്രധാനമന്ത്രി ബോറിസ് ജോൺസൺ ഈ നയം തിരുത്തി. പുതിയ പി എസ് ഡബ്ല്യു വീസ 2021 ജൂലൈ ഒന്നിന് പ്രാബല്യത്തിൽ വന്നു. ഇത് യുകെയിലേക്കുള്ള വിദ്യാർഥികളുടെ കുടിയേറ്റത്തിൽ കുതിച്ചുചാട്ടത്തിന് കാരണമായി. യുകെയിൽ ബിരുദം പൂർത്തിയാക്കിയ വിദ്യാർഥികൾക്ക് ഗ്രാജ്വേറ്റ് വീസയിൽ ജോലിചെയ്യുന്നതിനായി രണ്ടു വർഷം (ഡോക്ടറൽ ബിരുദമുള്ളവർക്ക് മൂന്ന് വർഷം) യുകെയിൽ തുടരാം. പഠനത്തിനുശേഷം അന്താരാഷ്ട്ര വിദ്യാർഥികൾ യുകെയിൽ തുടരാൻ കൂടുതൽ സാധ്യതയുണ്ട്. ഇത് ഗ്രാജ്വേറ്റ് വീസ കാരണം മാത്രമല്ല, കൂടുതൽ വിദ്യാർഥികൾ യുകെയിൽ സ്ഥിരതാമസത്തിനുള്ള പാത നൽകുന്ന സ്കിൽഡ് വർക്കർ റൂട്ട് ഉൾപ്പെടെയുള്ള ദീർഘകാല തൊഴിൽ വീസകളിലേക്ക് മാറുന്നതിനാലാണ് എന്നാണ് വ്യക്തമാകുന്നത്. 2024 മാർച്ച് അവസാനം വരെയുള്ള 12 മാസങ്ങൾക്കുള്ളിൽ, യുകെ സർക്കാർ ഏകദേശം 4,50,000 പഠന വീസകൾ അനുവദിച്ചു. ഇതിൽ 1,16,000 ഇന്ത്യൻ പൗരന്മാർക്കാണ് ലഭിച്ചത്. ഈ കണക്കുകൾ പ്രകാരം യുകെയിലേക്ക് എത്തുന്നത് ഏറ്റവും കൂടുതൽ ഇന്ത്യൻ വിദ്യാർഥികൾ ആണ്.

എന്നാൽ, 2024 ജനുവരിയോടെ സ്റ്റുഡന്റ് വീസയിൽ വരുന്നവർക്ക് ഇനി മുതൽ ആശ്രിതരെ കൊണ്ടുവരാൻ സാധിക്കില്ല (റിസർച്ച് ഒഴികെ) എന്ന വ്യവസ്ഥ നിലവിൽ വന്നു. എന്നാൽ, ഇന്ത്യയിൽ നിന്നുള്ള വിദ്യാർഥികൾ യുകെയിലെ സർവകലാശാലകളിലേക്ക് ഇപ്പോഴും വിദ്യാഭ്യാസത്തിനായി എത്തുന്നു. മികച്ച തൊഴിൽ ലഭിക്കാവുന്ന പ്രൊഫഷണൽ കോഴ്സുകൾ ഈ വിദ്യാർഥികൾക്ക് വലിയ അവസരമാണ് നൽകുന്നത്. വ്യക്തമായ പരിശോധനയ്ക്ക് ശേഷം മാത്രമേ ഒരു സർവകലാശാലയും, വിഷയവും തിരഞ്ഞെടുക്കാവൂ എന്നാണ് അനുഭവങ്ങൾ നൽകുന്ന പാഠം. ■

 അൻഫിയ എ

# കടൽ കടക്കാനൊരു കൈത്താങ്ങ്



**കേരളത്തിലെ പ്രഗൽഭരായ തൊഴിലാളികളെയും വിദ്യാർഥികളെയും ആഗോള തൊഴിൽ-വിദ്യാഭ്യാസ അവസരങ്ങളുമായി ബന്ധിപ്പിക്കുന്നതിൽ നോർക്ക വകുപ്പ് നിർണ്ണായക പങ്കാണ് വഹിക്കുന്നത്**

വിദേശജോലി സ്വപ്നം കാണുന്നവർക്ക് സുരക്ഷിതവും വിശ്വാസയോഗ്യവുമായ ജോലി എന്നതാണ് നോർക്കയുടെ ലക്ഷ്യം. ആരോഗ്യരംഗത്തെ നിരവധി തൊഴിലവസരങ്ങൾ നോർക്ക കണ്ടെത്തി, ധാരാളം പേർക്ക് തൊഴിൽ നൽകി. ജർമ്മനി, കുവൈത്ത്, സൗദി അറേബ്യ, അബുദാബി, വെയ്ൽസ്, ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങളിലെല്ലാം നോർക്ക റിക്രൂട്ട്മെന്റ് വിഭാഗത്തിന്റെ ഇടപെടലുണ്ടായി. തൊഴിൽരഹിതരായ ആയിരങ്ങൾക്ക് പ്രതീക്ഷയായതും അവരുടെ കുടുംബങ്ങളിൽ പുഞ്ചിരി നിറച്ചതും നോർക്കയാണ്.

കേരളത്തിലെ പ്രഗൽഭരായ തൊഴിലാളികളെയും വിദ്യാർഥികളെയും ആഗോള തൊഴിൽ-വിദ്യാഭ്യാസ അവസരങ്ങളുമായി ബന്ധിപ്പിക്കുന്നതിൽ നോർക്ക വകുപ്പ് നിർണ്ണായക പങ്കാണ് വഹിക്കുന്നത്. യൂറോപ്പിൽ നിന്ന് ഗൾഫ് രാജ്യങ്ങളിലേക്കും ഉത്തര അമേരിക്കയിലേക്കും വ്യാപിച്ച നോർക്കയുടെ റിക്രൂട്ട്മെന്റ് പ്രവർത്തനങ്ങൾ ആഗോള ആവശ്യകതയും നോർക്കയിലുള്ള വിശ്വാസവും ഒരുപോലെ വർധിച്ചുവരുന്നതിന്റെ വ്യക്തമായ തെളിവാണ്. 2022-23 അധ്യയന വർഷത്തോടെ ആരംഭിച്ച നോർക്കയുടെ റിക്രൂട്ട്മെന്റുകൾ ജർമ്മനി, യുണൈറ്റഡ് കിങ്ഡം (ഇംഗ്ലണ്ട്, വെയിൽസ്, യോവിൽ), കാനഡ, കൂടാതെ കുവൈത്ത്, സൗദി അറേബ്യ (MOH), അബുദാബി ഉൾപ്പെടുന്ന ജിസിസി രാജ്യങ്ങളിലേക്കും വ്യാപിച്ചു. തുടക്കത്തിൽ എണ്ണം കുറവായിരുന്നുവെങ്കിലും തുടർന്നുള്ള വർഷങ്ങളിൽ ശ്രദ്ധേയമായ വളർച്ചയാണ് രേഖപ്പെടുത്തിയത്.

ജർമ്മനി നോർക്കയുടെ റിക്രൂട്ട്മെന്റ് ചരിത്രത്തിലെ ഏറ്റവും ശ്രദ്ധേയമായ വിജയകഥകളിലൊന്നായി മാറി. 2022-23 വർഷത്തിൽ ജർമ്മനിയിലേക്കുള്ള റിക്രൂട്ട്മെന്റ് 21 പേരായിരുന്നു. തുടർച്ചയായ ശ്രമങ്ങളും അന്തർദേശീയ സഹകരണവും വിദഗ്ധ തൊഴിലാളികൾക്കുള്ള ഉയർന്ന ആവശ്യകതയും മൂലം ഈ സംഖ്യ 2025-26 ഓടെ 362 ആയി ഉയർന്നു. ഇത് ജർമ്മനിയെ കേരളത്തിലെ യുവതയ്ക്കുള്ള പ്രധാന തൊഴിൽ ലക്ഷ്യസ്ഥാനങ്ങളിലൊന്നാക്കി മാറ്റി.

അതേസമയം, യുണൈറ്റഡ് കിങ്ഡം, പ്രത്യേകിച്ച് വെയിൽസ്, നോർക്കയുടെ പ്രധാന ശ്രദ്ധാകേന്ദ്രമായി മാറി. 2023-24 വർഷത്തിലാണ് യുകെ വെയിൽസിലേക്കുള്ള റിക്രൂട്ട്മെന്റുകൾ ശക്തമാകാൻ തുടങ്ങിയത്. ആ വർഷം മാത്രം 166 പേർ റിക്രൂട്ട്മെന്റ് വഴി തിരഞ്ഞെടുക്കപ്പെട്ടു. തുടർന്നുള്ള വർഷമായ 2024-25ൽ ഈ എണ്ണം 344 ആയി ഉയർന്നു. ഇതോടെ വെയിൽസ് നോർക്കയുടെ ഏറ്റവും പ്രധാനപ്പെട്ട റിക്രൂട്ട്മെന്റ് കേന്ദ്രങ്ങളിലൊന്നായി. ഇംഗ്ലണ്ട്, യോവിൽ തുടങ്ങിയ മറ്റ് യുകെ പ്രദേശങ്ങളും ഈ വളർച്ചയിൽ നിർണ്ണായക പങ്ക് വഹിച്ചു.

അതേസമയം, ഗൾഫ് സഹകരണ കൗൺസിൽ (ജിസിസി) രാജ്യങ്ങൾ നോർക്കയുടെ റിക്രൂട്ട്മെന്റ് പ്രവർത്തനങ്ങളുടെ ശക്തമായ അടിത്തറയായി തുടരുകയും ചെയ്തു. 2022-23ൽ മാത്രം 293 റിക്രൂട്ട്മെന്റുകൾ ജിസിസി രാജ്യങ്ങളിലേക്കായി നടന്നു. കുവൈത്ത്, സൗദി അറേബ്യ (MOH), അബുദാബി എന്നിവിടങ്ങളിലേക്കുള്ള ആരോഗ്യ, സാങ്കേതിക മേഖലകളിലെ നിയമനങ്ങളാണ് ഇതിൽ പ്രധാനം.



യൂറോപ്പിനും ഗൾഫ് രാജ്യങ്ങൾക്കും പുറമെ കാനഡയിലേക്കും റിക്രൂട്ട്മെന്റ് നടന്നത് നോർക്കയുടെ ആഗോള വ്യാപനത്തിന്റെ തെളിവാണ്. 2022-23 മുതൽ 2024-26 വരെ ഉള്ള കണക്കുകൾ, വളർച്ചയുടെയും വൈവിധ്യവത്കരണത്തിന്റെയും തന്ത്രപ രമായ വികസനത്തിന്റെയും ശക്തമായ കഥയാണ് പറയുന്നത്. ജർമ്മനിയിൽ ചെറിയ തുടക്കത്തിൽ നിന്ന് യുകെയിൽ ശക്തമായ സാന്നിധ്യത്തിലേക്കും ജിസിസി രാജ്യങ്ങളിലെ സ്ഥിരതയുള്ള നിയമനങ്ങളിലേക്കും നീങ്ങിയ നോർക്ക, വിദേശതൊഴിലും വിദ്യാഭ്യാസവും തേടുന്ന വർക്കുള്ള വിശ്വാസയോഗ്യമായ സ്ഥാപ നമായി തന്റേതായ സ്ഥാനം ഉറപ്പിച്ചു. ഈ വർധിച്ചുവരുന്ന സംഖ്യകൾ ആഗോള തൊഴിൽ വിപണിയിലെ ആവശ്യകതയെ മാത്രമല്ല, അന്താരാഷ്ട്ര തലത്തിൽ മത്സര ക്ഷമമായ കേരളത്തിന്റെ മാനവവിഭവ ശേഷിയെയും പ്രതിഫലിപ്പിക്കുന്നു.




## നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫോറിൻ ലാംഗ്വേജ് (NIFL)

**നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫോറിൻ ലാംഗ്വേജ് റിക്രൂട്ട്മെന്റ് വിഭാഗത്തിന്റെ തിരുവനന്തപുരം, കോഴിക്കോട് കേന്ദ്രങ്ങളിൽ വഴിയുള്ള നിയമന കണക്ക് ഇപ്രകാരമാണ്.**

2022-23: 314 പേർ

2023-24: 575 പേർ

2024-25: 1,065 പേർ

2025-26: 592 പേർ (നിലവിൽ)

### ജർമ്മനിയിൽ 1,000 നഴ്സുമാർ

ജർമ്മനിയിലേക്ക് ആയിരം നഴ്സുമാരുടെ നിയമിക്കുന്നതി നുള്ള നടപടികൾ പൂർത്തിയാ ക്കിക്കൊണ്ട് മലയാളികളുടെ അന്താരാഷ്ട്ര തൊഴിലവസരങ്ങൾ വികസിപ്പിക്കുന്നതിൽ ഒരു നാഴിക ക്കല്ല് നോർക്ക പിന്നിട്ടു. ഇതോടെ മലയാളി പ്രൊഫഷണലുകളുടെ വിദേശ റിക്രൂട്ട്മെന്റിനുള്ള നോർക്കയു ടെ ശ്രമങ്ങളിൽ വലിയ മുന്നേറ്റമുണ്ടായി.

### ട്രിപ്പിൾ വിൻ ട്രെയ്നി പ്രോഗ്രാം

വിദേശ റിക്രൂട്ട്മെന്റ് രംഗത്ത് നോർക്ക നടപ്പാക്കുന്ന ഏറ്റവും ഫലപ്രദമായ പദ്ധ തികളിൽ ഒന്നായി ട്രിപ്പിൾ വിൻ ട്രെയ്നി പ്രോഗ്രാം മാറിയിട്ടുണ്ട്. നോർക്ക റൂട്ട്സ്, ജർമ്മൻ ഫെഡറൽ എംപ്ലോയ്മെന്റ് ഏജൻസി, ജർമ്മൻ ഏജൻസി ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ (GIZ) എന്നിവയുടെ സംയുക്ത പദ്ധതിയാണിത്. യോഗ്യരായ കേരളത്തിലെ വിദ്യാർഥികൾ ക്ക് സൗജന്യ നഴ്സിങ് വിദ്യാഭ്യാസവും ജർമ്മനിയിലെ തൊഴിലവസരങ്ങളും നൽ കുകയാണ് ലക്ഷ്യം.

ഇതുവരെ 1,750 പേരെയാണ് ഈ പദ്ധതി യിലൂടെ തിരഞ്ഞെടുത്തത്. ഇവരിൽ 1,000 നഴ്സുമാർ ജർമ്മനിയിൽ ജോലിയിൽ പ്രവേശിച്ചുകഴിഞ്ഞു. ശേഷിക്കുന്നവർ തിരു വനന്തപുരം, കൊച്ചി എന്നിവിടങ്ങളിലെ ഗ്യോഥെ ഇൻസ്റ്റിറ്റ്യൂട്ട് (NIFL) സെന്ററുകളിൽ ജർമ്മൻ ഭാഷ പരിശീലനം തുടരുകയാണ്. പരിശീലനാർഥികൾക്കും ജർമ്മനിക്കും കേരളത്തിനും ഒരുപോലെ ഗുണകരമായ 'ട്രിപ്പിൾ വിൻ' മാതൃകയിലാണ് പദ്ധതി രൂപകൽപന ചെയ്തിരിക്കുന്നത്. ഭാഷാപരി ശീലനത്തോടൊപ്പം ജർമ്മൻ ആരോഗ്യരം ഗത്തെ തൊഴിൽ സംസ്കാരം, ക്ലിനിക്കൽ പ്രോട്ടോകോളുകൾ, അനുകൂലന കഴിവു കൾ എന്നിവയിലും പരിശീലനം നൽകുന്നു. CEFR (Common European Framework) നിലവാരങ്ങൾ കർശനമായി പാലിക്കുന്ന തോടൊപ്പം അന്താരാഷ്ട്ര നിലവാരത്തിലു ള്ള തൊഴിൽ യോഗ്യത ട്രെയിനികൾക്ക് ലഭ്യമാകുന്നു. വിദേശത്ത് ജോലിയിൽ പ്രവേശിക്കുന്നതിനു ശേഷവും തുടർച്ചയായ നിരീക്ഷണവും പിന്തുണയും നൽകുന്നുണ്ട്.

ഉദ്യോഗാർഥികൾക്ക് ബി1 ലെവൽ പൂർത്തി യാക്കിയ ശേഷം ജർമ്മനിയിലേക്ക് യാത്ര ചെയ്യാൻ അനുവാദം ലഭിക്കുമെന്നത് നോർ ക്കയുടെ പ്രത്യേകതയാണ്. ജർമ്മനിയിൽ എത്തിയതിന് ശേഷം ബി2 ലെവൽ പൂർ ത്തിയാക്കിയാൽ മതിയാകും. സാധാരണ നിലയിൽ ജർമ്മനിയിലേക്ക് യാത്ര ചെയ്യു ന്നതിന് മുമ്പ് തന്നെ ബി2 ലെവൽ പൂർത്തി യാക്കേണ്ടതാണ്.

### റിക്രൂട്ട്മെന്റ് വിങ്ങിന്റെ പ്രവർത്തനം

ജർമ്മനിയിലേക്കുള്ള റിക്രൂട്ട്മെന്റിനപ്പുറവും നോർക്കയുടെ വിദേശ നിയമന പ്രവർ ത്തനങ്ങൾ വ്യാപിക്കുന്നുണ്ട്. വെയിൽ സിലേയ്ക്ക് (യുകെ) 450 നഴ്സുമാരെയും ജർമ്മനിയിലേക്ക് 200 സ്പെഷ്യലിസ്റ്റ് നഴ്സുമാരെയും വിജയകരമായി നി യമിച്ചു. ഡോക്ടർമാരുടെ റിക്രൂട്ട്മെന്റ് നടപടികളും ആരംഭിച്ചിട്ടുണ്ട്. മാന സികാരോഗ്യ - മനോചികിത്സാ വിദ ഗ്ധർക്കായുള്ള റിക്രൂട്ട്മെന്റ് ഡ്രൈവ് 2026 ജനുവരി 31-ന് നടക്കും. ഇംഗ്ലണ്ട്, വെയ്ൽസ് എന്നിവിടങ്ങ ളിലേക്ക് സോഷ്യൽ വർക്കർമാരെയും ആരോഗ്യപ്രവർത്തകരെയും അയയ്ക്കാ നും സാധിച്ചിട്ടുണ്ട്.

1996 ഡിസംബർ 6-ന് സ്ഥാപിതമായ നോർക്ക പ്രവാസി മലയാളികളുടെ (NRKs) പരാതികൾ പരിഗണിക്കൽ, അവരുടേതായ അവകാശങ്ങൾ സംര ക്ഷിക്കൽ, തിരിച്ചെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിന് പിന്തുണ നൽകൽ എന്നിവയ്ക്കായി കേരള സർക്കാരിന്റെ പ്രധാന ഏജൻസിയായി പ്രവർത്തിക്കു ന്നു. നോർക്ക റൂട്ട്സ് മുഖേന, NRKs-ന് സഹായം നൽകുകയും കേരളത്തിലേക്കു ള്ള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുകയും മണിപ്പൂർ കലാപം, ഉക്രൈൻ - ഇസ്രയേൽ ഹമാസ് സംഘർഷം, കുവൈത്ത് തീപിടി ത്തം പോലുള്ള അത്യാഹിതങ്ങളിൽ രക്ഷാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുന്നു.

സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ, HRD, MEA അറ്റസ്റ്റേഷൻ, എംബസി അറ്റസ്റ്റേഷൻ, കുവൈറ്റ് വിസാ സ്റ്റാമ്പിങ്, അപോസ്റ്റിൽ, ഹോം ഡിപ്പാർട്ട്മെന്റ് അറ്റസ്റ്റേഷൻ എന്നിവ ഉൾപ്പെടെ വിപുലമായ സേവ നങ്ങൾ നോർക്ക നൽകുന്നു. വിദ്യാർഥി ഐഡി കാർഡ്, പ്രവാസി ഐഡി കാർഡ്, NRK ഐഡി കാർഡ്, കൂടാതെ ഗുരുതര രോഗങ്ങൾക്കായി ഒരുലക്ഷം വരെ ഇൻ ഷുറൻസ് നൽകുന്ന പ്രവാസി രക്ഷാഇൻ ഷുറൻസ് (NPRI) എന്നിവയും നൽകുന്നു. അടിയന്തര ആംബുലൻസ് സേവനം, വനി താമിത്ര, പ്രവാസിഭദ്രത എന്നിവയും മറ്റ് ക്ഷേമപരിപാടികളിൽ ഉൾപ്പെടുന്നു. ■

# സ്ത്രീ സുരക്ഷാപെൻഷൻ അപേക്ഷകർ 10 ലക്ഷം കടന്നു

സംസ്ഥാനത്തെ സ്ത്രീകളുടെ ക്ഷേമം ഉറപ്പുവരുത്താനായി സർക്കാർ ആരംഭിച്ച സ്ത്രീ സുരക്ഷാ പദ്ധതിക്ക് വൻ സ്വീകാര്യത. ജനുവരി 6 വരെയുള്ള ചെറിയ കാലയളവിനുള്ളിൽ സ്ത്രീ സുരക്ഷാ പദ്ധതിയിലേക്ക് 10,00,581 പേരാണ് അപേക്ഷിച്ചത്. ഡിസംബർ 22 മുതലാണ് അപേക്ഷ ക്ഷണിച്ചുതുടങ്ങിയത്.

35നും 60നും ഇടയിൽ പ്രായമുള്ള, യാതൊരു ക്ഷേമ പെൻഷൻ പദ്ധതിയിലും ഉൾപ്പെട്ടിട്ടില്ലാത്ത, അന്ത്യോദയ അന്നയോജന (മഞ്ഞ കാർഡ്), മുൻഗണനാവിഭാഗം (പിങ്ക് കാർഡ്) എന്നിവയിൽ ഉൾപ്പെടുന്ന സ്ത്രീകൾക്കും ട്രാൻസ് വുമൺ വിഭാഗത്തിൽപ്പെട്ടവർക്കും പ്രതിമാസം 1000 രൂപ ലഭ്യമാക്കുന്ന പദ്ധതിയാണിത്. ഇനിയും അപേക്ഷിക്കാത്തവർക്ക് https://ksmart.lsgkerala.gov.in എന്ന വെബ്സൈറ്റ് മുഖേന അപേക്ഷിക്കാം.

### ഓൺലൈൻ ആയി അപേക്ഷിക്കാൻ

1 : https://ksmart.lsgkerala.gov.in/ എന്ന വെബ്സൈറ്റിൽ Citizen ആയി ലോഗിൻ ചെയ്യുക.

2 : Apply എന്നതിൽ ക്ലിക്ക് ചെയ്ത് ഇടതു വശത്തു കാണുന്ന Sthree Suraksha Scheme എന്നതിൽ ക്ലിക്ക് ചെയ്യുമ്പോൾ കാണുന്ന Sthree Suraksha Scheme എന്ന കാർഡിൽ ക്ലിക്ക് ചെയ്യുക.

3 : സ്ഥിര താമസമുള്ള തദ്ദേശ സ്ഥാപനം തിരഞ്ഞെടുത്തു ആധാർ നമ്പറും ആധാറിലെ പേരും കൃത്യമായി എൻട്രി വരുത്തി Validate ക്ലിക്ക് ചെയ്യുക.

4 : തുടർന്ന് വരുന്ന സ്ക്രീനിൽ Ration Card അടക്കമുള്ള സ്ക്രീനിൽ ആവശ്യപ്പെടുന്ന എല്ലാ വിവരങ്ങളും രേഖപ്പെടുത്തി അപേക്ഷ സബ്മിറ്റ് ചെയ്യുക.

### KSMART വഴി അപേക്ഷിക്കാൻ

മുഖ്യമന്ത്രിയുടെ സ്ത്രീ സുരക്ഷ പദ്ധതി എന്ന ബാനറിൽ ക്ലിക്ക് ചെയ്യുക.

ലോഗിൻ create ചെയ്ത് ഫോൺ നമ്പർ ടൈപ്പ് ചെയ്ത് Send OTP ക്ലിക്ക് ചെയ്യുക.

മൊബൈലിലേക്ക് വരുന്ന ഒടിപി ടൈപ്പ് ചെയ്ത് ലോഗിൻ ക്ലിക്ക് ചെയ്യുക.

New Application ക്ലിക്ക് ചെയ്ത് ഇടതു വശത്ത് കാണുന്ന Sthree Suraksha Scheme ക്ലിക്ക് ചെയ്യുമ്പോൾ കാണുന്ന Sthree Suraksha Schem-e എന്ന കാർഡ് ക്ലിക്ക് ചെയ്യുക.

കാർഡിലെ Application for Sthree Suraksha Pension എന്നതിൽ ക്ലിക്ക് ചെയ്യുക.

ആധാർ അടിസ്ഥാനമാക്കി വിവരങ്ങൾ നൽകുക.

Aadhar Consent വായിച്ച് മനസ്സിലാക്കിയ ശേഷം I Agree ടിക്ക് ചെയ്ത് Accept ക്ലിക്ക് ചെയ്യുക. വിവരങ്ങൾ ശരിയെങ്കിൽ Proceed ക്ലിക്ക് ചെയ്യുക. മറ്റു വിവരങ്ങൾ, രേഖകൾ, ഫോട്ടോ തുടങ്ങിയവ upload ചെയ്ത് അപേക്ഷ പൂർണമാക്കുക.

Application Preview കണ്ടതിന് ശേഷം ഒടിപി വഴി അപേക്ഷ Submit ചെയ്യുക. അപേക്ഷ ലഭിച്ചതായി Acknowledgement ലഭിക്കും.



# എം.എസ്.എം.ഇ കൾക്ക് നൈപുണ്യ വികസന പരിശീലനം

കേന്ദ്ര സർക്കാരിന്റെയും ലോക ബാങ്കിന്റെയും സഹായത്തോടെ നടപ്പിലാക്കുന്ന റാംപ് (RAMP - Raising and Accelerating MSME Performance) പദ്ധതിയുടെ ഭാഗമായി വ്യവസായ വാണിജ്യ വകുപ്പ് ആറായിരം സംരംഭകർക്ക് സൗജന്യ വിദഗ്ധ പരിശീലനം നൽകുന്നു.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടപ്പിലാക്കുന്ന 'സെക്ടർ സ്പെസിഫിക് ട്രെയിനിങ്' എന്ന നൈപുണ്യ വികസന പദ്ധതിയിലൂടെ 2026-27 സാമ്പത്തിക വർഷാവസാനത്തോടുകൂടെ 6,000 സംരംഭകർക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം നൽകുകയാണ് ലക്ഷ്യം. കേവലം സൈദ്ധാന്തികമായ പാഠങ്ങൾക്കപ്പുറം, ഓരോ വ്യവസായ മേഖലയ്ക്കും ആവശ്യമായ പ്രായോഗിക അറിവുകൾ നേരിട്ട് പകർന്നുനൽകുന്നു എന്നതാണ് ഈ പരിശീലനത്തിന്റെ പ്രത്യേകത.

## സാമ്പത്തിക-നിയമകാര്യ പരിശീലനം

നിയമപരവും സാമ്പത്തികവുമായ അറിവില്ലായ്മ സംരംഭങ്ങളുടെ വളർച്ചയ്ക്ക് തടസ്സമാകുന്നത് ഒഴിവാക്കാൻ 'സമഗ്ര ബിസിനസ് ഫിനാൻസ് & കംപ്ലയൻസ് വർക്ക്ഷോപ്പ്' സഹായിക്കും. ജി.എസ്.ടി, ആദായ നികുതി എന്നിവയിലെ സങ്കീർണ്ണതകൾ ലളിതമായി മനസ്സിലാക്കാനും, മാർജിനൽ കോസ്റ്റിങ് പോലുള്ള മാനേജ്മെന്റ് തന്ത്രങ്ങൾ ഉപയോഗിച്ച് ബിസിനസ് ലാഭകരമാക്കാനും സംരംഭകരെ ഈ മൂന്ന് ദിവസത്തെ പരിശീലനം പ്രാപ്തരാക്കും.

# പ്രൊഡക്റ്റ് സർട്ടിഫിക്കേഷൻ & ക്വാളിറ്റി മാനേജ്മെന്റ് സിസ്റ്റംസ് പരിശീലനം

ഉൽപ്പന്നങ്ങളുടെ വിശ്വസ്തത ഉറപ്പാക്കുന്നതിന് സർട്ടിഫിക്കേഷനുകൾ അനിവാര്യമാണ്. ബി.ഐ.എസ് (BIS), ഐ.എസ്.ഒ (ISO 9001:2015), സെഡ് (ZED - Zero Defect Zero Effect) സർട്ടിഫിക്കേഷനുകൾ എങ്ങനെ നേടിയെടുക്കാം എന്നതിനെക്കുറിച്ച് പ്രത്യേക പരിശീലനം നൽകുന്നുണ്ട്. ഐ.എസ്.ഐ (ISI), ആഗ്മാർക്ക് (Agmark) തുടങ്ങിയ മുദ്രകൾ ലഭിക്കുന്നതിനുള്ള ലളിതമായ നടപടിക്രമങ്ങളും പരിശീലനത്തിൽ ഉൾപ്പെടുന്നു.

# കയറ്റുമതി വിപണിയെ ലക്ഷ്യമാക്കി പരിശീലനം

പ്രാദേശിക വിപണിയിൽ നിന്ന് ആഗോള വിപണിയിലേക്ക് വളരാൻ ആഗ്രഹിക്കുന്ന സംരംഭകർക്കായി മൂന്ന് ദിവസത്തെ കയറ്റുമതി-ഇറക്കുമതി നടപടിക്രമ വർക്ക്ഷോപ്പ് ഈ പദ്ധതിയുടെ പ്രധാന ആകർഷണമാണ്. കയറ്റുമതിക്ക് ആവശ്യമായ രേഖകൾ, നടപടിക്രമങ്ങൾ, DGFT, FIEO തുടങ്ങിയ സർക്കാർ ഏജൻസികളുമായുള്ള സഹകരണം എന്നിവയിൽ ഈ വർക്ക്ഷോപ്പ് വ്യക്തത നൽകുന്നു. കസ്റ്റംസ് നിയമങ്ങൾ, ഷിപ്പിങ്, ലോജിസ്റ്റിക്സ്, പോസ്റ്റ് ഓഫീസ് വഴിയുള്ള കയറ്റുമതി എന്നിവയും ഈ പരിശീലനത്തിന്റെ ഭാഗമാണ്.

# ഡിജിറ്റൽ മാർക്കറ്റിങ് പരിശീലനം




മാറുന്ന ലോകത്ത് ഡിജിറ്റൽ സാന്നിധ്യമില്ലാതെ ഒരു സംരംഭത്തിനും നിലനിൽപ്പില്ല. ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകൾ ഉപയോഗപ്പെടുത്തുന്ന രീതി, സോഷ്യൽ മീഡിയ പ്രൊമോഷൻ, എസ്.ഇ.ഒ (SEO) തുടങ്ങിയവയിൽ സംരംഭകർക്ക് പ്രായോഗിക പരിശീലനം നൽകും. ഇതിനു പുറമെ, മാർക്കറ്റിങ്ങിനായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) ടൂളുകൾ എങ്ങനെ ഉപയോഗിക്കാം എന്നതിലും വിദഗ്ധർ ക്ലാസുകൾ നയിക്കും.

വാട്സാപ്പ് ബിസിനസ് എ.പി.ഐ (WhatsApp API) ഉപയോഗിച്ചുള്ള ഓട്ടോമേഷൻ, ഡിജിറ്റൽ വിസിറ്റിങ് കാർഡുകൾ, ആധുനിക പി.ഒ.എസ് (POS) സിസ്റ്റങ്ങൾ എന്നിവ സംരംഭങ്ങളിൽ നടപ്പിലാക്കുന്നതിലൂടെ ബിസിനസ് പ്രക്രിയകൾ കൂടുതൽ ലളിതമാക്കാൻ സാധിക്കും.

ഈ പരിശീലനങ്ങളിലൂടെ കേരളത്തിലെ എം.എസ്.എം.ഇ മേഖലയ്ക്ക് വലിയ ഉണർവ് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സംസ്ഥാനത്തിന്റെ വ്യാവസായിക ഭൂപടത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരാനും ഈ പദ്ധതി വഴിയൊരുക്കും. പരിശീലനങ്ങളോടൊപ്പം ലോജിസ്റ്റിക്സ്, സപ്ലൈ ചെയിൻ, ഇ-കോമേഴ്സ്, എച്ച് ആർ മാനേജ്മെന്റ് എന്നീ വിഷയങ്ങളിലും പരിശീലനപരിപാടികൾ വ്യവസായ വാണിജ്യ വകുപ്പ് വിഭാവനം ചെയ്യുന്നു.

## പരിശീലനത്തിൽ പങ്കാളികളാകാൻ

സൗജന്യമായി നൽകുന്ന ഈ സുവർണ്ണാവസരം പ്രയോജനപ്പെടുത്താൻ ആഗ്രഹിക്കുന്ന സംരംഭകർ താഴെ പറയുന്ന നമ്പറുകളിലോ ഇമെയിലിലോ ബന്ധപ്പെടുക.

ഫോൺ: 9446227590, 70123 76994

ഇമെയിൽ: am.facilitation@kied.in, am.learning@kied.in

സഫറാസ് അലി
ചലച്ചിത്ര നിരൂപകൻ



**നമ്മൾ യഥാർഥ നമ്മളാകുന്നതെങ്ങനെയെന്ന അന്വേഷണമാണ് ശ്രീനിവാസൻ സിനിമകളിൽ പ്രധാനമായും നടത്തിയത്. മനുഷ്യൻ എന്ന അനിതരസാധാരണ ആയുധമാണ് എഴുത്തിൽ അദ്ദേഹം കൈമുതലായി സൂക്ഷിച്ചത്. മനുഷ്യന്റെ സാധ്യതകളെ തിരിച്ചറിയുക എന്ന യഥാർഥ ചിന്തയാണ് ആ തിരക്കഥകളുടെ ആകെത്തുക.**

# 'സന്ദേശം' അതൊന്നേയുള്ളൂ

കെ. ജി ജോർജും പത്മരാജനും നേതൃത്വം നൽകിയ മധ്യവർത്തി മലയാളസിനിമയ്ക്ക്, ആ ജോണർ ആവശ്യപ്പെടുന്നതിനേക്കാൾ ജനപ്രിയത നൽകിയാണ് എൺപതുകളുടെ രണ്ടാം പാദത്തിൽ ശ്രീനിവാസൻ എന്ന പോപ്പുലർ ക്രിയേറ്റർ പ്രത്യക്ഷപ്പെടുന്നത്. ശ്രീനിവാസൻ പേനയെടുത്തപ്പോൾ മലയാള സിനിമയ്ക്ക് അരുതാത്തത് ചിലത് സംഭവിച്ചു. സമാന്തര സിനിമയെന്നും ആർട്ട് സിനിമയെന്നും കണക്കാക്കി വിഭജിക്കപ്പെട്ട യഥാർഥ സിനിമയ്ക്ക് ആള് കുറഞ്ഞു. താരതമ്യേന ആയാസം കുറഞ്ഞ കാഴ്ച സാധ്യമാക്കിയ മധ്യവർത്തിസിനിമയുടെ ഗൗരവക്കാഴ്ചയുടെ സ്റ്റോപ്പിലും ആളിറങ്ങി. ചിരിക്കാനും സന്തോഷിക്കാനും ആളൊഴുക്കുണ്ടായി. ആഹ്ലാദിക്കാനുള്ളതാണ് ജീവിതമെന്നും ചിരിക്കുമ്പോൾ ഒരു വാനമ്പാടി പറന്നുയരുമെന്നും പറഞ്ഞ് പുകച്ചുതള്ളുന്നത് കണക്ക് ചിരിച്ചുതള്ളി. എന്നാൽ ചിരിച്ചവർക്കും സന്തോഷിച്ചവർക്കും പിന്നീട് ഒരു ചിന്തയുടെ വെട്ടമുണ്ടായി. മുഖം കനപ്പിച്ച് മുക്രയിടുന്ന ഹൈ വോൾട്ടേജ് ദൃശ്യഗരിമയേക്കാൾ, ചിരി ആട്ടിൻ സൂപ്പിന്റെ ഫലം ചെയ്യുമെന്ന് ശ്രീനിവാസൻ സിനിമകൾ കാണികൾക്ക് മുന്നറിയിപ്പ് നൽകി. ആ നിലയ്ക്ക് മലയാളത്തിലെ ചിരിയുടെ വെളിച്ചമാണ് ശ്രീനിവാസൻ, ചിന്തയുടെയും;

സ്വാഭാവികതയാണ് ശ്രീനിവാസൻ സിനിമയുടെ മുഖലക്ഷണം. എഴുതിയ തിരക്കഥകളിലായാലും അഭിനയിച്ച കഥാപാത്രങ്ങളിലായാലും സംവിധാനം ചെയ്ത സിനിമകളിലായാലും സ്വാഭാവികത ഒരു നീരൊഴുക്കായി പടരുന്നത് കാണാം. അഭിനയത്തിൽ ചില സർറിയലിസ്റ്റ് കാർട്ടൂണുകൾ പോലെ ശ്രീനിവാസന്റെ കഥാപാത്രങ്ങൾ മൊത്തം സിനിമയിൽ മുഴച്ചുനിന്നതായി വിലയിരുത്തപ്പെട്ടിട്ടുണ്ട്. കഥയിൽ പ്രത്യക്ഷപ്പെടുന്ന സാമാന്യമനുഷ്യർക്കിടയിൽ കറുത്തവരും കുറിയവനും വിഭ്രപനും വിവേകശൂന്യനുമൊക്കെയായി പോകുന്ന ശ്രീനിവാസന്റെ കഥാപാത്രങ്ങൾ അസ്വാഭാവികതയുടെ തട്ടിലിരിക്കുന്നവരാണെന്നാണ് പരക്കെ പ്രചരിപ്പിക്കപ്പെട്ട വാദം. എന്നാൽ സ്വാഭാവികതയുടെ ജൈവികത തിരയുന്ന കഥാപാത്രങ്ങളെയാണ് ശ്രീനിവാസൻ അവതരിപ്പിച്ചിട്ടുള്ളത്. നായകനും നായികയും അവരുടെ പണിയാളരും വില്ലനും ഉൾപ്പെടുന്ന ഭൂരിപക്ഷമനുഷ്യരായിരിക്കും ഇത്തരം സിനിമകളിലെ അസ്വാഭാവികർ. അവർക്ക് മലയാളി ജീവിതത്തോട് യാതൊരു ഇഴയടപ്പവും ഉണ്ടാവുകയില്ല. മാണിക്കനേക്കാളും കാർത്തുമ്പിയേക്കാളും ശ്രീകൃഷ്ണൻ തമ്പുരാനേക്കാളും (തേന്മാവിൻ കൊമ്പത്ത് )സ്വാഭാവികത അപ്പക്കാളക്കാണ്. ചാണ്ടിക്കുഞ്ഞിനേക്കാളും മൈക്കിളിനേക്കാളും മേരിയേക്കാളും (ഒരു മറവത്തൂർ കനവ് ) സ്വാഭാവികത മരുതിൽ കാണാനാവും. ചായം പൂശിയ വർണ്ണശബളിമയിലല്ല നിറം കുറഞ്ഞ കറുത്ത് സ്വല്പം മങ്ങി നിൽക്കുന്നതിനാലാണ് മലയാളിയുള്ളത്. അതുകൊണ്ട് 'ഞാൻ ഒരു പാട്ടുപാടാം' എന്ന് മമ്മൂട്ടി പാടി അഭിനയിക്കുമ്പോൾ അത് ആരുടേയോ പാട്ടാവുകയും 'പവിഴമല്ലി പൂത്തുലഞ്ഞ നീലവാനം' എന്ന് ശ്രീനിവാസൻ പാടി അഭിനയിക്കുമ്പോൾ അത് മലയാളിയുടെ പാട്ടാവുകയും ചെയ്യുന്നു. നമ്മളുടെ ആഗ്രഹമാണ് മമ്മൂട്ടിയുടെ പാട്ട്. നമുക്ക് സാധ്യമായതാണ് ശ്രീനിവാസന്റെ പാട്ട്. ഇങ്ങനെ സ്വാഭാവികതയുടെ താളക്രമമാണ് ശ്രീനിവാസൻ സിനിമകൾ.

## അവനനവനിലേക്കുള്ള സഞ്ചാരങ്ങൾ

അൻപതിലധികം സിനിമകൾക്ക് തിരക്കഥ എഴുതിയെങ്കിലും പത്തുവർഷങ്ങൾക്കിടയിലായി കേവലം രണ്ട് സിനിമകൾ മാത്രമാണ് ശ്രീനിവാസൻ സംവിധാനം ചെയ്തിട്ടുള്ളത്. വടക്കുനോക്കിയന്ത്രവും (1989) ചിന്താവിഷ്ടയായ ശ്യാമളയും. (1998) അപരത്വമന്വേഷിക്കുമ്പോഴും അവനവനിലേക്കുള്ള സഞ്ചാരങ്ങളാണ് ഈ രണ്ടു സിനിമകളും. മാനസികാരോഗ്യത്തിൽ നിമ്നോന്നതികളുള്ള പ്രധാന കഥാപാത്രങ്ങൾ രണ്ട് സിനിമകളുടേയും ഗാത്രത്തെ ഭരിക്കുന്നു. വടക്കുനോക്കിയന്ത്രം കണ്ടുകഴിഞ്ഞ പ്രേക്ഷകർ തളത്തിൽ ദിനേശൻ ഒരു മാനസിക രോഗിയാണ് എന്ന നിലയിലാലോചിക്കുകയും ഇത്തരം മാനസികരോഗികളാണ് സമൂഹത്തിന്റെ ഗമനാഗമനത്തിന് വിഘ്നം സൃഷ്ടിക്കുന്നതെന്ന് അനുമാനത്തിലെത്തുകയും ചെയ്യുന്നു. താനാണ് ആ മാനസികരോഗി എന്നല്ല അവനാണ് ആ മാനസികരോഗി എന്നുള്ള നിരീക്ഷണമാണ് പ്രേക്ഷകനുള്ളത്. ചിന്താവിഷ്ടയായ ശ്യാമളയിലും കാഴ്ചക്കാരന് ഇതേ മനോഗതിയാണ്. മതം തലയ്ക്കു പിടിച്ചാൽ / പിടിപ്പിച്ചാൽ ഇതുതന്നെ സ്ഥിതിയെന്നും ഇവർക്കൊക്കെ കുറെ കൂടി നന്നായിക്കൂടെയെന്നും സാധാരണ മനോനിലയിൽ നിന്നുകൊണ്ടെന്നപോലെ ഒരു കാണി ആശങ്കപ്പെടുന്നു. വേണമെങ്കിൽ ഇവരെ തങ്ങൾ ഉപദേശിച്ചു നന്നാക്കാമെന്നും മികച്ച മാനസികാരോഗ്യം നൽകാമെന്നും ചിന്തിക്കുന്നു. മനോനില സന്തുലിതമാണെന്ന് സ്വയം ധരിക്കുന്ന മനോരോഗികളായ കാണികളാണ് വടക്കുനോക്കിയന്ത്രത്തിനും ചിന്താവിഷ്ടയായ ശ്യാമളയ്ക്കും ലഭിച്ചത്. അവരല്ല നമ്മളാണ് തളത്തിൽ ദിനേശൻ എന്നും വിജയൻ എന്നും പടം അവസാനിപ്പിച്ച് മണിക്കൂറുകൾ കഴിഞ്ഞ് പ്രേക്ഷകരെ റിയാലിറ്റിയിലെത്തിക്കുന്ന രണ്ടു സിനിമകൾ സംവിധാനം ചെയ്തു എന്നതാണ് ശ്രീനിവാസൻ മലയാള സിനി

മയ്ക്ക് നൽകിയ വലിയ സംഭാവന.

## മനുഷ്യകഥാനുഗായികൾ

നമ്മൾ യഥാർഥ നമ്മളാകുന്നതെങ്ങനെ യെന്ന അന്വേഷണമാണ് ശ്രീനിവാസൻ സിനിമകളിൽ പ്രധാനമായും നടത്തിയത്. മനുഷ്യൻ എന്ന അനിതരസാധാരണ ആയുധമാണ് എഴുത്തിൽ അദ്ദേഹം കൈമുതലായി സൂക്ഷിച്ചത്. മനുഷ്യന്റെ സാധ്യതകളെ തിരിച്ചറിയുക എന്ന യഥാർഥ ചിന്തയാണ് ആ തിരക്കഥകളുടെ ആകെത്തുക. മനുഷ്യനാണ് ശ്രീനിവാസനെ സംബന്ധിച്ച് 'പടച്ചോൻ'. അങ്ങനെയാണ് ശ്രീനിവാസന്റെ തിരക്കഥകൾ 'പടച്ചോന്റെ തിരക്കഥകൾ' ആകുന്നത്. അങ്ങനെ വരുമ്പോൾ ശ്രീനിവാസന്റെ രചനകൾ മനുഷ്യകഥാനുഗായികളാകുന്നു. സൂപ്പർസ്റ്റാർ അശോക് രാജ് സൃഷ്ടിക്കപ്പെടണമെങ്കിൽ ഒരു ബാർബർ ബാലൻ വേണമെന്നും (കഥ പറയുമ്പോൾ) സ്നേഹലത സൃഷ്ടിക്കപ്പെടണമെങ്കിൽ ഒരു തട്ടാൻ ഭാസ്കരൻ വേണമെന്നും (പൊന്മുട്ടയിടുന്ന താറാവ്) ശ്രീനിവാസൻ പറയുന്നു. അതുകൊണ്ട്, ദൈവത്തിലല്ല, ദൈവചിന്തയെ മഹത്വവൽക്കരിച്ച മതബോധത്തിലല്ല, മനുഷ്യജീവിതത്തിലാണ് അദ്ദേഹം തിരി വെച്ച് തൊഴുതത്. ദൈവത്തിന്റെ അസ്തിത്വത്തെ ചോദ്യം ചെയ്യുമ്പോൾ 'ദൈവം ഉണ്ടോ ഇല്ലയോ എന്ന് എനിക്കറിയില്ല. പക്ഷേ ഇല്ലാതായിരിക്കുന്നതാണ് ദൈവത്തിന്റെ അന്തസ്സിന് നല്ലത്' എന്ന് ഒരു തത്വചിന്തകനെ ഉദ്ധരിച്ച് ശ്രീനിവാസൻ പറയുന്നുണ്ട്. എന്നാൽ ഇത്തരം കാര്യങ്ങളിൽ ഒന്നും ഒരു അവസാനവാക്കില്ലെന്നും നമ്മളെ സ്വയം തിരയുന്ന വഴികളിൽ ധാരണകൾ പലകുറി മാറിവരുന്നു എന്നും പറയുന്നിടത്താണ് ശ്രീനിവാസൻ ചിന്തയുടെ മർമ്മം. 'വാക്കാണ് ഏറ്റവും വലിയ സത്യം' എന്ന് പറഞ്ഞ മൊയ്തീനിലല്ല (എന്ന് നിന്റെ മൊയ്തീനിലെ നായക കഥാപാത്രം) വാക്കുമാറ്റം വളർച്ചയുടെ ഭാഗമാണ് എന്ന് പ്രഖ്യാപിച്ച മുണ്ടശ്ശേരിയിലാണ് ശ്രീനിവാസൻ കുടികൊള്ളുന്നത് എന്ന് സാരം.

ചിന്താവിഷ്ടയായ ശ്യാമളയുടെ എൻഡ് ലൈനിൽ വിജയൻ മാഷ് കുട്ടികളോട് പറയുന്നത് ഇങ്ങനെയാണ്. 'എല്ലാ കല്ലിലും ശില്പമുണ്ട്. നാമതറിയുന്നത് ഒരു ശില്പി അയാളുടെ പണിയായുധങ്ങളുപയോഗിച്ച് ആ കല്ലിൽ നിന്ന് ശില്പത്തെ വേർതിരിച്ചെടുക്കുമ്പോഴാണ്. നമ്മുടെ അറിവില്ലായ്മകളിൽ നിന്ന് നമ്മുടെ തെറ്റുകളിൽ നിന്ന് നമ്മുടെ നന്മകളെ തിരഞ്ഞെടുക്കുന്ന ശില്പി നമ്മുടെ തന്നെ അനുഭവങ്ങളാണ്. ജീവിതത്തിന്റെ ഓരോഘട്ടങ്ങളിലും ഓരോതരം ആശയങ്ങൾ നമ്മളിൽ സ്വാധീനം ചെലുത്തും. ഒരു പ്രായത്തിൽ നമ്മൾ വിപ്ലവകാരിയാവും. രക്ഷിതാക്കളെ എതിർക്കും. ദൈവത്തെ നിഷേധിക്കും. യുക്തിവാദിയാകും. പിന്നീട് എപ്പോഴെങ്കിലും നമ്മൾ ദൈവവിശ്വാസിയായേക്കാം. പിന്നെ ഒരു ഘട്ടത്തിൽ അതും വേണ്ടെന്ന് വയ്ക്കും. അങ്ങനെ മാറിയും തിരിഞ്ഞുമൊക്കെയാണ് നമ്മൾ നമ്മളാകുന്നത്.'

സന്ദേശം (1991) ശ്രീനിവാസനെ അരാഷ്ട്രീയവാദിയെന്ന് മുദ്ര ചാർത്തിയ സിനിമയാണ്. പ്രകാശനും പ്രഭാകരനും നയിച്ച കക്ഷിരാഷ്ട്രീയ പ്രസ്ഥാനങ്ങൾ നമ്മുടെ മുഖ്യധാരാരാഷ്ട്രീയപാർട്ടികളുടെ ക്യാരിക്കേച്ചറുകളാണ് എന്ന് ഭൂരിഭാഗം പേരും തിരിച്ചറിഞ്ഞില്ല. യഥാർഥത്തിൽ പ്രകാശന്റെയും പ്രഭാകരന്റെയും അച്ഛനാണ് ആ സിനിമയിലെ കേന്ദ്രബിന്ദു. ആ കേന്ദ്രബിന്ദുവിൽ നിന്ന് സിനിമയെ കാണാനാകാത്തതിന്റെ വിവരദോഷമാണ് സന്ദേശകാഴ്ചയെ അരാഷ്ട്രീയദോഷൈകദൃക്കാക്കിയത്. അഴിമതിക്കാരായ രാഷ്ട്രീയക്കാരെയും തങ്ങളുടെ സ്വാർഥതയ്ക്കും കാര്യസാധ്യത്തിനും വേണ്ടി അവർക്ക് കണിവയ്ക്കുന്ന പൊതുപൗരനെയുമാണ് സന്ദേശത്തിൽ ശ്രീനിവാസൻ വിമർശിച്ചത്. 'മനുഷ്യത്വം'- ശ്രീനിവാസൻ സിനിമകളിലെ സന്ദേശം അത് ഒന്നേയുള്ളൂ. ■



# ജീവനും ആരോഗ്യത്തിനും കാവൽ

പ്രവാസിക്ഷേമത്തിനായി ഒരു പുതിയ ചുവടുകൂടി വെക്കുകയാണ് കേരള സർക്കാർ. ഏറെ കാലമായി പ്രവാസികേരളീയരുടെ പ്രധാന ആവശ്യങ്ങളിലൊന്നായിരുന്നു സമഗ്രമായ ആരോഗ്യ, അപകട ഇൻഷുറൻസ് പരിരക്ഷ എന്നത്. ലോക കേരള സഭയിൽ ഉൾപ്പെടെ ഉയർന്ന ഈ ആശയത്തിന്റെ സാക്ഷാത്ക്കാരമാണ് നോർക്ക കെയർ പദ്ധതി. കേരളീയ പ്രവാസികൾക്കും കുടുംബങ്ങൾക്കുമായി സംസ്ഥാന സർക്കാർ നോർക്ക റൂട്ട്സ് വഴി നടപ്പാക്കുന്ന സമഗ്ര ആരോഗ്യ അപകട ഇൻഷുറൻസ് പദ്ധതിയാണ് നോർക്ക കെയർ. ലോകത്തെമ്പാടുമുള്ള പ്രവാസികേരളീയരുടെ സുരക്ഷയ്ക്കും ക്ഷേമത്തിനും സംസ്ഥാന സർക്കാർ നൽകുന്ന പ്രതിബദ്ധതയുടെ തെളിവുകൂടിയാണ് നോർക്ക കെയർ.

സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ ആണ് എൻറോൾമെന്റ്. എൻറോൾമെന്റ് പൂർത്തിയാക്കിയവർക്കുള്ള പരിരക്ഷ 2025 നവംബർ 01 മുതൽ നിലവിൽ വന്നു. പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം 2025 സെപ്റ്റംബർ 22 ന് തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. രാജ്യത്താദ്യമായാണ് പ്രവാസികൾക്കായി ഒരു സംസ്ഥാന സർക്കാർ സമാനതകളില്ലാത്ത ഇത്തരമൊരു ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നത്.

## ക്യാഷ്‌ലസ് ചികിത്സ

ഇന്ത്യയിലുടനീളം 18,000-ത്തിലധികം ആശുപത്രികളിൽ ക്യാഷ്‌ലസ് ചികിത്സ

കേരളത്തിലെ 500 ലധികം ആശുപത്രികളിൽ

## പദ്ധതിയെക്കുറിച്ച്

കേരളത്തിനു പുറത്ത് ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലുമുള്ള പ്രവാസി കേരളീയർക്കും അവരുടെ കുടുംബങ്ങൾക്കും വേണ്ടി രൂപകൽപ്പന ചെയ്തിട്ടുള്ള സമഗ്ര ആരോഗ്യ, അപകട ഇൻഷുറൻസ് പരിരക്ഷയാണ് നോർക്ക കെയർ.

## ആർക്കൊക്കെ അപേക്ഷിക്കാം

സാധുവായ നോർക്ക പ്രവാസി ഐഡി കാർഡ് ഉള്ള പ്രവാസി കേരളീയർക്ക്

വിദേശത്ത് പഠിക്കുന്ന നോർക്ക സ്റ്റുഡന്റ് ഐഡി കാർഡ് ഉള്ള കേരളീയരായ വിദ്യാർഥികൾ

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലുള്ള എൻ.ആർ.കെ ഐ,ഡി കാർഡുള്ള പ്രവാസി കേരളീയർക്ക്

ആരോഗ്യ ഇൻഷുറൻസ് - ഗ്രൂപ്പ് മെഡിക്ലെയിം പോളിസി

ഇൻഷുറൻസ് പരിരക്ഷ: ₹5,00,000 (രോഗാടിസ്ഥാനത്തിലുള്ള നിയന്ത്രണങ്ങളോടെ)

ഇൻഷുറൻസ് പ്രീമിയം (ജി.എസ്.ടി ഉൾപ്പെടെ)

ഫാമിലി ഫ്ലോട്ടർ-ഭർത്താവ്/ഭാര്യ + 25 വയസ്സുവരെയുള്ള രണ്ടു മക്കൾ (13, 411 രൂപ)

വ്യക്തിക്ക്- പ്രായപരിധി: 18-70 വയസ്സ് (8101 രൂപ)

അധികമായി ഒരു കുട്ടിയ്ക്ക് (25 വയസ്സിൽ താഴെ) 4130 രൂപ

പോളിസിയുടെ കാലാവധി: 1 വർഷം (പുതുക്കാവുന്നതാണ്)

## ആനുകൂല്യങ്ങൾ

റൂം വാടക: ഇൻഷുറൻസ് തുകയുടെ 1%

ഐസിയു ചാർജുകൾ: 2%

പ്രീ ഹോസ്പിറ്റലൈസേഷൻ: 30 ദിവസത്തെ ചെലവുകൾ

ആശുപത്രിയിലായശേഷം: 60 ദിവസത്തെ ചെലവുകൾ

മെഡിക്കൽ മാനേജ്മെന്റ്: ഓരോ കേസിനും ₹25,000 വരെ

ഡേ കെയർ ചികിത്സകൾ: ഉൾപ്പെടുത്തിയിട്ടുണ്ട്

സബ്-ലിമിറ്റുകളോ, കോ-പേയോ, അസുഖ പരിധിയോ ഇല്ല.

അപകട ഇൻഷുറൻസ് - ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് പോളിസി (10 ലക്ഷം രൂപ)

## പരിരക്ഷ

മരണം: 100% ക്യാപിറ്റൽ ഇൻഷുറൻസ് തുക + റിപ്പാട്രിയേഷൻ (ഇന്ത്യയിൽ: ₹25,000 / വിദേശത്ത്: ₹50,000)

സ്ഥിരമോ പൂർണ്ണമോ ആയ ശാരീരിക വൈകല്യം: 100%

സ്ഥിരമോ ഭാഗികമോ ആയ ശാരീരിക വൈകല്യം: പോളിസി ഷെഡ്യൂൾ പ്രകാരം

നോർക്ക കെയർ ഹൈലൈറ്റുകൾ

നിലവിലുള്ള രോഗങ്ങൾക്കും പരിരക്ഷ

കാത്തിരിപ്പ് സമയം ഇല്ല (30 ദിവസം)

ക്ലെയിം സമർപ്പിക്കാൻ 60 ദിവസം വരെ സമയം

ഇന്ത്യയിലുടനീളം 14000 ത്തോളം ആശുപത്രികളിൽ ക്യാഷ്‌ലസ് സേവനം

> പ്രവാസി കേരളീയർക്കായുള്ള സമഗ്ര ആരോഗ്യ, അപകട ഇൻഷുറൻസ് പദ്ധതി (അഞ്ചു ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷുറൻസും 10 ലക്ഷം രൂപയുടെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് പരിരക്ഷയും)

## രജിസ്റ്റർ ചെയ്യുന്നത് എങ്ങനെ

**വ്യക്തിഗത രജിസ്ട്രേഷൻ**

norkaroots.kerala.gov.in സന്ദർശിക്കുക അല്ലെങ്കിൽ NORKA CARE മൊബൈൽ ആപ്പ് (Android & iOS) ഉപയോഗിക്കുക.

**ഗ്രൂപ്പ് രജിസ്ട്രേഷൻ**

NORKA അംഗീകരിച്ച പ്രവാസി സംഘടനകളിലൂടെ. നിലവിൽ അംഗീകാരമില്ലാത്ത പ്രവാസി സംഘടനകൾക്ക് മാസ്സ് എൻറോൾമെന്റിനായി താൽക്കാലിക ഐഡി നമ്പർ (നിബന്ധനകൾക്ക് വിധേയമായി) നൽകുന്നതാണ്.

**കോർപ്പറേറ്റ് ക്ലയന്റുകൾ മുഖേന**

വിദേശത്ത് പ്രവാസികേരളീയർ ജോലിചെയ്യുന്ന കമ്പനികൾക്കായി പ്രത്യേക രജിസ്ട്രേഷൻ സൗകര്യം.


നവകേരളം
നമുക്ക്
നിശ്ചയിക്കാം
കേരളത്തിന്റെ ഭാവി
വികസനപദ്ധതികൾ
താങ്കൾക്ക് നിർദ്ദേശിക്കാം
നവകേരള
വികസന ക്ഷേമ
പഠനപരിപാടി
ജനുവരി 1 - ഫെബ്രുവരി 28
സന്നദ്ധ
പ്രവർത്തകർ
വീടുകളിലെത്തുന്നു

Date of Publication: **01.01.2026** KERMAL2014/58028 Price: **12.00** Reg. No. KL/TV(N)/660/2022-2024




Printed and Published by T V Subhash IAS, Director, Information Public Relations Department of behalf of Government of Kerala
and Printed at Akshra Offset, Thiruvananthapuram, Kerala. Published from Information Public Relations Department, Govt. of Kerala
Government Secretariat, Thiruvananthapuram 695001. Editor: TV Subhash IAS